UNIVERSITY LIBRARY
18 AUG. 1931
MADRAS

# കൈരളി

പുസ്തകം ൧൬ | ൧൧൦൬ മിഥുനം | ലക്കം ൯

## "ചിത്രശാല."

(ഒരാസ്വാദനം)

### I

ഒരു മഹാസമരം നടക്കുകയാണു്; ഒരു ഭാഗത്തു പാശ്ചാത്യസംസ്കാരം: മറുഭാഗത്തു പൌരസ്ത്യസംസ്കാരം. പരശ്ശതം വർഷം കഴിഞ്ഞു പടക്കളത്തിൽ ഇറങ്ങിയിട്ടു്. ഇനിയും വിജയം ഏതു പക്ഷത്തെയാണു് ആലിംഗനം ചെയ്യുക എന്നു നിശ്ചയിക്കാറായിട്ടില്ല. ആരംഭത്തിൽ പാശ്ചാത്യസംസ്കാരത്തിനായിരുന്നു കയ്യേററം. എന്നാൽ ഇതാ, അതിന്റെ പ്രതിദ്വന്ദ്വി ഒന്നുകിൽ മരണം അല്ലെങ്കിൽ വിജയം എന്നു പിടിമുറുക്കിത്തുടങ്ങിയിരിക്കുന്നു. ജപ്പാനിൽ വെച്ചും, ചൈനയിൽ വെച്ചും പാശ്ചാത്യസംസ്കാരത്തിന്റെ അഹംഭാവജന്യമായ അവിവേകത്തിനു പരാജയം പററി. ഇൻഡ്യയിൽ വെച്ചാണു് അതിന്റെ വലിയ തോൽവി വരാനിരിക്കുന്നതെന്നു തോന്നുന്നു. ഒന്നു നിശ്ചയമാണു്:—രണ്ടുപേരും നശിക്കേണ്ടവരല്ല. ബലമറിഞ്ഞശേഷം കൈകോർത്തു പിടിച്ചു ചിരിച്ചു നില്ക്കേണ്ടവരാണു്: ഈ പരമാർത്ഥം അറിയാതെ ഓരോ പക്ഷത്തിന്റേയും അഭ്യുദയം ആഗ്രഹിക്കുന്നവർ ഇതരപക്ഷത്തെ പരിഹസിക്കുന്നുണ്ടു്. അമേരിക്കയിൽനിന്നു പൌരസ്ത്യസംസ്കാരത്തിനെ ഉച്ചൈസ്സ്വരം അധിക്ഷേപിക്കുന്ന ഒരു ഗർജ്ജനം അടുത്ത കാലത്തു കേൾക്കുകയുണ്ടായി. 'Mother India.'

അർദ്ധസത്യങ്ങളും, അസത്യങ്ങളും, സത്യാഭാസങ്ങളുംകൊണ്ടു നിറഞ്ഞ ആ ഗ്രന്ഥം ഭാരതഖണ്ഡത്തിൽ ഉള്ള ഏതേതിനെ പരിഹസിച്ചിട്ടില്ല!. ആരാരെ നിന്ദിച്ചിട്ടില്ല! ഭാരതീയമതം, ഭാരതീയാചാരം, ഭാരതീയസ്ത്രീജനം, ഭാരതീയ സ്വാതന്ത്ര്യേച്ഛ, ഭാരതീയസ്ഥാപനം, എല്ലാം

അധിക്ഷിപ്തമായിരിക്കുന്നു. പ്രശാന്തമായാലും ഭാരതഹൃദയം എങ്ങിനെ പ്രക്ഷുബ്ധമാകാതിരിക്കും? ഭാരതസ്ത്രീകളെപ്പററിയുള്ള അധിക്ഷേപമാണ് അതിദുസ്സഹം. അതിന്ന് ലഘുവായ ഒരു സമാധാനമാണു മഹാ കവി ഉള്ളൂരിൻെറ 'ചിത്രശാല' എന്ന ഖണ്ഡകാവ്യം.

ഇൻഡ്യയുടെ ദൃഷ്ടിയിൽ രണ്ടമേരിക്കയുണ്ട്; പൌരസ്ത്യരാജ്യങ്ങളുടെ ഉന്നമനത്തിൽ ആഗ്രഹവും, പൌരസ്ത്യാദർശങ്ങളിൽ ആദരവും ഉള്ള അമേരിക്ക: പൌരസ്ത്യരാജ്യങ്ങളുടെ അധഃപതനത്തിൽ ആനന്ദവും, പൌരസ്ത്യാദർശങ്ങളിൽ നിന്ദയും ഉള്ള അമേരിക്ക. അതിൽ രണ്ടാമത്തേതിൻെറ സഹസ്രതാഡമായ പൊട്ടിച്ചിരിയാണ് 'Mother India' എന്ന ഗ്രന്ഥം. അജ്ഞതാജന്യമായ ദർപ്പമാണു വാസ്തവത്തിൽ അതിൻെറ അമ്മ. ഭാരതഖണ്ഡത്തെ അഭിസംബോധനം ചെയ്തുകൊണ്ടു നമ്മുടെ സ്ത്രീലോകത്തെ ഗ്രന്ഥകർത്രി ഏതാണ്ടു ഇങ്ങനെ അധിക്ഷേപിക്കുന്നു;—

"ഭാരതക്ഷ്മേ! നിൻെറ പെൺമക്കളെടുക്കള-
ക്കാരികൾ, വീടാംകൂട്ടിൽക്കുടുങ്ങും തത്തമ്മകൾ,
നരന്നു ഗർഭാധാനപത്രങ്ങളാജന്മാന്തം
പരതന്ത്രകൾ, പശുപ്രായകളബലകൾ,
ആടയും പണ്ടങ്ങളും കൊണ്ടു മെയ്യാകെക്കൂടി
മൂടിനയന്ത്രക്കളിപ്പാവകൾ വരാകികൾ;
എങ്ങവർ പതിതകൾ സഹധർമ്മിണീഗൃഹ-
മങ്ഗലദേവതാദി നാമങ്ങൾക്കനർഹകൾ?
ഭാതക്ഷ്മേ! ഹാ! നിൻലാളനം തനിക്കുന്നു
പൂരുഷന്മാരിൽ; നീയും സ്ത്രീകൾക്കു മാതാവാമോ?"

ആ വൈദേശികയുടെ ആക്ഷേപങ്ങളെ മഹാകവി പൂർവ്വപക്ഷമായി ഇങ്ങിനെ സംഗ്രഹിച്ചിരിക്കുകയാണ്. പരിശുദ്ധമായ ഭാരതസ്ത്രീത്വത്തെ മലിനമലിനമാക്കി കാണിക്കുന്ന ഈ അഭിപ്രായം ഉൽഗമിച്ച ഹൃദയത്തിൻെറ അജ്ഞത അനുകമ്പനീയംതന്നെ.

"അപൽവും ധരിച്ചോളല്ലമ്മതൻ പരമാർത്ഥ-
മപ്പൂച്ചപ്പരിഷ്കാരക്കാരിയാം ചട്ടക്കാരി"

എന്ന് അഭിമാനമുള്ള ഏതു ഭാരതീയനും വ്യക്തമാക്കേണ്ടതാണല്ലൊ.

പരമോൽകൃഷ്ടമാണെന്ന് സ്വയം അഭിമാനിക്കുകയും, പരന്മാരെക്കൊണ്ടു വിശ്വസിപ്പിക്കുവാൻ യത്നിക്കയും ചെയ്യുന്ന പാശ്ചാത്യസംസ്കാരം ജനിക്കുന്നതിന്ന് എത്രയോശതവർഷങ്ങൾക്കുമുൻപു വിശ്വോത്തരമായ ഒരു സംസ്കാരരത്നം വിളഞ്ഞ ആകരമാണ് നമ്മുടെ ആർഷഭൂമി.

ആസ്പദരഹിതമായ ദോഷാരോപം കേട്ടാൽ അവൾക്ക് അനുകമ്പാമിശ്രമായ ഒരു വിഷാദം എങ്ങിനെ ജനിക്കാതിരിക്കും. ഇൻഡ്യ വിഷാദിക്കുകയാണ്, കവിപറയുന്നു,

"ഹന്ത! ഞാൻ പെൺമക്കളിൽ പ്രീതിയില്ലാത്തോൾ പോലു-
മെന്തബദ്ധമിക്കുട്ടി ധാർഷ്ട്യത്താൽ പുലമ്പിപ്പോയ്!
ആനഖാന്തവും പിന്നെ യാശിഖാന്തവും വാമ്യം
നീ നിൻെറ മുററം തുത്താലെത്രനന്നതെൻവത്സേ"

എന്നു ക്ഷമാവതിയും, സൌമ്യയും, വിജ്ഞയും ആയ ആർഷഭൂമിയുടെ ആശയത്തിന് അനുരൂപമാണ് ഈ വിചാരം എന്നു ആരാണ് സമ്മതിക്കാത്തത്? ഭാരതഹൃദയത്തെക്കുറിച്ച് മഹാകവി വളരെ അഭിമാന[illegible]യാണ് സ്മരിക്കുന്നത്.

പാശ്ചാത്യ[illegible]ന്ന് സമുദായ പരിഷ്കാരികളുടെ പ്രസംഗപരമ്പരയും, സാഹിത്യകാരന്മാരുടെ നോവലുകളും ഇൻഡ്യയിലേയ്ക്കു പ്രവഹിക്കുന്നതിനു മുൻപ്, എത്രയോമുൻപു, ഭാരതീയർ സ്ത്രീത്വത്തിൻെറ മഹനീയത മനസ്സിലാക്കിയിട്ടുണ്ട്, സ്ത്രീത്വത്തിന് മഹനീയമായ ഒരാദർശം പ്രതിഷ്ഠാപിച്ചിട്ടുണ്ട്. ഭാരതീയസ്ത്രീ പുരുഷനോടു ഏതിലും മത്സരിക്കുന്ന ഒരു ഭയങ്കരസത്വമല്ല; പുരുഷനെ സഹായിച്ചുകൊണ്ടു ലോകപുരോഗതിക്കു യത്നിക്കുന്ന ഒരു സൌമ്യയായ ദേവിയാണ്. ഈ പരമാർത്ഥം കാണിച്ചു കൊടുക്കുവാനത്രെ ഈ "ചിത്രശാല" രചിച്ചിട്ടുള്ളത്.

മഹാകവി എന്തിനാണ് ചരിത്രനായികമാരെ ഉപേക്ഷിച്ചു പുരാണനായികമാരെ സ്ത്രീത്വമഹത്വ നിദർശനങ്ങളായി സ്വീകരിച്ചത്. വീരമാതൃത്വം, ചാരിത്രശുദ്ധി, പാണ്ഡിത്യം, പരാക്രമം മുതലായ ഗുണങ്ങൾക്കു ചരിത്രത്തിൽതന്നെ ധാരാളം ഉദാഹരണങ്ങളുണ്ട്. സാമാന്യജനങ്ങളോടു അധികം സാമീപ്യമുള്ള അവരുടെ ചിത്രത്തിലാണ് ഭാവനയുടെ തൂലികയ്ക്കു് അധികം ആകർഷകമായവിധത്തിൽ വിഹരിക്കുവാൻ സൌകര്യവും. അതിപ്രാചീനകാലത്തുതന്നെ നമ്മുടെ സ്ത്രീത്വമാതൃക സർവ്വശ്ലാഘ്യമായിരുന്നു എന്നു കാണിക്കുവാൻ പൌരാണികനായികമാരുടെ ജീവിതമാണ് അധികം ഉചിതമായിരിക്കുക എന്നായിരിക്കണം ഈ സംശയത്തിനു സമാധാനം.

പ്രകൃത "ചിത്രശാല"യെ ഉൽഘാടനം ചെയ്യുന്നതും ഇതിലെ ചിത്രങ്ങളെ പരിചയപ്പെടുത്തുന്നതും ഒരു വെറും മനുഷ്യനല്ല. ഭാരതസംസ്കാരത്തിൻെറ ഭണ്ഡാഗാരമായ മഹാഭാരതം എന്ന ഇതിഹാസ ഗ്രന്ഥം രചിച്ച മഹാത്മാവായ വ്യാസനെയാണ് പ്രിയശിഷ്യനും ഭക്തനും ആ

യ മഹാകവി ആ മഹനീയകൃത്യത്തിന് ആനയിച്ചിരിക്കുന്നതു്. പുരാണനായികമാരുടെ പുണ്യദൎശനമായ മുഖങ്ങളിൽനോക്കുവാൻ മററാരാണ് അൎഹൻ? മഹൎഷിയെ കവി ഇങ്ങനെ പരിചയപ്പെടുത്തുന്നു:—

"ഹിമവൽപൎവ്വതത്തിൽ നിവസിക്കുന്നുണ്ടൊരു
സമലോഷ്ടാശ്മജാംബൂനദനാം തപോധനൻ,
അരയപ്പെൺപൈതലിൻ മകനായ്പിറന്നു നാ-
ന്മറകൾ പകുക്കുവാൻ സാധിച്ച മഹാഭാഗൻ;

*            *            *

അന്യനെ സ്നേഹിപ്പതേ പുണ്യമൊന്നവനിയി-
ലന്യനെ ദ്വേഷിപ്പതേ പാപമെന്നരുൾ ചെയ്യോൻ;
കൃത്സ്നമാം പുണ്യത്തിനാൽ ഭാരതാം[illegible]
കൃഷ്ണദ്വൈപായനാഖ്യ[illegible]ക്കൊള്ളും മഹാമുനി.
ക്ഷോണിതാൻ കുടുംബമശ്ശോഭനന്നാദ്ധ്യാത്മിക-
ജ്ഞാനംതാൻ ഭണ്ഡാഗാരം, മുക്തിതാൻ സധൎമ്മിണി."

അനേകായിരം വൎഷങ്ങൾക്കുമുമ്പു ഈ നാട്ടിലെ ഒരു വെറും മുക്കുവത്തിപെററ ആ ബ്രഹ്മൎഷി, അമേരിക്കയുടെ നേരെ തുറന്നിടുന്ന ആ പണ്ടത്തെ ചിത്രശാലയിലേയ്ക്കു് നോക്കുമ്പോൾ ആരുടെ കൈകളാണ് മുകുളിതമാവാത്തതു്? എത്ര ദേവിമാരാണവിടെ? ജീവിതശുദ്ധികൊണ്ടു കേവല സ്ത്രീത്വത്തിൽ ദേവീത്വം പ്രാപിച്ചവരല്ലേ അവരെല്ലാം? പുരാണ ചിത്രങ്ങളിലെ മങ്ങിയ രേഖകൾക്ക് സ്വഭാവനകൊണ്ടു നിറം കൂട്ടുകമാത്രമേ കവി ചെയ്തിട്ടുള്ളു. പ്രഥമാലേഖ്യത്തിലെ ഹൈമവതി സാത്വികമായ പ്രണയത്തിൻെറ വിജയമാണ് വിളംബരം ചെയ്യുന്നതു്.

"പൂവൽ മേനിപ്പുറത്തൊലിപ്പുമൃകൊണ്ടു മയങ്ങുന്ന
കേവലനാം വിടനല്ല ദേവൻ ഗിരിശൻ"

എന്നു ധരിച്ച് സൌന്ദൎയ്യദൎപ്പം ഉപേക്ഷിച്ച് തപസ്സിൽ വരഞ്ഞു് പ്രണയത്തിനു വിലയും നിറവുംകൂട്ടി അദ്ദേഹത്തിൻെറ ഹൃദയം അധീനമാക്കിയ ദേവിതന്നെയാണ് ഭാരതീയ വധുക്കളുടെ പ്രേമാദൎശം.

"പ്രേമമാകും ദിവ്യജ്യോതിസ്സന്തർവേദി പ്രതിഷ്ഠിതാ-
മാമിഷാശമാത്രം ഹാ, തദാഭാസം."

എന്നാണ് ആ ചിത്രം അമേരിക്കയെ പഠിപ്പിക്കുന്ന പുതിയ പാഠം.

വിദ്വാൻ ജി. ശങ്കരക്കുറുപ്പ്.

---

# അഴിമുഖം.

(വഞ്ചിപ്പാട്ട്)

ഇതുവരെ യകലേസ്ത്തായൊഴിഞ്ഞു മാറിയമട്ടി-
ലൊതുങ്ങിയിരുന്നു നോക്കിയിട്ടു മിരുട്ടിൻ,
മറിമായം നടത്തുന്ന ഭയങ്കരവാഴ്ച കണ്ടി-
ട്ടറിയാതാ വാനിൻ കടക്കണ്ണു ചുവന്നു!
ഒട്ടുമിനി നിൽക്കേണ്ടിരുട്ടേ,യതാ, സത്യനാളം
ചുട്ടുതുടങ്ങി നിൻ നീലപ്പട്ടു കൂടാരം!
കെട്ടുകെട്ടു വേഗം, വെളിപ്പെട്ടു നിൻകൺകെട്ടു, പുറ-
പ്പെട്ടുനി[illegible]നേക്കുക്കൻ കേറ[illegible]പൊന്മണി രഥം!!
വന്നുദി[illegible]പൊങ്ങിക്കാണായ് വന്ന രണ്ടു സൂര്യന്മാരി-
ലൊന്നു സാക്ഷാൽ സൂര്യൻ, മറ്റേതിന്ത്യതൻസൂര്യൻ
വാനിൻകരവൂകാൻ പുറപ്പെട്ടു വിണ്ടലപ്പെരുമാൾ
വാരാശി തൻ കരവൂകാൻ ശ്രീഗാന്ധിജിയും!
ഒരാവൃത്തികൂടികണ്ണുകൊണ്ടു കണ്ടാൾഭൂമി, സത്യ-
കിരീടം ചാർത്തി യരുളും രാമചന്ദ്രനെ!
ദിക്കോരോന്നുമായിട്ടെട്ടുമുഴറേറാടെയെത്തിനോക്കി
നിൽക്കുന്നിതാ, കലിയിലെ ത്രേതായുഗത്തെ!
വിണ്ണിന്നുന്നായ് നിൽക്കുന്നോരു ഹിമാലയമിന്ത്യാഭൂവി-
ലൊന്നാണത്രെ; യതുഭൂമിശാസ്ത്രത്തിൻ നുണ
തെററതിരുത്താട്ടെ—രണ്ടുഹിമാലയ—മൊന്നു സാക്ഷാൽ
മറേറതോയിസ്സതപശ്ശുഭ്രമൂർത്തി ഗാന്ധിജി!
പിച്ചയല്ല, പിച്ചയല്ല കർമ്മഭൂവിന്നതിൻകൈയിൽ
സ്വച്ഛാനർഘരത്നം—ഗാന്ധിരത്നമിരിക്കെ;
ഉച്ചസ്വരമുൽഘോഷിപ്പിനിന്നു നമുക്കുള്ള നില
മെച്ചംതന്നെ; യിന്നുധന്യാൽ ധന്യം ഭാരതം!
ഒരു പാതിവിരിഞ്ഞുള്ള ഭാരതത്തിൻ ഭാഗ്യംപോല-
ത്തിരുനെററി തന്നിൽത്തൊട്ട സിന്ദൂരപ്പൊട്ടേ,
അക്രമാദ്ധ്യായത്തിൻ പൂർണ്ണവിരാമമേ, ഭവാനെയി-
ങ്ങുൽഗ്ഗമിച്ചോരുദയത്തിൻ നവ്യാരുണനായ്
കരുതിപ്പൂങ്കൊഞ്ചലിനാ ലച്ചിച്ചീടും തൻപട്ടിലും
ചിറകുവിരുത്തിപ്പാടും കാലചരിത്രം!!

തന്തിരുമേനി തൻപൊന്നു കഴലൂന്നാൻ, താൻതാൻ നെയ്ത
ചെന്തളിർച്ചെമ്പട്ടു വഴിനീളെ വിരിച്ചു
നല്ലനല്ല ഫലങ്ങളുമെടുത്തിരുവശത്തുമായ്
സോല്ലാസം നിന്നിരുന്നോരാഗ്രാമവൃക്ഷങ്ങൾ!
തുലുതുറവകൊണ്ടിരുന്നു നേത്തുവരുമുറവുക-
ളാലേമുഖശ്രീകോലുന്ന നാട്ടിൻ പുറങ്ങൾ!
ഭവ്യമാമൊരിളംതെന്നൽ ഭംഗ്യാവീശിസ്സേവിച്ചാന-
ന്നവ്യലോകസാമ്രാജ്യത്തിൽ സാവ്വഭൌമനേ!
സൂക്ഷ്മമായിനോക്കി നിന്നാരത്ഭുതപൂമാനെ മററു-
മഞ്ജിമണൽ ത്തിട്ടിലത്തെ മണൽത്തരികൾ,
സമുദ്രവും സമുദ്രവും ചേരുമഴിമുഖമിതു
നമുക്കിജ്ജന്മത്തിലൊരു പുതുതാം കാഴ്ച;
സമുദ്രസാഹ്ലാദത്തോടെ വന്നെതിരേററതാമുപ്പു,
സമുദ്രമൊന്നു; മറേറതോ ഗാന്ധിസമുദ്രം!!
അനവധി കാലത്തോളം കയ്യൂക്കിട്ടു ചവുട്ടിട്ടു-
മനങ്ങാതമന്നിരുന്ന ലോകമൊറെറാരാൾ,
ഇത്തിരിപ്പോന്നുള്ളൊരോടമുളവടിയെടുത്തൊന്നു
കുത്തിയപ്പോൾ കിടന്നു കുലുങ്ങിപ്പോയില്ലേ?.

പി. കുഞ്ഞിരാമൻ നായർ.

---

# കാലതത്വം.

പദാത്ഥനിരൂപണത്തിനു പ്രാധാന്യമുള്ളതു വൈശേഷികശാസ്ത്രത്തിലാകുന്നു. കണാദമഹഷിയാണ് ആ ശാസ്ത്രത്തിൻെറ ആദികത്താവെന്നാണ വെച്ചിട്ടുള്ളതു്. പലവിഷയങ്ങളിലും വൈശേഷികശാസ്ത്രത്തോടു സാമ്യമുള്ള ന്യായശാസ്ത്രത്തിൻെറ പ്രണേതാവു ഗൌതമമഹഷിയാകുന്നു. വൈശേഷികശാസ്ത്രത്തിലേയും ന്യായശാസ്ത്രത്തിലേയും സാരങ്ങളെ സംഗ്രഹിച്ചു "മണി" എന്നു പേരായ ഒരു ഗ്രന്ഥം ഗംഗേശോപാദ്ധ്യായൻ ഉണ്ടാക്കി. ഈ മണിഗ്രന്ഥമാണ് ഇപ്പോൾ പഠിച്ചു വരുന്ന തക്കശാസ്ത്രത്തിൻെറ മൂലം. തക്കശാസ്ത്രദൃഷ്ട്യാകാലതത്വം എന്താണെന്നാണിവിടെ ചിന്തിക്കുവാൻ പോകുന്നതു്.

പഞ്ചഭൂതങ്ങൾ, കാലം, ദിക്ക്, ആത്മാവ്, മനസ്സ് ഇങ്ങനെ ഒമ്പതു ദ്രവ്യങ്ങളുണ്ട്. ദ്രവ്യമെന്നാൽ ഗുണത്തിനും കമ്മത്തിനും ആ

ശ്രയമായിട്ടുള്ളതെന്നൎത്ഥമാകുന്നു. പൃത്ഥ്വി, അപ്പ്, തേജസ്സ്, വായു ഇവയുടെ പരമാണുക്കൾ നിത്യപദാൎത്ഥങ്ങളാകുന്നു. ആകാശം, കാലം, ദിക്ക്, ആത്മാവ് ഇവനാലും വിഭുക്കളും നിത്യങ്ങളുമാണ്. "സൎവ്വമൂൎത്തദ്രവ്യസംയോഗിത്വം" വിഭുത്വമാകുന്നു. അതായതു ചലനമുള്ള പദാൎത്ഥങ്ങളോടെല്ലാം ഏതൊരു വസ്തു സംയോജിച്ചിരിക്കുന്നുവോ ആ വസ്തു വിഭുവാകുന്നു. ലോകത്തിലുള്ള ചലനമുള്ള സകല പദാൎത്ഥങ്ങളോടും ആകാശം, കാലം, ദിക്ക്, ആത്മാവ് എന്നിവ സംയോജിച്ചിരിക്കുന്നതിനാൽ ആകാശം മുതലായവ വിഭുക്കളാകുന്നു. ആകാശത്തിന്നുള്ള പ്രത്യേകഗുണം ശബ്ദവും ആത്മാവിന്റെ പ്രത്യേകഗുണങ്ങൾ സുഖദുഃഖം മുതലായവയും ആകുന്നു. കാലത്തിന്നും ദിക്കിന്നും പ്രത്യേകഗുണമൊന്നുമില്ല. വ്യവഹാരത്തിന്റെ ഉപപത്തിക്കായി ദിക്ക്, കാലം എന്ന രണ്ടു ദ്രവ്യങ്ങളെ താൎക്കികന്മാർ (വൈശേഷികശാസ്ത്രത്തിലും ഉണ്ടു) സ്വീകരിക്കുന്നു. ഇന്നലെ, ഇന്നു, നാളെ എന്നിങ്ങനെ നാം വ്യവഹരിക്കാറുണ്ട്. ഇന്നലെ ഇത്യാദി കാലവാചകശബ്ദങ്ങളെക്കൊണ്ട് എന്തൊരൎത്ഥത്തെയാണു വിവക്ഷിക്കുന്നതെന്നു നാം വിചാരിച്ചുനോക്കാറില്ല. ഇവിടെ, അവിടെ ഇത്യാദി ദേശവാചകശബ്ദങ്ങളുടെ നിലയും ഇതുതന്നെയാണ്. ഒരു അൎത്ഥമില്ലാതെ വ്യവഹാരം ഉണ്ടാകുന്നതല്ല. ദിക്കിനെ കാണിക്കുന്ന ശബ്ദംകൊണ്ടും കാലവാചകശബ്ദംകൊണ്ടും വ്യവഹരിക്കപ്പെടുന്ന വസ്തുക്കൾ ക്രമേണ ദിക്കും കാലവുമാണെന്നാണു ശാസ്ത്രസിദ്ധാന്തം. പൂൎവ്വപക്ഷസമാധാനങ്ങളോടുകൂടി ശാസ്ത്രസിദ്ധാന്തങ്ങളെ അല്പംകൂടി വിശദമാക്കട്ടെ.

ഇന്നലെ എന്നു പറയുമ്പോൾ ആ ശബ്ദംകൊണ്ടു കാണിച്ചകാലം അവസാനിച്ചു എന്നു തോന്നുന്നു. നാളെ എന്നു പറയുമ്പോൾ ആ ശബ്ദംകൊണ്ടു കാണിക്കുന്നകാലം വരാൻപോകുന്നതേ ഉള്ളു എന്നു തോന്നുന്നു. അതിനാൽ ഇന്നലെ, നാളെ ഇത്യാദി ശബ്ദങ്ങളുടെ അൎത്ഥങ്ങളെ പൎയ്യാലോചിക്കുമ്പോൾ കാലം അനിത്യമാണെന്നു വരുന്നു. ഇന്നലെ എന്ന ശബ്ദത്തിന്റെ അൎത്ഥമായ കാലം നശിച്ചുപോയി. നാളെ എന്ന ശബ്ദത്തിന്റെ അൎത്ഥമായകാലം ഇനി ഉണ്ടാവുകയും ചെയ്യും. അതുകൊണ്ടു കാലത്തിനു നാശവും ജനനവും ഉണ്ടെന്നു വരുന്നു. ഉല്പത്തിനാശങ്ങളുള്ളവയെല്ലാം അനിത്യപദാൎത്ഥങ്ങളാണ്. ഇങ്ങനെ നോക്കുമ്പോൾ മുമ്പ്, കാലം നിത്യമാണെന്നു പറഞ്ഞതു ശരിയായില്ലല്ലൊ ഇതാണു പൂൎവ്വപക്ഷം. ഈ പൂൎവ്വപക്ഷത്തിന്റെ സമാധാനത്തിൽ വേദാന്തവും നവീനശാസ്ത്രങ്ങളും വരുന്നുണ്ട്. വേദാന്തിയുടെ ഉപാധി

വാദം ഇവിടെ ഉണ്ടു്. അജ്ഞാനമാകുന്ന ഉപാധികൊണ്ടു പരമാത്മാവു തന്നെ ജീവാത്മാവായി കാണപ്പെടുന്നു എന്നാണല്ലോ വേദാന്തിയുടെ സിദ്ധാന്തം. ജീവാത്മാവിന്നുണ്ടാകുന്നു എന്നു വിചാരിക്കുന്ന ജനനമരണങ്ങൾ പരമാത്മാവിന്നുണ്ടാകുന്നു എന്നു മുൻകാണിച്ച സിദ്ധാന്തത്തിൽനിന്നു തെറ്റിദ്ധരിക്കരുതു്. അജ്ഞാനകല്പിതമായിരിക്കുന്ന പ്രകൃതിയിൽ ജനനമരണങ്ങളുണ്ടാകുന്നു. പ്രകൃതിക്കുള്ള ജനനമരണാദ്യവസ്ഥകൾ ജീവാത്മാവിന്നുമുണ്ടാകുന്നു എന്നു നാം തെറ്റിദ്ധരിക്കുന്നു. വാസ്തവത്തിൽ ജീവാത്മാവും പരമാത്മാവും ഒന്നുതന്നെയാകുന്നു. അഖണ്ഡൈകരസമായ ആത്മാവിന്നു യാതൊരു അവസ്ഥാഭേദങ്ങളുമില്ല. വേദാന്തിയുടെ ഈ ഉപാധിവാദത്തെ താൎക്കികൻ ദേശകാലങ്ങളിൽ കൊണ്ടുവരുന്നു,

കാലത്തിന്റെ ഉപാധിചലനവും ദേശത്തിന്റെ ഉപാധിചലനത്തിന്റെ ആശ്രയമായ വസ്തുക്കളും ആകുന്നു. ദേശോപാധിചിന്ത അപ്രകൃതമായതിനാൽ കാലോപാധിയെപ്പറ്റി അല്പംകൂടിവിസ്തരിക്കട്ടെ

താമരപ്പൂവിന്റേയോ മറ്റോ മൃദുവായ രണ്ടു് ഇതളുകൾ ഒന്നിനുമീതെ മറ്റൊന്നായി വെക്കുക. നല്ലമൂൎച്ചയുള്ള സൂചിയുടെ മുനകൊണ്ടു ശക്തിയുള്ള ഒരാൾ ആ ഇതളുകളിൽ കുത്തുക. ഒരു ഇതൾ തുളഞ്ഞു മറ്റേ ഇതളിൽ സ്പൎശിക്കുന്നതിന്റെ മുമ്പിൽ ആ സൂചിയിൽ എന്തൊരു ചലനമാണുണ്ടാവുന്നതു് അതാണു ഒരു ചലനം. സൂൎയ്യൻ സൎവ്വദാ ചലിക്കുന്നുവെന്നു് ഒരു സിദ്ധാന്തം ഹിന്ദുമതഗ്രന്ഥങ്ങളിൽ കാണാറുണ്ടല്ലോ. ഈ സിദ്ധാന്തത്തെ അവലംബിച്ച സൂൎയ്യചലനത്തെ കാലോപാധിയായി പറയുന്നതു തൎക്കഗ്രന്ഥങ്ങളിൽ സാധാരണ കാണാം. സൂൎയ്യൻ മാത്രമല്ല സൎവ്വദാ ചലിക്കുന്നതെന്നു ഹിന്ദുമതഗ്രന്ഥങ്ങളിൽ തന്നെ കാണാം. ദീപം ജ്വലിക്കുമ്പോൾ ദീപജ്വാല പ്രതിക്ഷണം മാറുന്നു. ദീപജ്വാലപോലെ നദിയിൽ പ്രവഹിക്കുന്ന ജലവും ക്ഷണംപ്രതി മാറുന്നു. എങ്കിലും പ്രവഹിക്കുന്ന നദീജലത്തിലും, പ്രതിക്ഷണം മാറിമാറിവരുന്ന ദീപജ്വാലയിലും നമുക്കു് ഏകത്വബോധമുണ്ടു്. ഇതുപോലെയാണു ലൌകികാകൃതിയുള്ള ജഡപദാൎത്ഥങ്ങളിൽ നമുക്കു് ഏകത്വബുദ്ധി ഉണ്ടാവുന്നതു്. നമ്മുടെ ദേഹം, നാലുപുറത്തും നാം കാണുന്ന വസ്തുക്കൾ, ഇവയെല്ലാം ദീപജ്വാലപോലെ സൎവ്വദാ ചലിച്ചും സ്വാവയവങ്ങളിൽ മാറ്റങ്ങൾ വന്നുംകൊണ്ടും ഇരിക്കുന്നു. ഒരു നിമിഷമെങ്കിലും ചലിക്കാതെ ഒരു അനിത്യവസ്തു ഇല്ല. ബുദ്ധിമുതലായവ മനോവികാരങ്ങളുടെ ചചലനങ്ങളാണെന്നു് ഋഗ്വേദത്തിൽ കാണു

നു സൃഷ്ടിയുടെ ആരംഭം ചലനവും പ്രളയത്തിൻെറ ആരംഭം ചലന നാശവുമാണെന്നു് ഉപനിഷദാദിഗ്രന്ഥങ്ങളിൽ കാണാം. ദ്വൈതാവസ്ഥയിലിരിക്കുന്നതെല്ലാം ചലനാശ്രയങ്ങളാണെന്നു പറയാം. ബുദ്ധമതത്തിലെ ഒരു ശാഖക്കാർ ക്ഷണികമതത്തെ സ്വീകരിക്കുന്നുണ്ടു്. സകലപദാൎത്ഥങ്ങളും സൎവ്വദാ ഉണ്ടായും നശിച്ചുംകൊണ്ടിരിക്കുന്നുവെന്നാണു ക്ഷണികമത സിദ്ധാന്തം. എല്ലാടത്തും എല്ലായ്പോഴും നടന്നുകൊണ്ടിരിക്കുന്ന ചലനംതന്നെയാണു ക്ഷണികമതത്തിൻെറ മൂലം. സൃഷ്ടിമുതൽ പ്രളയംവരെ ഇടവിടാതെ എല്ലാടത്തും നടന്നുകൊണ്ടിരിക്കുന്ന ഈ ചലനമാണു കാലോപാധി.

ഒരു ദിവസമെന്നാൽ ഒരു ചലനസമൂഹമാണു്. ദിവസത്തേക്കാൾ മുപ്പതു് ഇരട്ടി വലിയ ചലന സമൂഹം ഒരു മാസമാകുന്നു. ആഴ്ചവട്ടം മുതലായ കാലാവയവങ്ങളെത്തന്നെ ചലനസമൂഹങ്ങളായി അറിയേണ്ടതാണു്. ചലനം കാലോപാധിയും, ചലനാശ്രയം ദിക്കിൻെറ ഉപാധിയുമാണെന്നു മുമ്പു പറയുകയുണ്ടായി. ആ സിദ്ധാന്തം സാൎവ്വത്രികമല്ല. ചലനാശ്രയങ്ങളായ വസ്തുക്കളെ കാലോപാധിയായിപ്പറയുന്നതു തൎക്കഗ്രന്ഥങ്ങളിൽ കാണാം. അനിത്യവസ്തുക്കൾ ചലനാശ്രയങ്ങളായതിനാൽ അനിത്യവസ്തുക്കളെല്ലാം കാലോപാധികളാണെന്നും മതമുണ്ടു്. കാലോപാധികളെ ഖണ്ഡകാലങ്ങളെന്നും നിരുപാധികമായകാലത്തെ മഹാകാലമെന്നും താൎക്കികന്മാർ പറയാറുണ്ടു്. തൎക്കശാസ്ത്രരീത്യാ കാലസ്വരൂപത്തെ ചിന്തിച്ചതിൻെറ താല്പൎയ്യമെന്താണെന്നു പറയാം. തൎക്കശാസ്ത്രത്തിൽ ആത്മാവിന്നു നാനാത്വം സ്വീകരിക്കുന്നതിനാൽ ആശാസ്ത്രം ദ്വൈതശാസ്ത്രമാണു്. എന്നിരുന്നാലും താൎക്കികൻെറ കാലസ്വരൂപവൎണ്ണനം വേദാന്തിയുടെ ആത്മസ്വരൂപത്തെ സൂചിപ്പിക്കുന്നുവെന്നു കാണിക്കുവാനാണു്. പുരാണദൃഷ്ട്യാ നോക്കിയാൽ ഈ സംഗതി ഒന്നുകൂടി സ്പഷ്ടമാകും.

I കാലേനഹ്യോഘവേഗേന

II കാലേനാലക്ഷ്യവേഗേന

(ഭാഗവതം)

"നദീപ്രവാഹമ്പോലെ വേഗത്തോടുകൂടിയ കാലം" "അറിയുവാൻ കഴിയാത്തവേഗത്തോടു കൂടിയ കാലം" എന്നാണു മുമ്പു കാണിച്ച വാക്യങ്ങളുടെ താല്പൎയ്യം ചലനം കാലോപാധി എന്ന അഭിപ്രായത്തെ അവലംബിച്ചാണു് ഈവക വാക്യങ്ങൾ സ്ഥിതിചെയ്യുന്നതു്.

'കാലസ്യതേ പ്രകൃതിപൂരുഷയോഃ പരസ്യ

ശംനഃ തനോതു ചരണഃ പുരുഷോത്തമസ്യ.

(ഭാഗവതം)

പുരുഷോത്തമനും പ്രകൃതിപുരുഷങ്കൽനിന്നു പരനും ആയ കാലരൂപനായിരിക്കുന്ന അങ്ങയുടെ (ശ്രീകൃഷ്ണൻ) ചരണം ഞങ്ങൾക്കു മംഗളത്തെ ചെയ്യപ്പെട്ടു. കാലത്തെ സഗുണബ്രഹ്മമാക്കിക്കല്പിച്ച് അങ്ങിനെ ഇരിക്കുന്ന കാലസ്വരൂപനാണ് ശ്രീകൃഷ്ണൻ എന്നാണിതുകൊണ്ടു പറയുന്നതു്. ഭാഗവതത്തിൽ തന്നെ (സ്കന്ധം 11, അദ്ധ്യായം 23, ശ്ലോകം 55, ഈ ശ്ലോകത്തിൽ) കാലത്തെ നിർഗ്ഗുണബ്രഹ്മമാക്കിക്കല്പിക്കുന്നു. ചലനസ്വരൂപമാക്കുക, സഗുണബ്രഹ്മമാക്കുക, നിർഗ്ഗുണബ്രഹ്മമാക്കുക ഇങ്ങിനെ മൂന്നു തരത്തിൽ കാലവർണ്ണന ഭാഗവതത്തിൽ കാണാം. ഏതാണ്ട് ഈ തരത്തിലെല്ലാം കാലവർണ്ണന വേദങ്ങളിലും കാണാം. ഹിന്തുക്കളുടെ വിവിധശാസ്ത്രങ്ങളിലെല്ലാം എവിടെ എങ്കിലും ഒരു ദിക്കിൽ ആത്മസ്വരൂപ സൂചന ഉണ്ടായിരിക്കും. താക്കികൻ ആത്മസ്വരൂപത്തെ കാലനിരൂപണത്തിൽ സൂചിപ്പിക്കുന്നുവെന്നേ ഉള്ളു. അധികാരഭേദേന ഈശ്വരസ്വരൂപത്തിന്നു നാനാത്വം കല്പിക്കുന്നതുപോലെ കാലസ്വരൂപത്തിന്നും നാനാത്വം കല്പിക്കുന്നു. താക്കികൻ, കാലസ്വരൂപത്തിന്നു നാനാത്വം കല്പിച്ച കാലസ്വരൂപ ചിന്തയെ ആത്മസ്വരൂപ ചിന്തയിൽ പൎയ്യവസാനിപ്പിക്കുന്നു. ഇങ്ങിനെ ഹൈന്ദവശാസ്ത്രങ്ങളെല്ലാം അദ്വൈതത്തിലേയ്ക്കുള്ള സോപാനങ്ങളായിത്തീരുന്നു.

വി. കെ. നാരായണഭട്ടതിരി.

## "രക്ഷ"ക്കാരൻ.

ധനപ്പുളപ്പാൽത്തലപൊക്കി നോക്കും
തമ്പിക്കു കാലിൽപ്പൊടി പററിടായ്വാൻ
വാദ്ധക്യകാലത്തൊരു "രക്ഷ"വണ്ടി
തള്ളിക്കിതച്ചിങ്ങു വരുന്നിതാരോ? 1.

അന്യന്റെസൌഖ്യത്തിനു മേയ്‌വിയക്കും
പുണ്യത്തിനാൽപ്പാവിതനിദ്ദരിദ്രൻ
ഇവന്നുവിണ്ണിൻ പുരിയിൽച്ചരിക്കാം
പൊൻരക്ഷയിൽക്കേറിയിരുന്നൊരുന്നാൾ. 2.

അകത്തിരിക്കും ധനികന്നു ശിഷ്ട-
മശങ്കിതം പൊങ്ങിനിവന്നുനില്ക്കേ
അവന്റെമെയ്യും മനവും ചുമന്നു
പായുന്നപാവം തലതാഴ്ത്തീടുന്നു. ൩.

വൃഥാഭിമാനത്തോടകത്തിരിപ്പോ-
നാർജ്ജിച്ചതാമീനരവാഹനത്വം
അരക്ഷണംകൊണ്ടു നശിക്കിലെന്തി-
ന്നാദിത്യരശ്മിക്കു മദൃശ്യനീയാൾ. 4.

അന്യാപകർഷം വഴിനേടിവച്ച
മാനം ചുമക്കും മനുജൻ ദരിദ്രൻ
പരാത്ഥമായ് ജ്ജീവിതപുണ്യരക്തം
വാററും ദരിദ്രൻ ധനികാഗ്രഗണ്യൻ. 5.

വിദ്വാൻ കെ. കെ. രാജാ.

## പ്രാചീന കേരളത്തിലെ

# ഗുരുകുലവിദ്യാലയങ്ങൾ.

## 2. ഹിന്തുമതസ്ഥാപനങ്ങൾ.

### 1. ശാലകൾ.

ഇതിനും പുറമെ പുരാതന കാലങ്ങളിൽ ഹിന്തുമതസ്ഥാപനങ്ങളായ ചില ഗുരുകുശാലകൾ തിരുവിതാംകൂറിലുണ്ടായിരുന്നതായി അവിടത്തെ "പ്രാചീനലേഖാവലി"യിൽ നിന്നു കാണുന്നുണ്ട്.

#### 1. കാന്തലൂർ ശാല. 18*

തിരുവനന്തപുരത്തുതന്നെ വലിയശാലയിൽ "കാന്തലൂർശാല" എന്ന ഒരു സവ്വകലാശാലയുണ്ടായിരുന്നു. അതു ഒരു ശിവക്ഷേത്രത്തോടു സംബന്ധിച്ചായിരുന്നു. ഇതിനെ രണ്ടുശതവഷകാലം മുമ്പ് "കാന്തലൂർജ്ഞാല" എന്നായിരുന്നു വിളിച്ചിരുന്നതു് എന്നു് ചില താളിയോലകളിലും തിട്ടുകളിലും നിന്നു അറിയുന്നു. 19 *

ഏകദേശം കൊല്ലവഷാരംഭത്തിനു് ഒന്നോ രണ്ടോ നൂററാണ്ടുകൾക്കു മുമ്പുതന്നെ ഈ ശാല ഒരു യോഗ്യനിലയെ പ്രാപിച്ചിരുന്നു. ഇതു 5-ാം നൂററാണ്ടുവരെ നിലനിന്നിരിക്കണമെന്നു് തീരുമാനിക്കുന്നതിൽ അബദ്ധമൊന്നുമില്ലെന്നു തോന്നുന്നു. ഇതിൻെറ കീത്തി തമിഴ്നാട്ടിലെങ്ങും

18. The Travancore Archeological Series Vol. II No. I. and the Sexandalai pillar epigraphs of eight century A. D. Epigraphia, Indica, Vol. XIII p 137.

19. "കാന്തളൂർ മര്യാദിയാൽ തൊണ്ണൂററഅയ്യർ ചട്ടർക്കു ചാലൈയെയ്യം ചെയ്യാൻ" വരികൾ 6—7, ഭാഗം 6, തി. പ്രാചീനലേഖാവലി വാല്യം 1.

വ്യാപിച്ചിരുന്നു. അതു കൊണ്ടു് തിരുവനന്തപുരം കിഴടക്കി ജയസൂചകമായി ഈ ശാലയിലെനടപടിക്രമങ്ങളെ ഭേദപ്പെടുത്തി ഇതിനെ അവരുടെ സ്ഥാനവിരുദ്ധകളിൽ പുതുതായി നാമകരണം ചെയ്യുവാൻ ചോളപാണ്ഡ്യരാജാക്കന്മാർ ഓരോരുത്തരും അവരുടെ പ്രതിനിധികളും കലശലായി ആഗ്രഹിച്ചിരുന്നു. ഇക്കാര്യത്തിൽ ഒന്നാം രാജരാജചോളനായിരുന്നു മുമ്പനായിരുന്നതു്. അദ്ദേഹവും അദ്ദേഹത്തിന്റെ പിൻവാഴ്ചക്കാരായ രാജാധിരാജനും കുലോത്തുംഗചോളനും കുലോത്തുംഗന്റെ സമാനകാലീനനായിരുന്ന പരാന്തക പാണ്ഡ്യനും ഈ ശാലയെ അവരുടെ സംജ്ഞകളോടു് ചേർത്തു നാമകരണം ചെയ്യുതായി നമുക്കറിവുണ്ടു്. എന്നാൽ ഈ ശാലയെ അതിന്റെ പഴയപേരുകൊണ്ടുതന്നേയാണു് അധികവും നിർദ്ദേശിച്ചുവന്നതു്. എന്നുതന്നേയല്ല, അടുത്തു പറയുവാൻ പോകുന്ന പാർത്ഥിവശേഖരപുരം, മുതലായ സുപ്രസിദ്ധങ്ങളായ ശാലകളുടെ ചട്ടങ്ങളും നടപടിക്രമങ്ങളും രൂപവൽക്കരിക്കുന്നതിന്നു് പ്രസ്തുതശാല ഒരു മാതൃകയായിരുന്നു എന്നു ശിലാശാസനങ്ങൾ പ്രസ്താവിക്കുന്നുണ്ടു്. അതുകൊണ്ടു് ഈ ശാല പ്രഥമഗണനീയമായ ഒരു സ്ഥാനത്തെ അർഹിക്കുന്നു എന്നതിന്നു് രണ്ടുപക്ഷമുണ്ടാവാൻ തരമില്ല.

2. പാർത്ഥിവശേഖരപുരം ശാല 20*

കാന്തളൂർ മര്യാദകളെ (ചട്ടങ്ങളെ) പ്രധാനമായി അനുസരിച്ചു ക്രിസ്ത്വബ്ദം 864-ൽ സ്ഥാപിക്കപ്പെട്ടതായിരുന്നു തെക്കൻതിരുവിതാംകൂറിൽ കുഴിത്തുറക്കു് തെക്കുപടിഞ്ഞാറുള്ള പാർത്ഥിവശേഖരപുരത്തെ ശാല. ഇതിനുവേണ്ടി വൃഷ്ണികുലജാതനായ കരുനന്ദടക്കൻ മിഞ്ചിറ സഭയുടെ കീഴിലുണ്ടായിരുന്ന ഒരു പ്രദേശം വിലക്കുവാങ്ങി, "പിടിനടത്തി", അതിരുകൾ നിർണ്ണയിച്ചു് ഒരു വിഷ്ണുക്ഷേത്രം പണികഴിച്ചു് 95 ചട്ടർക്കു് പഠിച്ചു താമസിക്കാനുള്ള സൌകര്യത്തോടുകൂടിയ ഒരു ഗുരുകുലം ഏർപ്പെടുത്തി. പിൽക്കാലങ്ങളിൽ മിഞ്ചിറമഠം വകയായി നടത്തിവന്നിരുന്നു എന്നു ഐതിഹ്യമുള്ള വേദാദ്ധ്യയന പാഠശാല ഇതുതന്നെയായിരിക്കുവാൻ വഴിയുള്ളതാണു്. സൂക്ഷ്മാവസ്ഥയെപ്പററി അന്വേഷണം നടത്തുന്നുണ്ടു്.

ഈ ശാലയിൽ വേദശാഖയിലെ അവാന്തരവിഭാഗത്തെ അടിസ്ഥാനപ്പെടുത്തി പവിഴിയം, തൈത്തിരിയം, തലവകാരം എന്നീ ചരണങ്ങളുണ്ടായിരുന്നു. ആദ്യത്തേതിൽ 45-ം രണ്ടാമത്തേതിൽ 36-ം അവസാനത്തേതിൽ 14-ം വിദ്യാർത്ഥികൾക്കു മാത്രമായിരുന്നു പ്രവേശനം

20. തിരുവിതാംകൂർ പ്രാചീനലേഖാവലി. വാല്യം 1 ഭാഗങ്ങൾ 1 മുതൽ 14 വരെ നോക്കുക.

നൽകിയിരുന്നതു്. ഓരോ ചരണത്തിനും വിദ്യാലയത്തിലും ഭോജന ശാലയിലും വെവ്വേറെ കലം അഥവാ, ഇരിപ്പടം ഏർപ്പാടു ചെയ്തിട്ടുണ്ടായിരുന്നു. ഇതിനും പുറമേ ഒരുമിച്ചിരുന്നു വിദ്യാഭ്യാസവും ഭോജനവും കഴിക്കുവാൻ തക്ക മനഃപ്പരിഷ്കരണം സിദ്ധിച്ച ചട്ടർക്കു പൊതുവെയായി പ്രത്യേകസ്ഥലങ്ങളും ഉണ്ടായിരുന്നു. ചരണസ്ഥാനങ്ങൾ വേർതിരിച്ചതു് അവർ തമ്മിൽ സ്വാഭാവികമായി ഉണ്ടാകാവുന്ന കലഹത്തെ പരിഹരിക്കുവാനായിരിക്കണം. അക്കാലങ്ങളിൽ വിപരീതശാഖകളിലുൾപ്പെട്ടവർ തമ്മിൽ കലഹം സാധാരണമായിരുന്നു. ഇതു താഴെ കാണിക്കുന്ന "ഉണ്ണുനീലി സന്ദേശ"ത്തിലെ ഒരു ശ്ലോകത്തിൽനിന്നു (21) വെളിവാകുന്നുണ്ടു.

"ചച്ചിച്ചാലും ചരണ (22) മതിനിക്കുണ്ടുതില്ലെൻെറ മസ്സി-
ന്നിട്ടേടം ചൊല്ലവിടവരുതങ്ങമ്മയെക്കേട്ടു കൊൾക
തൊട്ടുണ്മാൻ ഞാൻ തുളുവനുറവന്മേപകന്നോടമെങ്ങു
സദ്ദ്യക്കാരാ പറയനപിധാ ക്കോലടുക്കേട്ടപാഴാ."

പ്രവേശനനിബന്ധനകൾ.

ശാലയിലേക്കു പ്രവേശനത്തിനു് ആഗ്രഹിക്കുന്ന ഒരു യുവാവിനു വ്യാകരണം, മീമാംസ, പൌരോഹിത്യം എന്നു തുടങ്ങിയവയെ സംബന്ധിച്ചു് ഒരു സാമാന്യമായ അറിവെങ്കിലും ഉണ്ടായിരിക്കണം. അവൻ നല്ല പ്രതിഭാശാലി ആയിരിക്കണം. എന്നു തന്നെയല്ല, അയാൾക്കു് ഈ ഗുണങ്ങളെല്ലാം തികഞ്ഞിരിക്കുന്നു എന്നു 5 ചട്ടന്മാരുടെ സർട്ടിഫിക്കെററും വേണം.

ചട്ടന്മാരുടെ നടപടിക്രമം.

മുക്കാൽവട്ടത്തുവെച്ച ചട്ടന്മാർ തമ്മിൽ അസഭ്യവാക്കു പറകയാണെങ്കിൽ അയ്യഞ്ചുകാണം പൊൻ പിഴയായി ചട്ടപ്പെരുമാക്കൾക്കു് അതായതു് അവരുടെ ഇടയിൽനിന്നു തിരഞ്ഞെടുത്ത പ്രധാനികൾക്കു കൊടുത്തശേഷമല്ലാതെ ശാലയിൽ ഭക്ഷണം കഴിക്കുവാൻ കഴിഞ്ഞിരുന്നില്ല. ഒരു ചട്ടൻ മറെറാരാളെ അടിക്കയൊ മററുവിധത്തിൽ അയാൾ

21. ശ്രീമാൻ ആററൂർ കൃഷ്ണപ്പിഷാരടി അവർകൾ പ്രസിദ്ധീകരിച്ച "ഉണ്ണുനീലി സന്ദേശം", പൂർവ്വഭാഗം, 128-ാം ശ്ലോകം നോക്കുക.

22. ആദിയിൽ പരമ്പരയാ സിദ്ധിച്ചിട്ടുള്ള വിദ്യാഭ്യാസരീതി, ഐതിഹ്യം, ജ്ഞാനം, സംസ്കാരം എന്നിവയെ ആധാരപ്പെടുത്തിയതാണു് ഗോത്രം. കാലാന്തരത്തിൽ അവ കേവലം രക്തബന്ധത്തെമാത്രം സൂചിപ്പിക്കുന്നതായി തീന്നത്രെ. മേൽപറഞ്ഞ പലതരം ഗോത്രങ്ങളുടെ ഏകീകരണമാണു് ചരണം. ചരണങ്ങൾ ഇപ്പോഴും ആത്മിക സംസ്കാരത്തെ മാത്രം നിർദ്ദേശിക്കുന്നതായിട്ടിരിക്കുന്നു.

ക്ക് ദേഹവേദനയുണ്ടാക്കുകയോ ചെയ്യാൽ പിന്നീട്ട ഭക്ഷണം കഴിക്ക ണമെങ്കിൽ ഒരു കാശു പിഴയായി അടയ്ക്കണം എന്നായിരുന്നു ചട്ടം. അ ടികൊണ്ടവനുംകൂടി അഞ്ചുകാണം പിഴ കൊടുത്താലെ ആഹാരം കഴി ക്കുവാൻ പാടുണ്ടായിരുന്നുള്ളു. ആയുധംകൊണ്ടു മററൊരാൾക്കു വല്ല ദേഹോപദ്രവം ചെയ്യാൽ ആ ചട്ടൻ ശാലയിൽനിന്നു ബഹിഷ്ക്കരിക്ക പ്പെട്ടിരുന്നു. ചട്ടന്മാർ നാട്ടുകൂട്ടങ്ങളിലേയ്ക്കു ആയുധപാണികളായി പോ കരുതെന്നുംകൂടി ഒരു നിബന്ധനയുണ്ടായിരുന്നു. ഇതിൽനിന്നു് ആ ശാ ലയിൽ ആയുധവിദ്യാഭ്യാസമുണ്ടായിരിക്കാമെന്നും ചട്ടന്മാൎക്കു രാഷ്ട്രീയ ങ്ങളായ യോഗങ്ങളിൽ പങ്കുകൊള്ളുന്നതിനു ഇക്കാലത്തെ മദിരാശിഗവ ൎമ്മേണ്ടു 55-ാം നമ്പ്ര് സ്ഥിരനിയമകല്പന (G. o. 55) ഉള്ളതുപോലെ യാ തൊരു പ്രതിബന്ധവും ഉണ്ടായിരുന്നില്ല എന്നും സിദ്ധിക്കുന്നുണ്ടല്ലോ.

വിദ്യാൎത്ഥികളുടെ സാമുദായിക ജീവിതത്തിൽ ഒരു പ്രധാനസം ഗതിയിലുംകൂടി സദാചാരനിഷ്ഠയോടുകൂടിയ ശാലയിലെ മേലധികാരിക ൾ അൎത്ഥവത്തായ ചില ചട്ടങ്ങൾ നിയമീകരിച്ചിട്ടുണ്ടായിരുന്നു. ശിഷ്യ ന്മാർ ബ്രഹ്മചൎയ്യാശ്രമം അനുവൎത്തിച്ചിരുന്ന കാലത്തു് അവർ സദ്വൃ ത്തന്മാരായിരിക്കുവാൻ ആവശ്യമായ ഏൎപ്പാടുകളും ചെയ്തിരുന്നു. അവ യിൽ മുഖ്യമായതു് അവർ മഠത്തിൽ (ശാലയിൽ) വ്യഭിചാരണികൾക്കും ഗണികമാൎക്കും മററും പ്രവേശനം അനുവദിച്ചുകൂടെന്നുള്ളതാകുന്നു.

ചട്ടന്മാരുടെ ചില അധികാരാവകാശങ്ങൾ.

മിഞ്ചിറസഭയ്ക്കു ശാലയുടെ ആവശ്യപ്രകാരം കൊടുത്തുവന്നിരു ന്ന "കടമെയ്" അതായതു് നികുതി, പാട്ടംമുതലായവ, അടയ്ക്കുന്നകാൎയ്യ ങ്ങളിൽ കാരോചരണത്തിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട ചട്ടർകൂടിയ ഒരുസംഘത്തിൻെറ തീൎപ്പുകളെ കരക്കാൎക്കു് അനുസരിക്കേണ്ടിയിരുന്നു. അല്ലാത്തപക്ഷം നികുതിയോടുകൂടി 5¼ കാണംപൊൻ അവർ ശാലയിൽ അടക്കേണ്ടതാണു്. ക്ഷേത്രത്തിലും ശാലയിലും ജോലിചെയ്യുന്നവരിൽ ആരെങ്കിലും ശാലയിലേയൊ മുക്കാൽവട്ടത്തിലേയൊ ദിനസരിയെ മുട്ടി ച്ചാൽ ദിവസം ഒന്നുക്കു് ഒരുകഴഞ്ചുപൊന്നു വീതം പിഴകെട്ടിയല്ലാതെ അഗ്രശാലയിൽ ഭക്ഷണം നൽകുന്നതല്ല. ഇതിൽനിന്നു കാൎയ്യമായ സ്ഥാ പനം വിദ്യാഭ്യാസശാലയായിരുന്നുവെന്നും ആ ശാലയുടെ മാത്രമല്ല അ തിനോടുചേൎന്ന ദേവാലയത്തിൻേറയുംകൂടി ക്ഷാരകൎത്തൃത്വം വിദ്യാൎത്ഥി കൾക്കായിരുന്നു എന്നും മിക്കതും തെളിയുന്നുണ്ടല്ലോ.

ഏതെങ്കിലും ചട്ടന്മാരെക്കുറിച്ചു ഭൃത്യന്മാർ വല്ലവരും അവമാന കരമായി സംസാരിക്കുകയൊ മററൊ ചെയ്യാൽ അവൎക്കു് ഒരു കാശു

പോന്നു പിഴ ആയിരുന്നു ശിക്ഷവിധിച്ചിരുന്നതു്. പങ്കുനിമാസത്തിൽ പ്രസ്തുതക്ഷേത്രത്തിൽ ഏഴു ദിവസംകൊണ്ടു് അവസാനിച്ചിരുന്ന ഒരു മഹോത്സവം നടത്തിയിരുന്നു. ആ ദിവസങ്ങളിൽ ശാലാഭരണനിർവ്വഹണത്തിൽ ഭാഗഭാക്കുകളായ ചട്ടപ്പെരുമാക്കൾക്കു് (ചട്ടപ്രമാണികൾക്കു) അമ്പലത്തിൽ ജോലിചെയ്യുന്നവക്കു് (പണിമക്കൾക്കു്) കൊടുക്കുന്നതുപോലെ അവിടെനിന്നു ഇരട്ടി ലഭ്യങ്ങൾ കൊടുത്തുവരുന്നതിനായി നിശ്ചയം ചെയ്തിരുന്നു. ഈ ആവശ്യത്തിലേക്കു മാത്രമായി ചില വയലുകൾ വേർതിരിച്ചുവെച്ചതായി പറയുന്നുണ്ടു്.

യാദവവംശജാതനായ കരുനന്ദക്കരുടെ പട്ടയത്തിൽ ഈ ശാലയിലെ വിദ്യാഭ്യാസരീതിയെക്കുറിച്ചു് ചില സംഗതികൾ പ്രസ്താവിച്ചിട്ടുള്ളതിൽനിന്നു നമുക്കു ഗ്രഹിയ്ക്കാവുന്ന കാൎയ്യങ്ങളേപ്പററി ഇവിടെ എടുത്തുപറയുവാനായി വിസ്തരഭയത്താൽ ഞാൻ തുനിയുന്നില്ല.

3 ശ്രീവല്ലഭപ്പെരുഞ്ചാല.

കന്യാകുമാരിക്കടുത്തു കഴിക്കുടിയെന്ന ഗ്രാമത്തിലും ഒരു ശാലയുണ്ടായിരുന്നു. ആയവംശ്യനോ പാണ്ഡ്യവംശ്യനോ ആയിരുന്ന ശ്രീവല്ലഭരാജാവു് സ്ഥാപിച്ചിരുന്ന ആ ശാലയ്ക്കു് ശ്രീവല്ലഭപ്പെരുഞ്ചാലയെന്നു പേരുണ്ടായിരുന്നു. അതിനെ രാജരാജ ചോളൻ രാജരാജപ്പെരുഞ്ചാലയെന്നും പേർവിളിച്ചിരുന്നു. അതിൻെറ ചിലവിലേക്കായി (ശാലാഭോഗമായി) കഴിക്കുടിക്കടുത്തു പല സ്ഥലങ്ങളും നീക്കിവെച്ചിരുന്നു. ഇതിനും പുറമെ മണക്കുടി പേരളത്തിൽ അളന്നിരുന്ന ഉപ്പിൽ കലത്തിനു നാഴികണ്ടു "ഉറ"യായി വെച്ചിരുന്ന ഉപ്പു മുഴുവനും ഒരു സ്ഥിരാവകാശമായി ഈ ശാലയ്ക്കു ലഭിച്ചിരുന്നു. അതു അടയ്ക്കേണ്ടതു് ചട്ടപ്രമാണികളുടെ പക്കൽ ആയിരുന്നു. 23

4 മററ ശാലകൾ.

ഇതുപോലെതന്നെ ഇരണിയൽ താലൂക്കിൽ തലക്കുളത്തും കടികൈപട്ടണത്തിനടുത്തു തിരുനയനാർക്കുറിച്ചിയിലെ കാരായ്ക്കുഞ്ഞീശ്വരത്തും ഓരോ ശാലകൾ ഉണ്ടായിരുന്നു എന്നു് തിരുനന്തിക്കരെ ശിലാശാസനങ്ങളിൽനിന്നു (24) കാണുന്നു "തലൈക്കുളത്തു കലമറത്ത","കാരായ്ക്കുഞ്ഞീശ്വരത്തു കലമറത്ത" എന്ന വാക്കുകളിൽ നിന്നാണു് ഇതു അനുമാനിച്ചിട്ടുള്ളതു്. "കലമറത്ത" എന്നതിനു് "ഭോജനസ്ഥലം നിറത്തൽ

23. പ്രാചീന ലേഖാവലി, വാല്യം 1. ഭാഗങ്ങൾ 163 മുതൽ 164 വരെ നോക്കുക.

24, ടി പുസ്തകം, വാല്യം 3, ഭാഗങ്ങൾ 200 മുതൽ 203 വരെയും, 206-ം നോക്കുക.

ആക്കിയ". അതായ്ത്തു തൽഫലമായി നിന്നുപോയ ശാല എന്നത്ഥം. ഈ വാക്കിന് മററൊരുവിധത്തിലും (കപ്പൽ നശിച്ച എന്നും) അത്ഥം കല്പിക്കാവുന്നതുകൊണ്ടു മേൽപറഞ്ഞ ശാലകഠം ഉണ്ടായിരുന്നുവോ എന്ന സംഗതിയിൽ പക്ഷാന്തരത്തിനു വഴിയുണ്ട്. 25

രാജാക്കന്മാൎക്കു പുറമെ പ്രഭുക്കഠം കൂടി ഈ വക ശാലകഠം ഏൎപ്പെടുത്തിയിരുന്നു എന്ന് പാൎത്ഥിവപുരത്തു വിഷ്ണുക്ഷേത്രത്തിനടുത്തുനിന്ന് കണ്ടുകിട്ടിയതായ ഒരു ശിലാലിഖിതത്തിൽ നിന്നു നാം അറിയുന്നു. ഇതു കൊല്ലവഷം 98-ൽ എഴുതിവെച്ചതാണെന്ന് കാണുന്നു.(26) ഇതിൻെറ ആദ്യഭാഗത്തിൽ ഇങ്ങനെ പറയുന്നു:—

"ദത്വാ പാൎത്ഥിവപൂൎവ്വശേഖരപുരെ
ദേവായദീപദ്വയം
പ്രത്യാഷാഢ പുനർവസൂം പുനരദാ
ദ്വിഹിംഘടാദ്വാദശ
ഛാത്രേഭ്യഃ പുനരുക്തമാഗ്രമദദാ-
ന്നാരായണഃ ശാർങ്ഗിണഃ
പ്രീത്യൈ സൽഗുണഭൂഷണഃ സവിഭവം
ബ്രഹ്മാദിരാജഃ സുധിഃ"

ബ്രഹ്മപ്പിരജഎന്നു കൂടി പേരുള്ള നാരായണൻ എന്നൊരാഠം ഛാത്രൎക്കു ഭക്ഷണനിവൃത്തിക്കവേണ്ടി അതികേമമായ ഒരു "അഗ്രം" അല്ലെങ്കിൽ അഗ്രശാല സവിഭവം പണിചെയ്യുകൊടുത്തതായി ഇതിൽ പറയുന്നുണ്ടല്ലോ. ഇതു് പാൎത്ഥിവശേഖരപുരത്തെ ശാലയിലെ വിദ്യാൎത്ഥികഠക്കൊ അവിടെത്തന്നെ വേറെ ഒരു സ്വതന്ത്രസ്ഥാപനത്തിലെ വിദ്യാൎത്ഥികഠക്കൊ എന്നു നിൎണ്ണയിക്കുന്നതിന് തക്കതായ ലക്ഷ്യങ്ങളില്ലാത്തതിനാൽ അതിൻെറ സ്ഥിതിയും ഗതിയും എന്തായിരുന്നു എന്നു ഗ്രഹിയ്ക്കുവാൻ സാധിക്കുന്നില്ല.

ശാലാഭോഗങ്ങഠം

ശാലകളുടെ നിത്യവൃത്തിക്കായി ശാലാഭോഗങ്ങഠം എന്നു പറഞ്ഞു വന്നിരുന്ന ഭൂമികഠം ഓരോരുത്തർ പതിച്ചുകൊടുത്തിരുന്നു. ദൃഷ്ടാന്തമായി പാൎത്ഥിവശേഖരപുരത്തിലെ വിദ്യാലയത്തിന് കരുനന്തടക്കർ ക്ഷേത്രത്തിലേക്കു വേണ്ട ദേവദാനസ്വത്തുകളിൽനിന്നും വ്യത്യാസപ്പെട്ടവയായ ചിലവയലുകഠം നീരോടെ കൊടുത്തിരുന്നു. ഈവക ശാ

25. തി. ആർക്കിയോളജിക്കൽറിപ്പോട്ട്, 1096, ഭാഗം 65.
26. തി. പ്രാചീനലേഖാവലി, വാല്യം 1 ഭാഗം 287

ലാഭോഗങ്ങൾ രാജ്യകല്പന (ചാത്തിമുഖം) (27) കൂടാതെ ക്രയവിക്രയം ചെയ്യാനോ മററുവിധത്തിൽ അന്യാധീനപ്പെടുത്തുവാനൊ കുടിയാനവന്മാക്ക് ആക്കും സ്വാതന്ത്ര്യം ഉണ്ടായിരുന്നില്ല. അങ്ങനെ ചെയ്യുന്നപക്ഷം വലിയ ഒരുതുക പിഴയായി അടക്കേണ്ടിയിരുന്നു. കൃഷകന്മാരെ ബുദ്ധിമുട്ടിച്ചോ ഉപദ്രവിച്ചോ ബലാൽക്കാരമായൊ അവർ കൊടുത്തുവന്നിരുന്ന അനുഭവങ്ങൾ വസൂൽ ചെയ്യാൽ അവയിൽ ഒന്നിന് പത്തുമടങ്ങായി മടക്കികൊടുക്കേണ്ടതാണെന്നു കരുനന്ദദക്കൻെറ ചെമ്പേട്ടകളിൽനിന്നു കാണുന്നു.

എ. ഗോവിന്ദവാരിയർ ബി. എ., ബി. എൽ

## ഹാമീർ.

അജയസിംഹൻ കൈലബാരയിൽ വളരേ ദയനീയാവസ്ഥയിലായിരുന്നു കാലയാപനം ചെയ്തുവന്നത്. പരാക്രമശാലിയായ റാണാ ലക്ഷ്മണസിംഹൻെറ ഒടുക്കത്തെ മകനായിരുന്നു അദ്ദേഹം. തൻേറ കഷ്ടസ്ഥിതിയിൽപോലും പൂൎവ്വികന്മാരുടേ കീൎത്തിസ്തംഭമായ ചിതോർ ശത്രുക്കളിൽനിന്നു വീണ്ടെടുക്കേണമെന്ന മോഹം അദ്ദേഹം ഒട്ടും തന്നേ കൈവെടിഞ്ഞിരുന്നില്ല. പാൎവ്വതപ്രദേശങ്ങളിൽനിന്നു കഴിയുന്നത്ര ധനവും ഭടന്മാരേയും ശേഖരിച്ച പല പ്രാവശ്യവും അദ്ദേഹം അതിന്നായി ശ്രമിച്ചുവെങ്കിലും അതൊന്നും സഫലമായ്ത്തീൎന്നില്ല. അക്കാലത്തു രണ്ടാം സിക്കന്ദർ എന്ന പേരിൽ ദില്ലീസിംഹാസനത്തിൽ വാണിരുന്ന അലാവുദീൻെറ പ്രതിനിധിയായി നീചനായ മല്ലദേവൻ ചിതോറിനെ ഭരിച്ചുവന്നിരുന്നു.

അജയസിംഹൻെറ പരിശ്രമങ്ങളെല്ലാം നിഷ്ഫലമായ്ത്തീരുവാനുള്ള മുഖ്യകാരണം കൈലബാരയെ ആകമാനം കിടുകിടെ വിറപ്പിച്ചിരുന്ന കവൎച്ചക്കാരുടെ തലവൻ മുഞ്ജവലായകൻെറ അളവററ ബാഹുബലം ഒന്നു മാത്രമായിരുന്നു. അജയസിംഹന്നു പലപ്പോഴും ഇവനിൽനിന്നു തോൽവിയും അവമാനവും നേരിട്ടിരുന്നു. ഒന്നാമതു നല്ലൊരുസേന അദ്ദേഹത്തിന്നുണ്ടായിരുന്നില്ല, രണ്ടാമതു പരിശ്രമങ്ങൾക്കൊക്കെ വേണ്ടുന്ന

27. ചത്തിമുഖം എന്നതിന് (ശസ്ത്രം=) പുകഴ്ത്തിയ (രാജാവിൻെറ) മുഖം, എഴുത്തു, അഥവാ, കല്പന എന്നൎത്ഥം കല്പിക്കുന്നതിനുപകരം ഹരാത്രിമുഖം (ഹരാത്രകല്പന) എന്നും എടുക്കാം.

പണവും അദ്ദേഹത്തിൻെറ കൈയിലുണ്ടായിരുന്നില്ല. മതിന്ന രണ്ടു പുത്രന്മാർ അദ്ദേഹത്തിന്നുണ്ടായിരുന്നു. പക്ഷെ അവർ തങ്ങളുടെ പിതാവിനെ സഹായിച്ചിരുന്നില്ലെന്നു മാത്രമല്ല അച്ഛൻെറ സമീപത്തു അവരെ കാണ്മാൻപോലും പ്രയാസമായിരുന്നു. ഇതുമൂലം ചിതോർ വീണ്ടെടുക്കാമെന്നു അദ്ദേഹത്തിന്നുണ്ടായിരുന്ന ആശ ക്രമേണ അസ്തമിച്ചുതുടങ്ങി.

ഒരുദിവസം അജയസിംഹൻ വിഷണ്ണവദനനായി ചിന്താമഗ്നനായിരിക്കുകയായിരുന്നു. ആ സമയം സുന്ദരനും ദൃഢഗാത്രനുമായ ഒരു ബാലൻ അദ്ദേഹത്തിൻെറ മുമ്പിൽവന്നു വിനയപൂർവ്വം കൈകൂപ്പിക്കൊണ്ടുനിന്നു.

"കുട്ടി നീ ആരാണ്" എന്നു മൃദുസ്വരത്തിൽ അജയസിംഹൻ ചോദിച്ചു.

കുട്ടി. "ഞാൻ ആരെന്നോ? ഞാൻ രാജപുത്രനാണ്. അങ്ങുന്നു എൻെറ എളയച്ഛനാണെന്നു അമ്മ എന്നോടു പറഞ്ഞു. നേരോ നുണയോ എന്നാക്കറിയാം. പക്ഷെ, ഞാനെങ്ങിനെ വിശ്വസിക്കാതിരിക്കും? എൻെറ പ്രിയപ്പെട്ട അമ്മ കളവുപറയുമോ? എങ്ങിനെയായാലും വേണ്ടില്ല അങ്ങുന്നു വലിയ കഷ്ടാവസ്ഥയിലാണെന്നു കേട്ടു. എന്നാലാവും വിധം ഞാൻ അങ്ങയേ സഹായിക്കേണമെന്നാണ് അമ്മയുടെ കല്പന. അതിനെ ശിരസാ വഹിച്ചുംകൊണ്ടു ഞാൻ ഇവിടെ വന്നതാണ്."

കുട്ടിയുടെ വാക്കുകൾകേട്ടു അജയസിംഹൻ വളരെ അത്ഭുതപ്പെട്ടു. അദ്ദേഹം വീണ്ടും "വത്സ നിൻെറ പേരെന്താണ്? നിൻെറ അച്ഛൻ ആരാണ്?" എന്നിങ്ങിനെ സ്നേഹപൂർവ്വം ചോദിച്ചു. അല്പം ഗർവ്വിതസ്വരത്തിൽ "ഒരു രാജപുത്രനേസ്സംബന്ധിച്ചേടത്തോളം ആ പരിചയമെല്ലാം നിസ്സാരമത്രേ. ഒരു രാജപുത്രനേക്കുറിച്ച് ശരിയായ പരിചയം അവൻെറ ബാഹുബലത്തേസ്സംബന്ധിച്ചുള്ളതത്രേ. അതിനാൽ ആ പരിചയം ലഭിപ്പാനാണ് അങ്ങുന്നു ആദ്യം ശ്രമിക്കേണ്ടതു്" എന്നിപ്രകാരം കുട്ടി പറഞ്ഞു. അജയസിംഹൻ തൻെറ കഷ്ടാവസ്ഥയേയും ചിതോർ വീണ്ടെടുക്കേണമെന്നുള്ള മോഹത്തേയും പററി കുട്ടിയോടുപറഞ്ഞു.

"പ്രഭോ, മുഞ്ജവലായകൻെറ ശിരസ്സുകൊണ്ടുവന്നു അങ്ങയുടെ തൃക്കാല്ക്കൽ കാഴ്ചവെയ്ക്കുവാൻ എനിക്കു എന്നാണൊ സാധിക്കുന്നതു് അന്നു ഞാനാരാണെന്നും മററും ഭവാനെ അറിയിച്ചുകൊള്ളാം. അല്ലാത്തപക്ഷം ഈ ക്ഷുദ്രജീവൻ എന്നെന്നേയ്ക്കുമായി പ്രപഞ്ചത്തിൽനിന്നും തിരോധാനം ചെയ്യുന്നതാണ്." ഇത്രയും പറഞ്ഞു അജയസിംഹനെ വന്ദിച്ചു ആ കുമാരൻ അവിടെനിന്നും പോയി. "ഈ വീരബാലൻ ആയിരിക്കാം; ഇവനെപ്പെററ ധന്യയായിത്തീൎന്ന ആസ്ത്രീരത്നം ഏതായിരിക്കും"

എന്നിങ്ങിനെ അജയസിംഹൻ ആലോചിച്ചുകൊണ്ടിരുന്നു. എത്ര ആലോചിച്ചു നോക്കിട്ടും യാതൊന്നും മനസ്സിലാക്കാൻ അദ്ദേഹത്തിന്നു കഴിഞ്ഞില്ല.

കുറച്ചുദിവസങ്ങൾ കഴിഞ്ഞപ്പോൾ മുജ്ജവലായകൻെറ ശിരസ്സുംകൊണ്ടു കുട്ടി അജയസിംഹൻെറ മുമ്പിൽ പ്രത്യക്ഷമായി. രക്തം ഇററിററു വീഴുന്ന ആ ശിരസ്സു അജയസിംഹൻെറ പാദങ്ങളിൽ സമപ്പിച്ചു കുട്ടി അദ്ദേഹത്തെ നമസ്കരിച്ചു. സന്തോഷപരവശനായ അജയസിംഹൻ ബാലകനെ ആലിംഗനം ചെയ്യുകയും പലവുരു മൂദ്ധാവിൽ ചുംബിക്കുകയും ചെയ്തു.

അദ്ദേഹം ഉൽക്കണ്ഠയോടെ "വത്സ നിൻെറ പേരെന്താണ്? വീരനായ നിൻെറ അച്ഛൻ ആരാണ്" എന്നു ചോദിച്ചു.

കുട്ടി — "ഞാൻ അരിസിംഹൻെറ പുത്രനായ ഹാമിരാണ്"

"എൻെറ ജേഷ്ഠൻെറ ഔരസപുത്രനോ! ഇതുവരെ നി ആരാണെന്നു മനസ്സിലാക്കിയില്ലല്ലോ. കഷ്ടംതന്നെ" ഇപ്രകാരം പറഞ്ഞ് അജയസിംഹൻ വീണ്ടും വീണ്ടും ഹാമിരനെ മാറോടണച്ചു തഴുകി. മുഞ്ജവലായകൻെറ മുണ്ഡത്തിൽനിന്നും സ്വല്പം രക്തമെടുത്തു ഹാമിരൻെറ നെററിയിൽ വിജയതിലകം തൊടുവിച്ച് അദ്ദേഹം പിന്നേയും പറഞ്ഞുതുടങ്ങി.

"പ്രിയവത്സ, നീ വീരനാണ്. നി ശ്രമിച്ചാൽ നമ്മുടെ പിതൃപിതാമഹന്മാരുടെ യശസ്സൂപിയായ ചിതോർ ഇപ്പോൾ ശത്രുക്കളുടെ കഠിനമദ്ദമേററു അസ്വാതന്ത്ര്യയായ്ക്കേഴുന്ന ചിതോർ, മിവാരലക്ഷ്മിയുടെ സൗന്ദരതിലകംപോലെ വിളങ്ങുന്ന ചിതോർ, വീണ്ടെടുക്കുവാൻ നിഷ്പ്രയാസം സാധിക്കുന്നതാണ്. സ്വാതന്ത്ര്യദേവതയുടെ നൃത്തനരംഗമായ മിവാരഭൂമിയുടെ ദുദ്ദശ നി കാണുന്നില്ലേ? ഇന്ദ്രപുരിയേക്കൂടി ലജ്ജിപ്പിക്കുന്ന ചിതോരിൽ മ്ലേച്ഛാധമന്മാരാണു നിവസിക്കുന്നതു്; എത്ര ശോചനിയം. ചിതോർ വീണ്ടെടുപ്പാനും മിവാരഭൂമിയെ സ്വതന്ത്രയാക്കാനും വളരെ വളരെ പണിപ്പെട്ടിട്ടും എനിക്കു സാധിച്ചില്ലല്ലൊ. എൻെറ പുത്രന്മാരിൽനിന്നു മിവാരജനനിക്ക് എന്തെങ്കിലും ഗുണം സിദ്ധിക്കുമെന്നുള്ള ആശ ലവലേശവും എനിക്കില്ല. ഇനി ഈ മഹൽകൃത്യം നിവ്വഹിക്കുവാൻ നീ ഒരുത്തനേയുള്ളു. ഇന്നുമുതൽ നീയാണു മിവാറിലെ മഹാറാണ. ശത്രുക്കളെ മീവാരഭൂമിയിൽനിന്നും ഉച്ചാടനം ചെയ്തു വളരെക്കാലം പ്രശസ്തമായരീതിയിൽ രാജ്യഭാരം ചെയ്വാൻ നിന്നെ ജഗൽപിതാവു തുണക്കട്ടെ."

പിതൃവ്യന്റെ കാല്പൊടി ശിരസ്സിലണിഞ്ഞുംകൊണ്ടു മീവാരല്ല മിയെ ശത്രുക്കളിൽനിന്നും വീണ്ടെടുക്കുവാൻ തീവ്രയത്നം ചെയ്യാമെന്നും വേണ്ടിവന്നാൽ പ്രാണനെക്കൂടി ബലികഴിക്കാമെന്നും ഹാമീർ ശപഥം ചെയ്തു. അന്നുതന്നെ അജയസിംഹൻ ബഹുജനസമക്ഷം ഹാമീരനാണു മീവാറിന്റെ ന്യായമായ അധിപനെന്നു പ്രഖ്യാപനം ചെയ്യുകയും കൈലബാരയിൽ വെച്ചുതന്നെ പട്ടാഭിഷേകം ഭംഗിയായി നടത്തുകയും ചെയ്തു.

II

അജയസിംഹന്റെ പുത്രന്മാരായ ആജിമസിംഹനും സുജനസിംഹനും പിതാവിന്റെ ഈ കൃത്യത്താൽ വളരെ ദുഃഖിതന്മാരായിത്തീൎന്നു. പക്ഷേ വിരോധം ഭാവിപ്പാൻ ഒട്ടുംതന്നെ ധൈൎയ്യമുണ്ടായില്ല. പ്രബലനായ മുഞ്ജവലായകനെ ഏകാകിയായി വധിച്ച ഹാമീരനോടു ശണ്ഠകൂടപോകുന്നതുകൊണ്ടു ഫലമൊന്നുമില്ലെന്നു് അവൎക്കറിയാമായിരുന്നു. എന്നാൽ ആജിമനു് ഈ ദുഃഖം ഏറെനാൾ അനുഭവിക്കേണ്ടിവന്നില്ല. കുറച്ചുദിവസങ്ങൾക്കുള്ളിൽ ആജിമസിംഹൻ ചരമഗതിയെ പ്രാപിച്ചു. സുജനസിംഹൻ തെക്കൻ ദിക്കിലേക്കു പലായനം ചെയ്തു. അവിടെ അദ്ദേഹം ഒരു രാജവംശം സ്ഥാപിച്ചു: ഈ വംശത്തിലാണു സുപ്രസിദ്ധനായ ശിവാജിയുടെ ജനനം. കൈലബാരയിൽ തന്നെയായിരുന്നു ഹാമീരന്റെ രാജധാനി. "മല്ലദേവൻ ഇപ്പോൾ ഭരിച്ചുവരുന്ന മീവാറിന്റെ ന്യായമായ അധിപൻ ഞാനാണു്. ഇപ്പോൾ മീവാർ ശത്രുക്കളുടെ കയ്യിലാണെന്നുള്ളതു വാസ്തവംതന്നെ. പക്ഷേ താമസിയാതെ ഞാൻ അതു കൈവശപ്പെടുത്താതിരിക്കയില്ല. മീവാർ നിവാസികളിൽ ആരാരാണോ എന്നെ ന്യായമായ അധിപനായിക്കരുതുന്നതു്, അവർ താമസിയാതെ കൈലബാരയിൽ എന്റെ ആ ആശ്രയത്തിൽ കാമസിക്കേണ്ടതാണു്. അല്ലാത്തവരെ ശത്രുപക്ഷത്തിൽ ചേൎന്നവരായ്ക്കരുതുന്നതുമാണു്." എന്നിങ്ങനെ ഹാമീർ വിളംബരം ചെയ്തു. മീവാറിൽനിന്നും അനവധി ആളുകൾ സകുഡുംബം കൈലബാരയിൽ വന്നു താമസിപ്പാൻ തുടങ്ങി. കൈലബാരയിൽ വളരെ ദേവാലയങ്ങളും വാസഭവനങ്ങളും മനോഹരതടാകങ്ങളും മററും ഹാമീർ നിൎമ്മിച്ചു. കമലമീരത്തിൽ വളരെ വലുതും അതിമനോഹരവുമായ ഒരു തടാകം നിൎമ്മിച്ചതിന്നു "ഹാമീർ തലാവു്" എന്നായിരുന്നു പേർ. ഈ തടാകം ഇന്നും ഹാമീരിന്റെ കീൎത്തിചിഹ്നമായ്പരിശോഭിക്കുന്നുണ്ടു്. ഹാമീർ കാലതാമസംകൂടാതെ സൈന്യശേഖരം തുടങ്ങി. അദ്ദേഹത്തിന്റെ സേനയിൽ ഭീലഭടന്മാരായിരുന്നു അധികം. സൈന്യം ചെറുതായിരുന്നുവെങ്കിലും അഭ്യാസഗുണത്താൽ അതു പ്രായേണ ദുദ്ധൎഷമായ്ത്തീൎന്നു.

രാവും പകലും മിവാരഭൂമിയെ സ്വതന്ത്ര്യയാക്കുവാനുള്ള ചിന്തയേ അദ്ദേഹത്തിന്നുണ്ടായിരുന്നുള്ളു. ചിതോരിൻെറ സുന്ദരമൂൎത്തിയെ അദ്ദേഹം സ്വപ്നത്തിൽപോലും കണ്ടുവന്നിരുന്നു. മലിനവസനയായ് അശ്രുപൎയ്യാകുലേക്ഷണയായ്

"വത്സ, ഞാൻ നിൻെറ ജനനിയാണ്. എൻെറ ദുരവസ്ഥ നീ കാണുന്നില്ലേ? ഈ മ്ലേച്ഛാധമന്മാരിൽനിന്നും എന്നെ ഉദ്ധരിക്കേണമേ" എന്നിങ്ങിനെ ഗൽഗദസ്വരത്തിൽ പറഞ്ഞുകൊണ്ട് അദ്ദേഹത്തിൻെറ ശയ്യക്കരികെ നില്ക്കുന്ന സ്ത്രീരൂപം മീവാരജനനിയല്ലാതെ ആരാണ്?

III

മല്ലദേവൻെറ ദൂതൻ തൻെറ യജമാനൻ കൊടുത്തയച്ച നാളികേരവുംകൊണ്ടു ഹാമീരൻെറ മുമ്പിലെത്തിച്ചേൎന്നു. ഒരുവൻ തൻെറ മകളുടെ വരനായി ആരേയെങ്കിലും സങ്കല്പിച്ചിട്ടുണ്ടെങ്കിൽ ആയാൾ അങ്ങിനെ കല്പിക്കപ്പെട്ട ആൾക്കു നാളികേരം കൊടുത്തയച്ചിരുന്നു. സങ്കല്പിക്കപ്പെട്ട ആൾക്കു മറേറയാളുടെ പുത്രിയെ വിവാഹം ചെയ്വാൻ സമ്മതമാണെങ്കിൽ നാളികേരം സ്വീകരിക്കുകയും അല്ലെങ്കിൽ മടക്കി അയക്കുകയും ചെയ്തിരുന്നു. രാജപുത്രന്മാരുടെ ഇടയിൽ പണ്ടുപണ്ടേ നടപ്പുള്ളതായിരുന്നു ഈ സമ്പ്രദായം. "ആരാണു നാളികേരമയച്ചിട്ടുള്ളത്." എന്നു ഹാമിർ ദൂതനോടു ചോദിച്ചു.

"ചിതോരിലെ അധീശ്വരനായ മല്ലദേവനാണ്." ദൂതൻെറ ഈ മറുപടി കേട്ടു ഹാമീർ കോപാന്ധനായി. ദ്വേഷ്യംകൊണ്ട് അദ്ദേഹത്തിൻെറ കണ്ണുകൾ ചുകന്നു. "മല്ലദേവൻ ചിതോരിൻെറ അധീശ്വരൻ" ഈ വാക്കുകൾ അദ്ദേഹത്തിന്നു കണ്ണുകറോരമായിത്തോന്നി.

തന്നോടുള്ള അവജ്ഞ കാണിപ്പാനായിരിക്കാം ഒരുപക്ഷേ മല്ലദേവൻ നാളികേരം കൊടുത്തയച്ചിട്ടുള്ളത് എന്നും അദ്ദേഹം ആലോചിക്കാതിരുന്നില്ല. കുറച്ചുനേരം അദ്ദേഹം ഒരക്ഷരംപോലും മിണ്ടാതെ എന്തെല്ലാമോ ആലോചിച്ചുകൊണ്ടിരുന്നു. ഒടുവിൽ അദ്ദേഹം നാളികേരം സ്വീകരിച്ചു.

സഭാസ്ഥരായ പ്രജകൾ സ്വീകരണകാൎയ്യത്തിൽ വിരോധം പ്രദൎശിപ്പിച്ചുവെങ്കിലും ഹമീർ അതൊന്നും വകവെച്ചതേയില്ല.

വിവാഹദിവസം നിശ്ചയിച്ച് മല്ലദേവൻ ഹാമീരനെ വിവരമറിയിച്ചു. "മല്ലദേവൻ അങ്ങയുടെ പരമ ശത്രുവും നീചനുമാണ്. അങ്ങുന്നു ചിതോരിലേക്കു പോകുന്നത് ഒന്നുകൊണ്ടും നന്നായിരിക്കുല്ല. ഒരുപക്ഷേ ഭവാന്ന് കഠിനമായ അവമാനവും ജീവഹാനിയും കൂടെ വരുത്തിക്കൂട്ടുകയില്ലെന്നാരറിഞ്ഞു?"

സദസ്യരുടെ ഈ വാക്കുകേട്ടു ഹാമീർ കൂസൽ കൂടാതെ ഇങ്ങിനെ പറഞ്ഞു. "ഭയപ്പെട്ടുവാനെന്താണുള്ളതു്? ഞാൻമല്ലദേവൻെറ രാജധാനിയിലേക്കാണോ പോകുന്നതു്. എൻെറ പൂർവ്വികന്മാരുടെ കീർത്തിസ്തംഭമായ ചിതോരിലെക്കല്ലേ? അവിടെവെച്ചു അവമാനം നേരിട്ടാലും വേണ്ടില്ല. ജീവഹാനി വരുന്നതായാൽകൂടിയും ആയതു് സൌഭാഗ്യമാണെന്നാണു് ഞാൻ കരുതുന്നതു്."

എന്നാലും പ്രജകളുടെ മനസ്സിൽ ഒട്ടും തന്നെ സമാധാനമുണ്ടായില്ല. അവമാനം വരുമോ. ജീവഹാനിവരുമോ. ആ വക ശങ്കകളൊന്നും ഹാമീരൻെറ മനസ്സിൽ കടന്നുകൂടിയതേയില്ല. പൂർവ്വികന്മാരുടെ യശസ്തൂപിയായ ചിതോർ ഒരുനോക്കു കണ്ടു തൃപ്തിയടയുവാനുള്ള ആഗ്രഹമായിരുന്നു അദ്ദേഹത്തിൻെറ ഹൃദയത്തിൽ മുന്തിനിന്നിരുന്നതു്. പത്തഞ്ഞൂറു ഭടന്മാരോന്നിച്ചു് ഹാമീർ ചിതോരിലേക്കുയാത്ര പുറപ്പെട്ടു.

IV

ചിതോർ സമീപിച്ചപ്പോൾ ഹാമീർ കണ്ണടച്ചു് ചിതോരിലേ അധിഷ്ഠാത്രിയായ ദേവതയെ ഭക്തിപൂർവ്വം സ്മരിച്ചുതുടങ്ങി. ക്രമേണ അവർ നഗരിയിൽ എത്തിച്ചേരാറായി. പ്രതാപശാലിയായ മല്ലദേവൻെറ പുത്രിയുടെ വിവാഹത്തിന്നു ചേർന്നസമാരോഹമൊന്നും അവിടെ കാണ്മാനുണ്ടായിരുന്നില്ല. നഗരി അലങ്കരിച്ചിട്ടില്ലെന്നല്ല ആൾത്തിരക്കാവട്ടേ ശബ്ദകോലാഹലമാകട്ടേ ഒന്നുംതന്നേയില്ല- ഹാമീരൻേറസഹചരന്മാർവല്ലാതെ വിസ്മയിച്ചു. കൈലബാരയിലേക്കു തിരിച്ചു പോകുന്നതാണു് നല്ലതു് എന്നു് അനുചരന്മാർ അദ്ദേഹത്തോടുപദേശിച്ചു. ഹാമിരാകട്ടേ ബാഹ്യജ്ഞാനശൂന്യനായി ചിതോരിൻെറ സുന്ദരരൂപദ്ധ്യാനത്തിൽ ലയിച്ചിരിക്കയായിരുന്നു. പിതൃപിതാമഹരുടേ ശൌര്യപരാക്രമങ്ങളാൽ ധന്യമായിത്തീർന്ന പുണ്യഭൂമിയിലാണു് അദ്ദേഹമിപ്പോൾ സ്ഥിതിചെയ്യിരുന്നതു്. ആ വിശുദ്ധഭൂമിയേക്കുറിച്ചുള്ള ചിന്തയല്ലാതേ വേറെ വല്ല വിഷയങ്ങളും ഇപ്പോൾ അദ്ദേഹത്തിൻെറ മനസ്സിൽ പ്രവേശിച്ചില്ല. നഗരിയിലെത്തിച്ചേർന്നപ്പോൾ മല്ലദേവനും പുത്രന്മാരും അദ്ദേഹത്തേ എതിരേററു കൂട്ടിക്കൊണ്ടുപോയി. കോട്ടവാതുല്ക്കൽ ഒരു ഗോപുരം നിർമ്മിച്ചിട്ടുണ്ടായിരിക്കും. വരൻകുന്തംകൊണ്ടു് അതു താഴേ തള്ളിയിട്ടിട്ടുവേണം വധൂഗൃഹത്തിൽപ്രവേശിപ്പാൻ. വധുവിൻെറ തോഴിമാർ ഗോപുരത്തിന്മേൽ നിന്നു മംഗളഗാനങ്ങൾ പാടിക്കൊണ്ടിരിക്കും. വരൻ ഗോപുരം വീഴ്ത്തുന്നതിന്നല്പം മുമ്പായി കുറച്ചു് ശുഷ്കഫലചൂർണ്ണം ആയാളുടേ മേൽ വിതറി അവർ ഗോപുരത്തിൽനിന്നുംപോകും.

ഇവിടേ ഗോപുരവും നിർമ്മിച്ചുകാണുന്നില്ല. വിവാഹത്തിന്നു

വേണ്ട യാതൊരു ചടങ്ങുകളും കാണുന്നില്ല. എന്തു വിവാഹമാണ് ഇതു ഹാമീരൻെറ അനുഗാമികൾക്ക് പലേസംശയങ്ങളും തോന്നിത്തുടങ്ങി. ഒരു മുറിമാത്രം അല്പം അലങ്കരിച്ചിരുന്നു. ഒരു ചെറിയവിളക്കും കൊളുത്തിവെച്ചിരുന്നു. ഈ മുറിയിൽ വെച്ചായിരുന്നു വിവാഹം. ഹാമീർ ആമുറിയിലേക്കു കടന്നു. ഉടനേ വധുവിനേയും ആ മുറിയിൽ പ്രവേശിപ്പിച്ചു. അഗ്നിസാക്ഷിയായ് പാണിഗ്രഹണവും കഴിഞ്ഞു

വിവാഹം നടന്നു. പക്ഷേ അതിത്ര ഗോപ്യമായ് നടത്തേണ്ടുന്ന ആവശ്യം എന്തായിരുന്നുവെന്ന് എത്ര ആലോചിച്ചിട്ടും ആക്കും മനസ്സിലായില്ല.

V

ചുമരിന്മേലുള്ള ചിത്രപടങ്ങളേ നോക്കിക്കൊണ്ടു ശയ്യാഗൃഹത്തിൽ ഹാമീർ ഏകാകിയായിക്കിടന്നിരുന്നു. രാത്രി കുറേ അതിക്രമിച്ചിരുന്നുവെങ്കിലും അദ്ദേഹത്തിന്നു ഉറക്കം തീരേ വന്നതേയില്ല.

മിവാറിലേ ശൂരവിരന്മാരുടേയും ധീരവനിതകളുടേയും മനോഹരമായ പടങ്ങൾനോക്കുന്തോറും ചിതോരിനേക്കുറിച്ചുള്ള ചിന്തകൾ അദ്ദേഹത്തിൻെറ ഹൃദയത്തിൽ തള്ളിക്കയറിത്തുടങ്ങി.

പൊട്ടന്നനവേ ഒരു നൂപുരധ്വനി കേൾക്കുമാറായി. അല്പ നിമിഷങ്ങൾക്കുള്ളിൽ വധു മുറിക്കുള്ളിൽ പ്രവേശിച്ചു. വളരേ വിലപിടിച്ച പണ്ടങ്ങളോ അതി കേമമായ വസ്ത്രങ്ങളോ അവൾ ധരിച്ചിരുന്നില്ല; എങ്കിലും അവൾ അതി സുന്ദരിയായിരുന്നു. അവൾ കുറേ ദൂരെ നിന്നതല്ലാതെ ഹാമിരൻെറ അടുക്കെച്ചെന്നില്ല.

"അടുത്തുവരു" എന്നു ഹാമീർ പറഞ്ഞിട്ടും അവൾ അരികത്തു ചെന്നില്ല. ലജ്ജയാലായിരിക്കും എന്നോത്തു സ്നേഹസ്വരത്തിൽ ഹാമീർ "നിൻെറ പേരെന്താണ്" എന്നു ചോദിച്ചു.

"രത്നമയി" എന്നു അവൾ പതുക്കെപ്പറഞ്ഞു.

മന്ദഹസിച്ചുകൊണ്ടു ഹാമീർ "എത്ര നല്ല പേരാണ്? രത്നം സമീപത്തു വരു" എന്നു വീണ്ടും പറഞ്ഞു. എന്നിട്ടും അവൾ അടുത്തുചെന്നതേയില്ല. ഹാമീർ അവളെപ്പിടിച്ചു കട്ടിലിന്മേൽ ഇരുത്തുവാനുത്സാഹിച്ച് അവളുടെ അടുത്തുചെന്നു. "മഹാറാണാ, എന്നെത്തൊടരുത്" എന്നു രത്നമയി പറഞ്ഞതു കേട്ടു അദ്ദേഹം അല്പം പിന്നോക്കം മാറി. "എന്തുകൊണ്ടാണു തൊടാൻ പാടില്ലാത്തു എന്നു" ചോദിച്ചു.

രത്നമയി—"എൻെറ അച്ഛൻ അങ്ങയെ കലശലായി അവമാനിച്ചിരിക്കുന്നു.

ഹാമീർ—അതു ശരിയായിരിക്കാം. പക്ഷേ അതിന്നു നീയെന്താണു പിഴച്ചതു്.

രത്നമയി—അങ്ങുന്നു മീവാറിലെ മഹാറാണയാണ്. മീവാരനിവാസികൾക്കു മഹാറാണ ദേവതുല്യനത്രേ. അങ്ങിനെയുള്ള മീവാരാധീശ്വരനെ അച്ഛൻ കലശലായി അവമാനിച്ചിരിക്കുന്നു. ഇതെങ്ങിനെ സഹിക്കും." ഇത്രയും പറഞ്ഞ് അവൾ കണ്ണുനീർ വാൎക്കുവാൻ തുടങ്ങി.

ഹാമീർ—അതെല്ലാം എനിക്കറിയാം. രത്നം; നീ കരയേണ്ട.

രത്നമയി—ഇല്ല; ഞാനെന്താണു പറയുവാൻ പോകുന്നതു്. ആ വിവരം അങ്ങേക്കറിഞ്ഞുകൂടാ. എൻെറ അച്ഛൻ ചതിയായി തൻെറ വിധവയായ പുത്രിയേയാണ് അങ്ങേക്കു വിവാഹം ചെയ്തുതന്നതു്."

"രത്നം നീ വിധവയാണോ? സത്യമാണോ് നീ പറയുന്നതു്." എന്നു ഹാമീർ പരിഭ്രമത്തോടെ ചോദിച്ചു:

രത്നമയി പ്രഭോ അങ്ങയോടു അസത്യം പറയുവാൻ ഇവൾ ധൈൎയ്യപ്പെടുമോ?

ഹാരമീന്നു് കലശലായ കോപമുണ്ടായി. ക്രോധംകൊണ്ടു് അദ്ദേഹത്തിൻെറ നേത്രങ്ങൾ ജ്വലിച്ചു. "അദ്ദേഹം വാളൂരി കശ്മലനായ മല്ലദേവൻ എവിടെ? ആ നീചൻെറ ചുടുചോരയിൽ എൻെറ ഖഡ്ഗം ആറാടിയശേഷമല്ലാതെ ഒരു തുള്ളി വെള്ളംപോലും ഞാൻ കഴിക്കുന്നതല്ല" എന്നു ഉറക്കേപ്പറഞ്ഞു മല്ലദേവൻെറ ശയനഗൃഹത്തിലേക്കു പുറപ്പെട്ടു. രത്നമയി അദ്ദേഹത്തെ തടഞ്ഞുനിൎത്തി. സാഹസത്തിൽനിന്നു വിരമിക്കേണമെന്നപേക്ഷിച്ചു.

ഹാമീർ വിരക്തിയും ദ്വേഷ്യവും ഇടചേൎന്ന സ്വരത്തിൽ "രത്നം! അവമാനം സഹിച്ചു ജീവിച്ചിരിപ്പാൻ ഉപദേശിക്കുന്ന നീ രാജപുത്രസ്ത്രീയാണോ പരിശുദ്ധമീവാരഭൂമിയിൽപ്പിറന്നവളാണോ?"

രത്നമയി "മഹാറാണാ ഞാൻ രാജപുത്രസ്ത്രീയാകയാൽതന്നെയാണ് അങ്ങയെ തടഞ്ഞതു്. എൻെറ അച്ഛൻ രാജപുത്രകുലത്തിന്നു് ഒരു കളങ്കംതന്നെയാണ്. അങ്ങയുടെ പവിത്രവംശത്തിന്നു് അപഖ്യാതിയുണ്ടാക്കിത്തീൎത്ത എൻെറ അച്ഛനെ അങ്ങുന്നു വധിക്കുന്നതായാൽകൂടി അതിന്നു ഞാൻ തടസ്ഥം പറയുകയില്ല. പക്ഷേ ഇപ്പോൾ ഈ സാഹസത്തിനൊരുമ്പെട്ടാൽ അങ്ങേക്കു ആപത്തു പിണയുമെന്നു എനിക്കു തീൎച്ചയായും തോന്നുന്നുണ്ടു്.

ഹാമീർ "രത്നം; ഒരു രാജപുത്രൻ ആപത്തിനെ പുല്ലുപോലെയാണ് കരുതുന്നതെന്നു് നിനക്കറിഞ്ഞുകൂടെ?"

രത്നമയി "അതു ശരിതന്നെ. മഹാറാണാ; ഏതൊരുത്തൻ അതി പ്രബലനായ ഭവാനെ ഉപായത്തിൽ ഇവിടെ വിളിച്ചുവരുത്തി കല

ശലായി അവമാനിച്ചുവോ ആയാലം യാതൊരു മുൻകരുതലുമില്ലാതെ അ ങ്ങിനെ ചെയ്യുമോ? മല്ലദേവൻെറ ഭടന്മാർ ജാഗ്രതകന്മാരായി കോട്ടകളിൽത്തന്നെ സ്ഥിതിചെയ്യുന്നു. കുറച്ചു ഭടന്മാരേ അങ്ങയേസ്സഹായിപ്പാനുള്ളു. അവരോ കോട്ടക്കുപുറമേയാണുതാനും. പ്രഭോ എല്ലാററിനും സമയവും അസമയവും ഉണ്ട്. സമയാസമയം നോക്കാതെ ഏതുകാര്യത്തിലും ഏപ്പെടുന്നതു് തിരെ ഉചിതമായിരിക്കയില്ല. അങ്ങുന്ന് ഇപ്പോഠം ഏതൊരു മഹൽക്കാര്യം നിവ്വഹിപ്പാൻ ഉത്സുകനായി കഴിച്ചുകൂട്ടുന്നുവോ അക്കാര്യം നിവ്വഹിപ്പാൻ അവിവേകംമൂലം വല്ലതും ഇപ്പോഠം ചെയ്യുപോയാൽ അങ്ങയ്ക്കു് സാധിക്കാതെവന്നേയ്ക്കാം. മിവാരഭൂമിയെ ശത്രുക്കളിൽനിന്നും വീണ്ടെടുക്കുവാൻ ഹാമീരനല്ലാതെ മററാക്കുകഴിയും? ഈ ഘട്ടത്തിൽ ഈ അവിവേകംമൂലം ഒരുപക്ഷേ ജീവഹാനികൂടി നേരിട്ടേക്കാം. അങ്ങനെ സംഭവിച്ചാൽ മിവാരജനനിയുടെ അവസ്ഥ എന്തായിരിക്കുമെന്നു് അങ്ങ് ഗാഢമായ് ആലോചിച്ചുനോക്കു. അങ്ങയേത്തടഞ്ഞുനിൎത്തിയതിനാൽ ഞാൻ കുററക്കാരിയായ് തീൎന്നിരിക്കാം. ഉചിതമെന്നു തോന്നുന്ന ശിക്ഷ നല്കുവാൻ വിരോധമൊന്നുംതന്നെയില്ല.

"രത്നം നീ പറഞ്ഞതെല്ലാം സാരമേറിയതാണ്. നിനക്കു ഞാൻ ശരിയായ ശിക്ഷതരാം. എൻെറ ശക്തിയേറിയ ഭുജങ്ങളംകൊണ്ടു നിന്നെബ്ബന്ധിച്ചു എൻെറ പ്രേമപൂൎണ്ണഹൃദയമായ കാരാഗൃഹത്തിൽ ചിരകാലം പാൎപ്പിച്ചേക്കാം." എന്നിങ്ങനെ പറഞ്ഞു ഹാമീർ അവളെ സ്നേഹപൂൎവ്വം മാറോടണച്ചു ആലിംഗനം ചെയ്തു.

## VI.

മല്ലദേവൻ ഹാമീരനേ വിളിച്ചുവരുത്തി ഉപായത്തിൽ വിധവയായ പുത്രിയേ വിവാഹം ചെയ്തുകൊടുത്തു് അദ്ദേഹത്തെ അവമാനിച്ചു തൃപ്തനായെങ്കിലും ഹാമീരൻ ചിതോർ വിട്ടുപോകുന്നതുവരെ മനസ്സിൽ അല്പം ഭയമുണ്ടായില്ലെന്നില്ല. ഒടുവിൽ വേർപാടിനുള്ള ദിവസം വന്നുചേൎന്നു. ശ്വശുരൻ ജാമാതാവിനു സ്ത്രീധനമായി എന്തെങ്കിലും കൊടുക്കുന്ന സമ്പ്രദായമനുസരിച്ചു മല്ലദേവനും ഹാമീരനു് എന്തെങ്കിലും കൊടുക്കുവാനാഗ്രഹിച്ചു. ശ്വശുരൻെറ ആഗ്രഹം അറിഞ്ഞ സമയം "എന്തെങ്കിലും 'യൌതുകം' നല്കുവാൻ താങ്കഠം ആഗ്രഹിക്കുന്നുണ്ടെങ്കിൽ അങ്ങയുടെ വിശ്വസ്തസേവകനും സമൎത്ഥനും ആയ ജാലനേ എനിക്കു തരുന്നതാണു നല്ലതു്." എന്നു ഹാമീർ പറഞ്ഞു. രത്നമയിയുടെ ഉപദേശാനുസരിച്ചാണിങ്ങിനെ പറഞ്ഞതു്. മല്ലദേവൻ പരുങ്ങലിലായി. രത്നവിഭൂഷണാദികഠ ചോദിക്കാതെ ഇങ്ങിനെ ആവശ്യപ്പെട്ടതോൎത്തു്

അദ്ദേഹത്തിന് അത്ഭുതവും ഭയവുമുണ്ടായി. പക്ഷേ ചോദിച്ചതു കൊടുക്കാതിരിക്കാൻ നിവൃത്തിയില്ലല്ലോ.

രത്നമയിയും ഹാമീരനും ജാലനും കൈലബാരയിലേക്കു പുറപ്പെട്ടു. വഴിയിൽ വെച്ച ഹാമീർ തൻെറ സകല വൃത്താന്തങ്ങളും ജാലനെ ധരിപ്പിച്ചു. ജാലൻ പറഞ്ഞു "മഹാറാണാ, അങ്ങയുടെ മോഹം താമസിയാതെ സഫലമാകും. മീവാർ ശത്രുക്കളിൽനിന്നും വേഗം വീണ്ടെടുത്തു യശസ്സോടുകൂടി സുഖമായി രാജ്യഭാരം ചെയ്യാൻ അങ്ങക്ക് ഇടവരും; സംശയമില്ല."

കൊല്ലം ഒന്നു കഴിഞ്ഞു. രത്നമയി സുന്ദരനായ ഒരു ആൺകുട്ടിയെ പ്രസവിച്ചു. മീവാറിലേ ക്ഷേത്രപാലഭഗവാൻെറ അനുഗ്രഹം ഹേതുവായി പിറന്ന കുട്ടിയാകയാൽ കുട്ടിയെ ക്ഷേത്രപാല ക്ഷേത്രത്തിൽ കൊണ്ടുപോയി തൊഴുവിക്കുകയും പൂജകൾ നടത്തുകയും വേണമെന്നു ജ്യോത്സ്യൻ അഭിപ്രായപ്പെട്ടു. രത്നമയിയെ കൈലബാരയിൽനിന്നും പറഞ്ഞയക്കുവാൻ ഹാമീരനു മനസ്സുണ്ടായിരുന്നില്ല. പക്ഷേ പറഞ്ഞയക്കാതിരിപ്പാൻ നിവൃത്തിയില്ലാതിരുന്നതിനാൽ ഒടുക്കം അദ്ദേഹം അതിന്നു സമ്മതിച്ചു. ജാലൻ ചിരിച്ചുംകൊണ്ടു പറഞ്ഞു. "പ്രഭോ, മംഗലസമയം സമീപിച്ചുവെന്നു തോന്നുന്നു. രാജ്ഞിയെ മീവാറിലേക്കയക്കുവാൻ വിരോധമൊന്നുമില്ല. കുറച്ചു ദിവസത്തിന്നുള്ളിൽ അങ്ങേയ്ക്കും അവിടെ എത്തിച്ചേരേണ്ടിവരുമെന്നു തോന്നുന്നു. സ്വതന്ത്ര്യയാകുവാൻ വിളംബമില്ലാത്ത മീവാരഭൂമിയുടെ അധീശ്വരനെ എതിരേല്ക്കുവാൻ ഞാൻ അവിടെ തയ്യാറായിരുന്നുകൊള്ളാം."

രത്നമയിയും ജാലനും മീവാറിലെത്തിച്ചേൎന്നു. പൂജയും മററും ഭംഗിയായ്ക്കഴിഞ്ഞുകൂടി. ക്ഷേത്രപാലകൃപയാൽ പിറന്നവനാകയാൽ കുട്ടിക്കു ക്ഷേത്രസിംഹനെന്നു പേരിട്ടു. ജാലൻ ഹാമീരനോടു പറഞ്ഞതു് ഏകദേശം വാസ്തവമായിരുന്നു. മീവാറിൻെറ സ്ഥിതിയിൽ ഗണ്യമായ ചില പരിവൎത്തനങ്ങൾ കണ്ടുതുടങ്ങിയിരുന്നു. മല്ലദേവൻ ഹാമീരനേ അവമാനിച്ചതറിഞ്ഞു മീവാരനിവാസികളിൽ മിക്കപേരും ആയാളെ വെറുത്തു തുടങ്ങിയിരുന്നു. ആ നീചനെ ആട്ടിയോടിച്ചു മീവാരഭൂമിയെ സ്വതന്ത്ര്യയാക്കിത്തീൎക്കണമെന്ന മോഹം അവരിൽ ഉത്ഭവിച്ചു കഴിഞ്ഞിരുന്നു. ഹാമീരനെ സഹായിപ്പാൻ അവർ സൎവ്വഥാ തയ്യാറായ്ക്കഴിഞ്ഞിരുന്നു. പ്രബലനായ ഒരു ശത്രുവിനോടു നേരിടുവാൻ വേണ്ടി മല്ലദേവൻെറ സൈന്യം മീവാറിൽനിന്നും ദൂരെ എവിടേക്കോ പോയിരുന്നു. ജാലൻ രത്നമയിയോടു പറഞ്ഞു "അമ്മേ! നല്ലോരവസരം കൈക്കലായിരിക്കുന്നു. ഇപ്പോൾ വേണ്ടതു പ്രവൎത്തിക്കാഞ്ഞാൽ പിന്നെ മീവാർ വീണ്ടെടുപ്പാൻ പ്രയാസമായിരിക്കും."

രത്നമയി കാൎയ്യം ശരിയാണെന്നു സമ്മതിച്ചു. പക്ഷേ ഈ ശ ണ്ഠയാൽ തൻെറ അമ്മ സഹോദരീസഹോദരന്മാർ ഇവൎക്കു നേരിട്ടേ ക്കാവുന്ന കഷ്ടങ്ങൾ ഓൎത്തപ്പോൾ അവൾ നടുങ്ങി. എന്നാൽ മാതൃഭൂമി യുടെ ദയനീയസ്ഥിതിയോൎക്കുമ്പോൾ ഇതെല്ലാം എത്രയോ തുച്ഛം. ജന്മഭൂ മിക്കുവേണ്ടി തൻെറ സൎവ്വസ്വവും ത്യജിപ്പാൻ സന്നദ്ധയായ രാജപുത്രി ഈ വക സംഗതികളെ ഗണ്യമാക്കി മാതൃഭൂമിയുടെ സ്വാതന്ത്ര്യസിദ്ധി ക്കായി ശ്രമിക്കാതിരിക്കുന്നതു എത്രയും അധൎമ്മമല്ലേ? തൻെറ ഭൎത്താവാ കട്ടെ സദാപി മാതൃഭൂമിയെ സ്വതന്ത്രയാക്കുവാനുള്ള ചിന്തയിൽ മുഴുകി യിരിക്കേ ആ ധീരൻെറ സഹധൎമ്മിണിയായ താൻ അമ്മയേയല്ല, അ ച്ഛനെയല്ല, മററു സൎവ്വസ്വവും മറന്നു ഭൎത്താവിൻെറ ഹിതസാദ്ധ്യത്തി ന്നായി പരിശ്രമിക്കേണ്ടതു തൻെറ കടമയാണെന്നു അവൾ നിശ്ചയി ച്ചു. ഉടനെ ജാലനെ വിളിച്ചു ഇനി വേണ്ടതെല്ലാം വേഗം പ്രവൎത്തിക്കു ക തന്നെ എന്നു പറഞ്ഞു. ജാലൻ വിവരങ്ങളെല്ലാം ഹാമീരനേ അറിയി ച്ചു. മീവാറിലെ ന്യായമായ അധീശ്വരൻ ജന്മഭൂമിയുടെ ഉദ്ധാരണത്തി ന്നായ്വരുന്നുണ്ടെന്നറിഞ്ഞപ്പോൾ പ്രജകൾ സന്തുഷ്ടരായി. സകലരും അ തിരററ സന്തോഷത്തോടേ ഹാമീരനേ എതിരേററു. വലിയ കുഴപ്പമൊ ന്നും കൂടാതെതന്നേ കുറച്ചു നാളുകൾക്കുള്ളിൽ മീവാർ ഹാമീരന്നധീന പ്പെട്ടു. ഈ വിവരമറിഞ്ഞു മല്ലദേവൻ ബദ്ധപ്പെട്ടു മീവാറിലെത്തിച്ചേ ൎന്നു. യുദ്ധത്തിൽ അദ്ദേഹത്തിൻെറ ഭടന്മാർ മിക്കവാറും നശിച്ചിട്ടുണ്ടാ യിരുന്നു. ശേഷിച്ച ഭടന്മാരോടൊന്നിച്ചു അദ്ദേഹം ഹാമീരനെ എതി ൎത്തു. പക്ഷെ യാതൊരു പ്രയോജനവും ഉണ്ടായില്ലെന്നല്ല തോററു തുന്നം പാടി ശരീരരക്ഷക്കായ് പലായനം ചെയ്യേണ്ടിവരികയും ചെയ്തു. മല്ല ദേവൻ പിന്നെ അലാവുദീൻെറ സഹായം അപേക്ഷിച്ചു. മീവാർ ഹാ മീരന്നധീനപ്പെട്ടുവെന്ന വിവരം അലാവുദിനെ വല്ലാതെ ദുഃഖിതനാക്കി ത്തീൎത്തു. പക്ഷെ വൃദ്ധനും രോഗപീഡിതനുമായ അലാവുദിൻ അപ്പോ ൾ യുദ്ധത്തിന്നു ശക്തനായിരുന്നില്ല. ഏറെത്താമസിയാതെ അദ്ദേഹം ഇഹലോകം വെടിയുകയും ചെയ്തു. അദ്ദേഹത്തിൻെറ പുത്രനായ മുബാ രക്ക്ഖിൽജിക്കു ഹാമീരനെത്തോല്പിച്ചു മീവാർ വീണ്ടെടുത്താല്ക്കൊള്ളാമെ ന്ന മോഹം കലശലായ്ത്തീൎന്നു. തൻെറ ബാഹുബലത്തെക്കുറിച്ചു ഈ യാൾക്കു അതിരില്ലാത്ത അഭിമാനമുണ്ടായിരുന്നു. ഹാമീരനെ നിഷ്പ്രയാ സം തോല്പിക്കാമെന്നും ഹാമീരൻെറ ശിരോമുണ്ഡംകൊണ്ടു അമ്മാനമാടാ മെന്നും ആയാൾ കരുതി. വമ്പിച്ച സേനയോടുകൂടി ആയാൾ മീവാർ ആക്രമിച്ചു. വീരാഗ്രേസരനായ ഹാമീരൻ മുഹമ്മദീയ സൈന്യത്തെ നിശ്ശേഷം ഒടുക്കുകയും മുബാരക്കിനെ ബന്ധനസ്ഥനാക്കുകയും ചെയ്തു.

തന്നെത്തോല്പിച്ച തന്റെ ശിരോമുണ്ഡംകൊണ്ടു അമ്മാനമാടുവാനാഗ്രഹിച്ച മുബാരക്കിന്റെ ശിർഷംകൊണ്ടു വേണമെങ്കിൽ ഹാമിരന്നു അമ്മാനമാടാമായിരുന്നു. എന്നാൽ ദയാനിധിയായ അദ്ദേഹം മുബാരക്കിനെ കാരാഗൃഹത്തിൽനിന്നും മോചിച്ചു ബഹുമാനപൂർവ്വം സല്ക്കരിച്ചശേഷം ദൽഹിയിലേക്കു പറഞ്ഞയച്ചു. അനവധി വിശേഷവസ്തുക്കൾ ഹാമീരന്നു കാഴ്ചവെച്ചു ഇനിമേലിൽ അദ്ദേഹത്തിന്നെതിരായി യാതൊന്നും പ്രവർത്തിക്കുകയില്ലെന്നു ശപഥംചെയ്തു മുബാരക് ദൽഹിയിലേക്കു മടങ്ങി. മല്ലദേവൻ വളരെ കഷ്ടങ്ങളെല്ലാം സഹിച്ചശേഷം പരലോകപ്രാപ്തനായിരിക്കുന്നു. അദ്ദേഹത്തിന്റെ പുത്രൻ വനവീരൻ ഹാമീരന്റെ ശരണം പ്രാപിച്ചു. തങ്ങൾക്കു വിരോധമായി പ്രവൃത്തിച്ചിരുന്നവനാണു വനവീരൻ എങ്കിലും ഹാമീരനും രത്നമയിയും അതെല്ലാം മറന്നു വളരെ ആദരവോടെ ആയാളെ തങ്ങളുടെകൂടെ താമസിപ്പിച്ചു. ഹാമീരന്റെ സൽഭരണം മൂലംമിവാറിലെ ഭാഗ്യസൂര്യൻ പൂർവ്വാധിക പ്രഭയോടെ ഉദിച്ചുയന്നു. പ്രജകളെ ഉള്ളഴിഞ്ഞു സ്നേഹിക്കുകയും അവരുടെ നന്മക്കായ് മാത്രം ജീവിതം നയിക്കുകയും ചെയ്തിരുന്ന രാജാക്കന്മാരിൽ ഹാമീരൻ പ്രഥമഗണനിയനായിത്തിന്നു. മിവാരഭൂമി മുഴുവനും "ഹാമീർ കി ജയ്" എന്ന ശബ്ദത്താൽ മാറ്റൊലിക്കൊണ്ടിരുന്നു.

കരിമ്പറ്റെ ബാലകൃഷ്ണമേനോൻ.

# അന്യാപദേശമഞ്ജരി.

നിത്യം വിഷ്ണുപദേ വിഭൂതിയൊടമന്നീടും പരുന്തേ! ഭവാ-
നത്യന്തംനിലവിട്ടിറങ്ങി,യുലകിൽ കാൽകുത്തുവാൻ പോകയാൽ,
ദൈത്യന്മാരുടെ മട്ടു കാക്കകളതിക്രൂരം വിളിച്ചാർത്തു, ദു-
ഷ്കൃത്യത്തിൽക്കൊതിമൂത്തു നിന്നെവെറുതേ വട്ടംതിരിക്കുന്നിതാ! 1.

ഏപ്പാടെന്തിതു? ഹാ! വിശന്നു വലുതാം മാവിന്റെ കൊമ്പത്തുപോയ
പ്പില്ലാ,ട്ടൾക്കൊതിയോടുമാമ്പഴമെടുത്തുണ്ണാൻ കടിച്ചപ്പൊഴേ,
ഇപ്പാടിന്നു കിടച്ചസൽഫലമതാ വീഴുന്നു താഴ,ത്തുടൻ
ശാപ്പാടിന്നതു കൈക്കലാക്കിയടിയിൽപ്പാടുന്നു പൈതൽക്കുലം. 2.

വണ്ടാർവേണികൾ മാർദ്ദവംപെടുമിളം കാൽകൊണ്ടുമർദ്ദിക്കവേ
കൊണ്ടാടിപ്പുതുതാരവക്കണിയുവാനെന്നുള്ള കള്ളത്തിനാൽ
തണ്ടാരമ്പനു നേർത്തു 'വീറൊ'ടവരെത്താഡിക്കുവാൻ വേണ്ട പൂ-
വുണ്ടാക്കീടുമശോകമേ! തവശരം ലാക്കിൽപ്പിഴക്കാ ലവം. 3.

പൂമൊട്ടൊട്ടുതുറന്നു, പൂമ്പൊടിനിലത്തൊക്കെക്കളെ,ഞ്ഞാൾപ്പെട്ടും
തൂമട്ടൊക്കെമെറിച്ചു നൽപ്പരിമളം പൂശുന്നുവെന്നാകിലും,
ഈവട്ടായ് വികൃതിത്തരങ്ങൾ പലതും ചെയ്യുന്നതെക്കാററിനെ
പ്രേമത്താൽപ്പുണരുന്നുചേർത്തു പുളകം പൂണ്ടുള്ളൊരിപ്പൂമരം. 4.

ഇത്തിൾക്കണ്ണി! കുരുത്തനാൾമുതലലം തിൻതന്നുനിന്നെച്ചിരം
കാ,ത്തിഷ്ടത്തൊടുമോമനിച്ചുതലയിൽ ച്ചേർത്തോരുതേന്മാന്തഴ,
കത്തിക്കാളിയമട്ടു, ഹാ! വികൃതമായ്ക്കാണ്മാതെന്നില്ലെത്തുലോം
വദ്ധിക്കും രസമോടുനീ പരിഹസിച്ചീടുന്നുവെൺപൂക്കളാൽ. 5.

ഈയാലിൻെറകടക്കണക്കിലകളാഞ്ഞെത്തുന്നതെത്തെന്നലിൻ
നായാട്ടിങ്കലുതിർന്നുമണ്ണടിയുവാൻ പോകുന്നതായ്ക്കാൺകയാൽ,
ഭീയാൽമററുദലങ്ങളൊട്ടിടവിറയ്ക്കുന്നെങ്കിലും, മാരുതൻ
പോയാൽപ്പിന്നെയനക്കമില്ല മുഴുവൻ മുന്മട്ടുനിശ്ശബ്ദമായ്! 6.

വെള്ളിക്കമ്പികളാൽച്ചുഴന്നൊരിലവിൻ കായയ്ക്കു,മാനംവരെ
ത്തുള്ളിക്കുന്നതിനുണ്ടുകാററു, കുതുകാൽക്കൊണ്ടാടുവാൻ ബാലരും,
ഉള്ളിൽ ശ്രീകഴിയുമ്പൊഴോ,നിലവെടിഞ്ഞേകാന്തമായ് ചപ്പില-
ക്കുള്ളിൽപ്പെട്ടിതു നഗ്നമാമുടൽമറച്ചീടുന്നു പാഴ്മണ്ണിനാൽ! 7.

നല്പുണ്ണ്യാലയസീമ്നിബാല്യദശയിൽ
സ്വച്ഛന്ദമേകാകിയാ-
യിപ്പാരോടുവിരക്തിവന്നറിചയിൽ
പ്പാർത്തോരു പാപ്പാത്തി! നീ.
ഇപ്പോളിത്രവിചിത്രപത്രമണി-
യാഡംബരത്തോടണി-
പ്പൊൽപ്പൂവിൻ പുതുമോടികണ്ടുപുണരാൻ
ഭാവിപ്പതാണത്ഭുതം!! 8.

ചേറേ! ചെററുമഴല്പെടേണ്ട, മലിന-
പ്പാഴ്ക്കുണ്ടിൽ വാഴുന്നനിൻ
ചാരേവന്നു തൊടുന്നതിന്നുപലരും
കാംക്ഷിക്കയില്ലെങ്കിലും
ഏറേക്കാന്തികലർന്നവെൺമണലിനേ-
ക്കാളുംഫലം നൽകുവാൻ
പോരേ നീയതുകൊണ്ടു വാഴ്ത്തുമനിശം
നിന്മേനിയെല്ലാവരും. 9.

വെള്ളക്കാർനിരവാനിൽനിന്നനുദിനം
വഷിച്ച നീച്ചേലപൂ-
ണ്ടുള്ളത്തിൽത്തെളിവെരവ കാന്തികുറവായ്
വാഴും മലർപ്പൊയ്കയെ,
മെല്ലെത്താമരതന്റെ പച്ചിലപുത-
പ്പിയ്ക്കുന്നു, വൈലത്തതിൻ
വെള്ളച്ചേലപുകച്ചിടുന്നു, സുശരൽ-
ക്കാലം സമീപിയ്ക്കയായ്!!

വി. ശ്രീധരമേനോൻ.

# ചിന്താനിയന്ത്രണം.

പണ്ടൊരിയ്ക്കൽ ഒരു കഥപറഞ്ഞുകേട്ടതായി ഓൎമ്മയുണ്ടു്. വലിയ പഠിപ്പൊറിവൊന്നുമില്ലാത്ത ഒരാൾ ഒരിയ്ക്കൽ ഒരു കപ്പലിന്റെ ഉടമസ്ഥനായത്രെ. സമുദ്രത്തെക്കുറിച്ചോ കപ്പലോടിക്കുന്നതിനെക്കുറിച്ചോ, യന്ത്രപ്പണികളെക്കുറിച്ചോ ഒരറിവും ആയാൾക്കുണ്ടായിരുന്നില്ല; എന്നിട്ടും തന്റെ കപ്പലിന്റെ നേതാവായി സമുദ്രയാത്ര ചെയ്യണമെന്ന മോഹം അയാളിൽ കടന്നു കൂടി. പ്രവൃത്തിക്രമങ്ങളുടെ വൈവിധ്യം അവിജ്ഞനായ നമ്മുടെ നാവികനെ വല്ലാതെ കുഴക്കിയതിനാൽ, അതിലെ ജോലിക്കാർ അവരുടെ കൃത്യങ്ങൾ ശരിയായി നടത്തട്ടെ എന്നു കല്പിച്ചു കപ്പലുമിറക്കി. കപ്പലിറങ്ങി ഇളകിയതോടുകൂടി തന്റെ ഭാരംകുറെ കുറഞ്ഞു. എന്തെല്ലാമാണു കപ്പലിൽ നടക്കുന്നതെന്നു പരിശോധിപ്പാൻ കപ്പിത്താനിടയുംകിട്ടി. ഇങ്ങനെ കപ്പലിന്റെ മുൻവശത്തുള്ള മേൽത്തട്ടിൽ നടന്നുകൊണ്ടിരിക്കുമ്പോൾ ഒരാൾ ഒരു വലിയ ചക്രം അങ്ങോട്ടും ഇങ്ങോട്ടും തിരിയ്ക്കുന്നതായിക്കണ്ടു. ഉടനെത്തന്നെ "ഇതെന്താണ് ഇയ്യാൾ ഇവിടെ ചെയ്യുന്നതു്?" എന്നായികപ്പിത്താൻ. "അയാൾ ചുക്കാൻ കാരനാണ്. കപ്പലിനെ ശരിയായിനടത്തുകയാണു എന്ന മറുപടികിട്ടിയഉടനെ, "ശരി, പക്ഷെ എപ്പോഴും ഇവിടെയിരുന്നു നേരംപോക്കു കാണിക്കുന്നതുകൊണ്ടു് ഒരുപയോഗവും ഞാൻ കാണുന്നില്ല. മുമ്പിൽ വെള്ളം മാത്രമേ ഉള്ളൂ. പാമരത്തിന്നുതന്നെ കപ്പൽ നടത്തുവാൻ സാധിയ്ക്കുമെന്നാണ് എനിയ്ക്കു തോന്നുന്നതു്. വല്ലകരയുമടുക്കുമ്പോഴോ, വല്ല കപ്പലും നേരിട്ടുവരുമ്പോഴോ, ഇതിനെ നേരെ തിരിയ്ക്കുവാൻ ഇടയും കിട്ടും. പായകളെല്ലാം ശരിയ്ക്കിടുക. കപ്പൽ തനിയേനട

ക്കട്ടെ" എന്നു ഒരു ആജ്ഞയും കൊടുത്തു. കല്പന അനുസരിക്കപ്പെട്ടു. തൽഫലമായി ഉണ്ടായ കപ്പൽനാശത്തിൽനിന്നും രക്ഷ പ്രാപിച്ചവർ അപൂൎവ്വമായിരുന്നു.

അല്പം ഗാഢമായൊന്നാലോചിച്ചുനോക്കുക. ഏതു കപ്പലിനെക്കാളും എത്രയോ വിലയേറിയതും സൂക്ഷിക്കത്തക്കതുമായ ഒന്നു് അതെ നമ്മുടെ ജീവിതം—നമ്മുടെ മനസ്സ്—നമ്മുടെ അധികാരത്തിലില്ലെ? ആ മനസ്സിൻെറ നടത്തിപ്പിൽ നാമെത്രത്തോളം ശ്രദ്ധചെലുത്തുന്നുണ്ടു്? എത്രയെങ്കിലും ഇഷ്ടംപോലെ സഞ്ചരിപ്പാൻ നാമതിനെ വിടാറില്ലെ? കാമക്രോധാദികളാകുന്ന കൊടുങ്കാററുകൊണ്ടു് അങ്ങോട്ടുമിങ്ങോട്ടും ചലിപ്പിക്കുവാൻ അനുവദിക്കാറില്ലെ? യാദൃച്ഛികമൈത്രി, ആകസ്മികാഭ്യസനം, നിരുദ്ദേശ്യവിനോദം ഇവ നമ്മുടെ ജീവിതത്തെ, മനഃപൂൎവ്വം നാമൊരിക്കലും സ്വീകരിക്കാത്ത ദ്രുപങ്ങളിൽ,ചാടിക്കുന്നില്ലെ? നമ്മുടെ'കപ്പലിനെ' സുഖശാന്തിവിജയസംയുക്തമായ നിശ്ചിതസ്ഥാനത്തെത്തിക്കുന്ന യാത്ഥ നാവികന്മാരാണോ നാം? അല്ലെങ്കിൽ അപ്രകാരം സ്ഥിതിനായകതചലങ്ങിക്കു നാമാഗ്രഹിക്കുകയില്ലെ? പ്രധാനപ്രാഥമികതത്വങ്ങൾ ഗ്രഹിച്ചു, വിശിഷ്ടപ്രകൃതിയെ പ്രവൎത്തിപ്പിക്കുന്നതായാൽ, നാം വിചാരിക്കുന്നതിനെക്കാൾ എത്ര ലഘുവായിത്തീരുന്നതാണു് ഇക്കാൎയ്യം?

ലോകത്തിൽ എല്ലാററിനേയും ഭരിക്കുന്നതു മനസ്സാണെന്നറിഞ്ഞിട്ടുകൂടി, അതിൽ അതിയായ അശ്രദ്ധയും അവഹേളനവും കാണിക്കുന്നതാണു് ഏററവും കഷ്ടം. എങ്കിലും ഈയിടെയായി സ്വതേയുള്ള സ്വഭാവത്തിന്നു ഭേദഗതിവരുത്തുവാനും, ബാഹ്യപരിസരത്തെ, അഥവാ ഒരുവനിൽ ബാധിക്കുന്ന പരിസരശക്തിയെയെങ്കിലും മാററുവാനും ആരോഗ്യവിജയസുഖാദകൾ സംഭരിക്കുവാനും മനോനിയന്ത്രണത്തിൻെറ അത്യാവശ്യകത ഒരുവിധം ഗ്രഹിച്ചും അഭ്യസിച്ചും വരുന്നുണ്ടെന്നുള്ളതു് ആശാസ്യംതന്നെ. ചിന്താനിയന്ത്രണം സാധിപ്പാൻ മാൎഗ്ഗങ്ങൾ നിരവധിയാണു്. ശാശ്വതമാണു ഫലം. തഥാപി അപൂൎവ്വം ചിലർമാത്രമേ ചിന്താഗതിയെ ശരിയായ മാൎഗ്ഗത്തിൽകൂടി നയിക്കുന്നുള്ളു. പ്രത്യുത, എല്ലാം വിധിക്കു് 'ഉഴിഞ്ഞിടുക'യാണധികംപേരുടേയും പതിവു്.

ആത്മസംസ്കരണത്തിന്നു് ഏററവും ഉതകുന്ന ചിന്താനിയന്ത്രണത്തിൻെറ—ആത്മനിയമനത്തിൻെറ—അഭ്യാസംപോലെ ഒരു ആത്മവിദ്യാഭ്യാസം വേറെ ഉണ്ടാവാൻ പ്രയാസം. അവനവനും അന്യൎക്കും കടപ്പെട്ടിട്ടുള്ള കൃത്യങ്ങൾ നിൎവ്വഹിക്കുവാൻ ഇതുപോലെ മറെറാന്നും ഉതകുന്നതല്ല. പക്ഷെ, ചിന്ത അസ്പൃശ്യയാകയാലോ, മിക്കവരും അതിൻെറ

മേൽ അധികാരം കുറഞ്ഞിരിക്കയോ ആലോ ആയിരിക്കാം. മനോവ്യാപാരപരിപാലനം വിഷമവും ദുസ്തരവുമായ ഒരു കാര്യമാണെന്നു സാധാരണയായി ഒരു ധാരണയുള്ളതു്. അതു സാധിക്കുവാൻ നിരന്തരപരിശീലനമോ, സുദീർഘസൌകര്യമോ ഗ്രന്ഥപരിജ്ഞാനമോ വേണമെന്നുമാണു വിശ്വാസം. എന്നാൽ സത്യത്തിൽനിന്നു് ഇത്രയും അകന്നതായി വേറെ ഒന്നും തന്നെയില്ല. എത്രതന്നെ അജ്ഞനായാലും, അസംസ്കൃതമതിയായാലും, കൃത്യാന്തരങ്ങളിൽ പെട്ടുഴലുന്നവനായാലും, ആവശ്യമുള്ളതെല്ലാം ഓരോരുത്തരുടേയും അന്തർഭാഗത്തുതന്നെ വർത്തിക്കുന്നുണ്ടു്. ബുദ്ധിയുടെ പ്രകൃതിയെ, സ്വഭാവത്തെ, സ്വന്തശരീരത്തെ—അല്ല ജീവിതത്തെത്തന്നെയും ഉടച്ചുവാക്കുവാൻ വേണ്ടുന്ന സമയവും സാമഗ്രികളും ഓരോരുത്തർക്കും സ്വായത്തമാണു്. ഓരോരുത്തർക്കും പ്രത്യേകതൊഴിലുകളും ഉദ്ദേശങ്ങളുമുണ്ടായിരിക്കാം. സൂക്ഷ്മമായി പരിശോധിച്ചാൽ ഇവയുടെയെല്ലാം പ്രവൃത്തി പന്ഥാവിന്നു് ഐകരൂപ്യമുണ്ടെന്നറിയാവുന്നതുമാണു്.

ഒരു ശില്പവിദഗ്ദ്ധൻെറ കരു, പട്ടപണിക്കാരൻെറ കയ്യിലായാൽ, ഏററവും മോഹനവിഗ്രഹത്തെക്കൂടി വിരൂപമാക്കുന്ന ഒരു പണിയായുധമായിത്തീരുന്നു. അതുതന്നെ തടവുകാരൻെറ കയ്യിൽ തുരക്കുവാനുള്ള ആയുധമായും ഘാതകൻേറതിൽ ഗദയായും പരിണമിക്കുന്നു. യഥാവൽ പ്രകൃതിയെ നന്നാക്കുവാനും ചീത്തയാക്കുവാനുമുള്ള ശക്തി ഹസ്തഗതമായിരിക്കെ വിജനസുഖസൌന്ദര്യ സൌഹാർദ്ദാദികൾ ഉണ്ടാക്കേണ്ടതെങ്ങനെയെന്നറിവാൻ പോലും ശ്രമിക്കാത്ത നാം എത്ര വിചാരശൂന്യന്മാരായ മൂഢന്മാരായിരിക്കണം! മണിശിലയിൽ പ്രതിമകൾ തീർക്കുന്ന ഒരു ശില്പി ശരിയായ ലക്ഷ്യം ലാക്കാക്കാതെ ഒരു പ്രാവശ്യമെങ്കിലും കൊത്തുവാൻ ധൈര്യപ്പെടുന്നില്ല. ദൃഷ്ടികളുറപ്പിച്ചു മനസ്സിലുദ്ദേശിട്ടുള്ള സങ്കല്പസൃഷ്ടമായ മാതൃകാരൂപത്തെ അന്യൂനം സൃഷ്ടിക്കുന്നതിന്നുതകണം തൻെറ ഓരോ കൊത്തും, എന്നു കരുതിയാണു് അവൻ കരു പ്രയോഗിക്കുന്നതു്. ഇപ്രകാരംതന്നെയാണു നാം നമ്മുടെ സ്വഭാവം വാക്കുന്നതിലും പരിതഃസ്ഥിതിയെ രൂപീകരിക്കുന്നതിലും പ്രയതിക്കേണ്ടതു്. ബുദ്ധിസൃഷ്ടമായ ജീവിതോദ്ദേശ്യരൂപം ശരിയായറിഞ്ഞിരിക്കണം. അതു സർവ്വഥാ ലഭ്യമെന്നും വിശ്വസിക്കണം. ലക്ഷ്യത്തെ ലാക്കാക്കി പ്രവൃത്തിയിലേർപ്പെടണം. അതിൽ മതിമടുക്കുകയോ, അതിൽനിന്നു പിൻവലിക്കുകയൊ ചെയ്യുന്നതു ലക്ഷ്യത്തിൻെറ അലക്ഷ്യതയേയും പ്രവൃത്തിയിൽ ഭീരുതയേയും കുറിക്കുന്നതാണു്. ജീവിതശരീരത്തിലെ ഓരോ അംഗത്തേയും ആകൃതിപ്പെടുത്തുന്ന ഓരോ കൊത്തുകളാണു് ഓരോ ചിന്തയും. ജീവിതാകൃതിയുടെ മനോഹരത ചിന്താപാതത്തിൻെറ ഔചിത്യത്തിലാ

ണ്. അതുകൊണ്ടുതന്നെയാണ ചിന്താനിയന്ത്രണം ജീവിതത്തിൽ അപരിഹാൎയ്യമെന്നു പറയുന്നതും. ചിന്താഗതിയെ ശരിയായി നയിക്കുക; പട്ടപണി അപട്ടലക്ഷണമെന്നു മോക്കുക; ഓരോ ചിന്തയേയും സദുപയോഗത്തിന്നായി വിനിയോഗിപ്പാൻ ദൃഢമായി നിശ്ചയിക്കുക; ഈ നിശ്ചയത്തെ സഫലീകരിപ്പാൻ മനശ്ശക്തിക്കുറപ്പും കൊടുക്കുക.

പ്രായം ചെന്നവൎക്കു സ്ഥായിയായ ചില ചിന്താഗതിയും സ്വഭാവവിശേഷവും ഉണ്ടാകകൊണ്ടു നിയന്ത്രണം ക്ഷിപ്രസാദ്ധ്യമാകുന്നതല്ലായിരിക്കാം. ഇതിൽ പരിശ്രമിപ്പാനധികാരം അടുത്ത തലമുറയ്ക്കാണ്. മാതാപിതാക്കന്മാരും രക്ഷിതാക്കന്മാരും തങ്ങളുടെ കുട്ടികളെ ബാഹ്യാധികാരങ്ങൾക്കടിമപ്പെടുത്തി അനുസരിപ്പിക്കുന്നതിന്നു പകരം ചിന്താനിയന്ത്രണപാഠം പരിശീലിപ്പിക്കുന്നതായാൽ, അവരെ വളൎത്തുന്നതിലുള്ള പരിശ്രമം ലഘുതരമാകുന്നതിന്നും പുറമെ, വ്യവസ്ഥിതവും സംസ്കൃതവുമായ മാനുഷജ്യോതിസ്സു താമസമെന്യേ ഭൂഗോളത്തിൽ ആവിൎഭവിക്കുമെന്നുള്ളതിന്നും സംശയമില്ല. ശരിയായ ചിന്തകൾ സ്വീകരിപ്പാനും മനോലോകത്തെ ഭരിച്ചു ദുൎവ്വിചാരങ്ങളെ ദൂരികരിപ്പാനും അഭ്യസിപ്പിക്കപ്പെട്ടിട്ടുള്ള ഒരു കുട്ടിക്കു ബാഹ്യാധികാരാപേക്ഷ തുലോം ചുരുക്കമാണ്. വിശേഷിച്ചു മററുള്ളവരിൽനിന്നും മറച്ചുവെപ്പാനോ ഭയംമൂലം മനോഗതിയെ അമൎത്തിത്തടയുവാനോ ഒരവസരമോ കാൎയ്യമോ അവന്നുണ്ടാകയില്ല. നിൎമ്മലവും സത്യവുമായ മനസ്സോടുകൂടി സ്വതന്ത്രമായി വളരുവാനുണ്ടോ അവന്നു പിന്നെ പ്രയാസം? മനോനിയമനമാണ് ഏകമായ ആത്മനിയമനം. ജീവിതാദ്ധ്യയനത്തിൽ സൎവ്വോപരിയായി ഇതിനെ അഭ്യസിക്കുന്നതിൽ ഉദാസീനന്മാരായവരുടെ ജീവിതത്തെ അധിഭവിപ്പിക്കുന്ന ദുഃഖഭൂയിഷ്ഠങ്ങളായ പലേ സംഭവങ്ങളിൽനിന്നു രക്ഷപ്രാപിപ്പാനും പ്രാപഞ്ചികാസ്വാസ്ഥ്യങ്ങളിൽ സ്ഥൈൎയ്യം നേടാനും ചിന്താനിയമനം പരിശീലിക്കുന്നവൎക്കു പ്രയാസമേയില്ല.

ഇ. ആർ. വാരിയർ, എം. എ, ഓണേഴ്സ്,

---

## ത്യാഗമാഹാത്മ്യം.

(തുടൎച്ച)

൮.

ബോറിസ്സ് അലക്സാൺഡോവിസ് വ്യഗ്രചിത്തനായി ആ കഥയെ ശ്രവിക്കുന്നുണ്ടായിരുന്നു. മേരിയൻ പറഞ്ഞു നിൎത്തിയതിന്നുശേ

ഷം കുറെ നിമിഷങ്ങൾ കഴിഞ്ഞപ്പോൾ, "സോദരി! അതിന്നുശേഷമൊ?" എന്നു കരുണാമസൃണമായ സ്വരത്തിൽ അദ്ദേഹം ചോദിച്ചു.

മേരിയൻ ദീൎഘനിശ്വാസം ചെയ്തു കഥ വീണ്ടും തുടങ്ങി —"അതിനു ശേഷമോ?— അതിന്നുശേഷം ഞാൻ എന്റെ പ്രേയാനോടുംകൂടി എത്ര സന്ധ്യകൾ ആ ഉദ്യാനത്തിൽ കഴിച്ചു! പ്രേമപൂൎണ്ണമായ സ്വൈരസല്ലാപങ്ങളിൽ ഞങ്ങൾ എത്ര സന്ധ്യകൾ സസുഖം നയിച്ചു! ആൽഫിന്റെ ജീവിതത്തിലെ സുഖങ്ങളുടേയും ദുഃഖങ്ങളുടേയും എന്തെല്ലാം ചരിത്രങ്ങൾ അദ്ദേഹം എന്നെ ചൊല്ലിക്കേൾപ്പിച്ചു! അദ്ദേഹത്തിന്റെമേൽ അന്യായമായി ആരോപിച്ചിട്ടുള്ള അപവാദങ്ങളുടേയും അപരാധങ്ങളുടേയും വിവരങ്ങളെല്ലാം ഓരോന്നോരോന്നായി അദ്ദേഹം എന്നെ പറഞ്ഞു മനസ്സിലാക്കി. റഷ്യയിലെ രഹസ്യപ്പോലീസ്സിലെ പ്രധാന ഉദ്യോഗസ്ഥനായ മെക്കാർഫ് പ്രഭുവിന്റെ അശ്രാന്തപരിശ്രമവും, ബാഗ്ലിസ്റ്റിനെ പിടിച്ചടക്കുവാൻ അവർ ഉപയോഗിച്ചു വന്നിരുന്ന കൌശലങ്ങളും എല്ലാം അദ്ദേഹം എന്നോടു തുറന്നു പറഞ്ഞു.

ഈ അവസരങ്ങളിൽ ആൽഫ് അദ്ദേഹത്തിന്റെ ഗുപ്തസംഘത്തെപ്പററിയും എന്നോടു പറകയുണ്ടായിട്ടുണ്ട്. പ്രസ്തുത സംഘത്തിന്റെ രഹസ്യങ്ങളായ പലെ വിഷയങ്ങളും തന്ത്രങ്ങളും ഞാൻ അദ്ദേഹത്തിൽനിന്നു പഠിച്ചു. എന്റെ വിരലിൽ ധരിച്ചിട്ടുള്ള ഈ മോതിരവും സ്മൃതിചിഹ്നമായി അദ്ദേഹം എനിക്കു നല്കിയതാണ്. ഇതാണ് അദ്ദേഹത്തിന്റെ ഒന്നാമത്തെ സമ്മാനം. ഇതുതന്നെയാണ് ഒടുവിലത്തേതും.

ഞങ്ങളുടെ പ്രേമവൃത്താന്തത്തെ എല്ലാവരിൽനിന്നും മറച്ചു വെക്കുവാൻ എനിക്കു സാധിച്ചു. പക്ഷെ അദ്ധ്യാപികയുടെ അടുക്കൽ ഒന്നും ഒളിപ്പാൻ സാധിച്ചില്ല. എന്റെ ഹൃദയത്തിൽ ഉദിച്ചുയൎന്നുകൊണ്ടിരുന്ന വികാരങ്ങളെ ആകുംന്നടത്തോളം അടക്കി വെപ്പാൻ ഞാൻ ശ്രമിച്ചുവെങ്കിലും അമൎത്തുവാൻ സാധിക്കാഞ്ഞ പലെ ചേഷ്ടകളിൽനിന്നും അവർ വാസ്തവത്തെ ഊഹിച്ചറിഞ്ഞു. എന്നെ അവർ പലപ്പോഴും ഗുണദോഷിക്കയുമുണ്ടായി. എന്നാൽ അവൎക്ക് എന്നിലുണ്ടായിരുന്ന വാത്സല്യാതിരേകത്താൽ ഈ സംഗതികളെപ്പററി അവർ എന്റെ പിതാവിനെ അറിയിച്ചതേ ഇല്ല. ഒരു ദിവസം സന്ധ്യാസമാഗമത്തിൽ അവർ ഞങ്ങൾ രണ്ടുപേരേയും ഒന്നിച്ചു കണ്ടുമുട്ടുകയും ഞങ്ങളുടെ ചേൎച്ചയിൽനിന്നു സംഭവിച്ചേക്കാവുന്ന ദോഷങ്ങളെപ്പററി വിശദമായി ഉപദേശിക്കയുമുണ്ടായി. എന്നാൽ പ്രണയ പ്രവാഹത്തിൽ ഒഴുകിപ്പോകുന്ന ഞങ്ങൾ ആ ഉപദേശങ്ങൾ കേട്ടു നടക്കത്തക്ക സ്ഥിതിയിലായിരുന്നില്ല.

വൎഷകാലത്തിൽ ഇരുകരയുമൊത്തു് അതിദ്രുതിയിൽ 'ഒഴുകിപ്പോകുന്ന നദിയുടെ ദ്രുതഗതിയെ സാമാന്യമായ ചെറുമണൽത്തിട്ടുകൊണ്ടു നിരോധിപ്പാനുണ്ടോ സാധിക്കുന്നു!

ദൈവദുൎവ്വിപാകത്താൽ ഞങ്ങളുടെ സുഖസ്വപ്നം അധികകാലം നിലനിന്നില്ല. ഒരാഴ്ച കാലത്തോളം ആൽഫ് ഉദ്യാനത്തിൽ വന്നതേയില്ല. ദുൎവ്വഹങ്ങളായ ദുശ്ചിന്തകളാൽ എന്റെ മനസ്സ് അസ്വസ്ഥമായിത്തീൎന്നു. ഊണിലാവട്ടെ, ഉറക്കിലാവട്ടെ—യാതൊന്നിലും എനിക്കു ശ്രദ്ധയില്ലാതായി. ദേഹത്തിനോടുള്ള ആസക്തി വളരെ കുറഞ്ഞു.

ഒരു ദിവസം ഞാനും പിതാവും അദ്ധ്യാപികയും ചായകുടിക്കുവാനിരിക്കുമ്പോൾ പിതാവു് അദ്ദേഹത്തിന്റെ കൈയിലുണ്ടായിരുന്ന അന്നത്തെ വൎത്തമാനപത്രത്തിലെ ഏതാനും വിശേഷവാൎത്തയെ കിഴവിക്കു പ്രത്യേകമായി കാണിച്ചുകൊടുത്തു. പത്രം മേടിച്ചുവായിച്ചപ്പോൾ വൃദ്ധയുടെ മുഖം വാടി. അധരം കുറച്ചൊന്നു വിറച്ചു. എന്റെ മുഖത്തേക്കു് ഒന്നു ചരിഞ്ഞുനോക്കി. അവർ കൊടുതായ് ഒരു ശ്വാസം വിട്ടു. വൎത്തമാനമെന്താണെന്നറിവാനായി ഞാൻ പിതാവിന്റെ കൈയിൽനിന്നു പ്രസ്തുത പത്രത്തേയും വാങ്ങി മുകളിലേക്കു പോയി. എന്റെ മുറിയിലേക്കുള്ള കോണിയുടെ അടുക്കലെത്തിയപ്പോൾ ഞാൻ അവിടെനിന്നു പത്രത്തിലെ ആ വൎത്തമാനം വായിച്ചു. എന്റെ തല ചുററുവാൻ തുടങ്ങി. കാററിലാടുന്ന ആലിലപോലെ എന്റെ ശരീരം വിറച്ചു. എന്റെ അവയവങ്ങൾ കുഴഞ്ഞു. അസ്പഷ്ടസ്വരത്തിൽ എന്തൊ ഉച്ചരിച്ചു് ആ സ്ഥലത്തുതന്നെ ബോധരഹിതയായി ഞാൻ വീണു. പത്രത്തിലെ വാചകങ്ങൾ ഏതാണ്ടിങ്ങിനെയായിരുന്നു—"പെട്രോവസ്കി പ്രഭുവിന്റെ മാളികക്കു സമീപമുള്ള ഒരു സ്ഥലത്തുവെച്ചു രാജദ്രോഹികളിൽ തലവനായ ആൽഫ്ബാഗ്ളിസ്റ്റിനെ പോലീസ്സുകാർ പിടിച്ചിരിക്കുന്നു. റഷ്യായിലെ പ്രധാന രഹസ്യപ്പോലീസ്സുദ്യോഗസ്ഥനായ മാകാർഫ് പ്രഭു സ്വയമാണു് അപരാധിയെ പിടിച്ചതു്. മാകർഫിന്റെ സാമൎത്ഥ്യത്തേയും കൌശലത്തേയും ഞങ്ങൾ അഭിനന്ദിച്ചുകൊള്ളുന്നു. അധികം താമസിയാതെ അപരാധിയുടെ വിചാരണ നടത്തുന്നതാകുന്നു. തൽക്കാലം ബാഗ്ളിസ്റ്റിനെ വളരെ ഭദ്രമായി ബന്ധനത്തിൽ വെച്ചിട്ടുണ്ടു്."

മോഹാലസ്യം നീങ്ങി സുബോധമുണ്ടായപ്പോൾ ഞാൻ എന്റെ മുറിയിൽ ശയ്യയിൽ കിടക്കുന്നതായിട്ടാണു കണ്ടതു്. പിതാവും അദ്ധ്യാപികയും, ഡോക്ടരും ശുഷ്കവദനരായി എന്റെ അരികിൽ ഇരിക്കുന്നുണ്ടായിരുന്നു. ഞാൻ കണ്ണുകൾ തുറന്നുനോക്കിയപ്പോൾ പിതാവു

"മേരിയൻ! നിനക്ക് എന്താണു സുഖക്കേട്? എന്നു സ്നേഹപൂൎണ്ണമായ ആൎദ്രസ്വരത്തിൽ എന്നോടു ചോദിച്ചു. "വിശേഷിച്ചു യാതൊന്നുമില്ല. ശരീരത്തിലെ ക്ഷീണംകൊണ്ടു മോഹാലസ്യമുണ്ടായി എന്നേയുള്ളു. കുറച്ചുനേരം ഉറങ്ങുന്നതായാൽ എല്ലാം തീരെ ഭേദമാകും" എന്നു പറഞ്ഞു ഞാൻ മറുഭാഗം തിരിഞ്ഞുകിടന്നു. ഡോക്ടരും എന്റെ അഭിപ്രായത്തിൽ പങ്കുകൊണ്ടു തലകുലുക്കി. കിഴവിയെ എന്റെ അരികിൽ തന്നെ ഇരിക്കുവാൻ ഉപദേശിച്ചു പിതാവും ഡോക്ടരും അവിടെനിന്നു പോയി. ഞാൻ കണ്ണുമടച്ചു കിടപ്പായി. അല്പനേരം കഴിഞ്ഞപ്പോൾ കിഴവി എന്റെ നെററിയിൽ തലോടുവാൻ തുടങ്ങി. അവരുടെ ശീതളമായ കരസ്പൎശം ലഭിച്ച് എനിക്ക് ആശ്വാസം തോന്നി. ഞാൻ അവരുടെ മുഖത്തേയ്ക്കു നോക്കി. പാവം! അവരുടെ മുഖവും വാടി വിഷണ്ഡവും സമവേദനാപൂൎണ്ണവുമായിരുന്നു. എന്റെ ഹൃദയം പൊട്ടിത്തകരുവാൻ തുടങ്ങി. ഞാൻ അവരുടെ മാറിൽ കിടന്നു വളരെനേരം കരഞ്ഞു.

വളരെനേരം കരഞ്ഞശേഷം എന്റെ ദുഃഖം അല്പമൊന്നടങ്ങിയപ്പോൾ പല സാന്ത്വനോക്തികളാലും എന്നെ സമാശ്വസിപ്പിപ്പാൻ വൃദ്ധ വളരെ ശ്രമിച്ചു. ആൽഫിന്നു മൃത്യുദണ്ഡം അനിവാൎയ്യമാണെന്ന് എനിക്ക് അറിയാമായിരുന്നു. അദ്ദേഹത്തെ ബന്ധനത്തിൽനിന്നു വിടുവിപ്പാനായി ചെയ്യാവുന്ന ശതചേഷ്ടകളും വിഫലമായ്ഭവിക്കുമെന്നതിന്നു തരവുമുള്ളു. അല്ലെങ്കിൽ അദ്ദേഹത്തെ മോചിക്കുവാനായി ശ്രമിക്കുവാൻ തന്നെ ആരാണുള്ളത്? പിതാവിനോട് അപേക്ഷിക്കുവാനുള്ള ധൈൎയ്യം എനിക്കുണ്ടായിരുന്നില്ല. അപേക്ഷിച്ചാൽ സഫലമാകുകയില്ലായിരുന്നു. മരണശിക്ഷയിൽ എന്റെ പ്രാണപ്രിയന്നു ഇഹലോകവാസം വെടിയേണ്ടി വരുന്നതായാൽ ഞാൻ ഇതിന്നു പ്രതികാരം ചെയ്യുന്നതാണെന്നു ശപഥം ചെയ്തു.

അപമൃത്യുവാൽതന്നെ ആൽഫിന്നു ഇഹലോകം വെടിയേണ്ടി വന്നു. ഒരു ദിവസം വൎത്തമാനപത്രത്തിൽ ഇങ്ങിനെയും കാണുവാൻ ഇടയായി. "രാജദ്രോഹിസംഘക്കാരുടെ നേതാവായ ആൽഫ് ബാഗ്ലിയുടെ വിചാരണ കഴിഞ്ഞ് അപരാധിക്കു ചരമശിക്ഷ വിധിക്കപ്പെട്ടിരിക്കുന്നു. വിധിവാചകം കേട്ടു് പറയത്തക്ക യാതൊരു ഇളക്കവും ഉണ്ടായില്ല. നേരേമറിച്ച് ആ യുവാവു സഗൎവ്വം തലയുയൎത്തി ഇപ്രകാരം ഉച്ചരിച്ചുവത്രെ. "എന്റെ തിളച്ചുകൊണ്ടിരിക്കുന്ന ചുടുചോരത്തുള്ളികൾ തട്ടി റഷ്യാരാജ്യത്തിലെങ്ങും സമത്വം സ്വാതന്ത്ര്യം, സഹോദരത്വം എന്നി ഗുണങ്ങൾ വളൎന്നുവൎദ്ധിക്കട്ടെ." മാകൎഫ് പ്രഭുവിന്റെ ധൈൎയ്യ

വും കാൎയ്യജ്ഞാനവും ഞങ്ങളെ വളരെ സന്തുഷ്ടരാക്കിയിരിക്കുന്നു. മഹാമാന്യനായ റഷ്യാധിപൻ സ്ഥാനമാനാദികൾകൊണ്ടു പ്രഭുവിനെ അഭിനന്ദിക്കുന്നതാണെന്നു കിംവദന്തിയും കേൾക്കുന്നുണ്ട്."

ഇത്രയും വായിച്ചപ്പോഴെക്കും എനിക്ക് അനുഭൂതമായ അവസ്ഥയെ എന്തിന്നു വൎണ്ണിക്കുന്നു! വരുന്ന രണ്ടാം ദിവസം രാവിലെ റഷ്യയിലെ ഭരണരാക്ഷസന്മാർ ആൽഫിനെ വെടിവെച്ചു കൊല്ലുന്നതാണെന്നു മാത്രം എനിക്ക് നല്ലപോലെ ഓൎമ്മയുണ്ടായി. എന്നാൽ ഉള്ള് ഉരുക്കിക്കളയത്തക്ക ശക്തിയുള്ള അതിതീക്ഷ്ണമായ ഈ കഠോരവൎത്തമാനം അറിഞ്ഞിട്ടും എനിക്ക് ഉണ്ടായിരുന്ന അപ്രതീക്ഷിതമായ ധൈൎയ്യത്തേയും ശൌൎയ്യത്തേയും ഓൎത്ത് എനിക്കുതന്നെ വളവില്ലാത്ത അത്ഭുതമുണ്ടായി. എന്റെ ആൽഫ് — എന്റെ പ്രാണനാഥൻ — മരിക്കുവാൻ — അല്ല — ജീവനെ ത്യജിക്കുവാൻ പോകുന്നു! എന്നാൽ ഞാനോ? അവിടുത്തെ ദാസിയായ ഞാനൊ? ഇതാ മരിക്കാതെ ഇപ്പോഴും ഇരിക്കുന്നു! അവിചാരിതമായ ഒരു ചിന്ത ഉടനെ നിബിഡാന്ധകാരമായ ഹൃദയാകാശത്തിൽ മിന്നി.

"ഞാൻ ജീവിച്ചിരിക്കുന്നുവോ! ഉവ്വ്, എനിക്ക് ജീവിച്ചിരിക്കേണ്ട ആവശ്യമുണ്ട്. മരിക്കുവാനുള്ള സമയം എനിക്ക് ആയിട്ടില്ല. ഞാൻ ചെയ്യേണ്ടുന്നതായ അനവധികാൎയ്യങ്ങൾ ഇനിയും ഈ ലോകത്തിൽ ബാക്കിയുണ്ട്. എന്റെ ഈ ജീവിതത്തിൽ സാധിപ്പിക്കേണ്ടുന്ന കാൎയ്യങ്ങളിൽ എന്റെ നാരീഹൃദയത്തിലെ സകലശക്തിയും സകല കൌശലവും സകല ചതിചാതുൎയ്യങ്ങളും പ്രയോഗിക്കേണ്ടതായുമുണ്ട്. എന്നാൽ കാൎയ്യസിദ്ധിക്ക് ശേഷമോ? എന്തൊ ആവട്ടെ" എന്ന് ഞാൻ തിൎച്ചയാക്കി.

എന്തിന്നധികം പറയുന്നു! ആൽഫ് അകാലമൃത്യു പ്രാപിച്ചു. അദ്ധ്യാപിക ഈ കൎണ്ണകഠോരവാൎത്ത എന്നെ വായിച്ചു കേൾപ്പിക്കുന്ന അവസരത്തിൽ എന്റെ മുഖത്തേക്ക് നോക്കി ആശ്ചൎയ്യപ്പെട്ടു. എന്തുകൊണ്ടെന്നാൽ ആ അവസരത്തിൽ സ്ത്രീജനസഹജമായ യാതൊരു ചാപല്യവും ഞാൻ പുറത്തു പ്രദൎശിപ്പിച്ചില്ല. സോദരാ! നിഷ്കാമമായ പ്രണയത്തിൽ മയങ്ങിക്കിടക്കുന്ന ഭവാന്റെ പ്രേമഭാജനത്തെ ഘാതകന്മാർ തട്ടിപ്പറിച്ചു ഭവാന്റെ മുനിൽവെച്ചുതന്നെ അവളെ അവർ വധിക്കുവാനുദ്യമിക്കുമ്പോൾ ഭവാൻ എന്താണു ചെയ്യുക? ഭവാൻ അലറുമോ? ഭവാൻ കരയുമോ? അപ്പോഴത്തെ മനോഭാവമെന്തായിരിക്കും ആലോചിച്ചുനോക്കുവിൻ. എന്റെ മനോഭാവവും അതുപോലെയിരിക്കുന്നു.

സോദരാ! ഞങ്ങൾ റഷ്യായിലെ സ്ത്രീകളാണ്. തുടിച്ചുകൊണ്ടിരിക്കുന്ന ഹൃദയത്തിലെ രക്തത്തുള്ളികൾ കുറെറാറായ് ചൊരിഞ്ഞും ഞങ്ങൾക്കെങ്ങിനെ സ്നേഹിപ്പാൻ കഴിയുമോ അതേപോലെത്തന്നെ ഞങ്ങളുടെ പ്രതികാരേച്ഛയും അത്യുഗ്രമാണ്. ഉഗ്രമായി നിറിക്കൊണ്ടിരുന്ന പ്രതികാരേച്ഛക്ക് വശംവദയായി ഞാനും എൻെറ വികാരങ്ങളെയെല്ലാം വെളിയിൽകാണിക്കാതെ അടക്കിവെച്ചു. എൻെറ ജീവിതോദ്ദേശം എങ്ങിനെ സഫലമാകുമെന്ന ഏകവിചാരമെ അന്നുമുതൽ എനിക്കുണ്ടായിരുന്നുള്ളു. ഉചിതമായ അവസരത്തേയും കാത്ത് ഞാൻ കാലംകഴിച്ചു.

൭

നിത്യകൃത്യങ്ങളിൽ അനാസ്ഥയായി കണ്ടുതുടങ്ങിയ എന്നെ രസിപ്പിക്കുവാനും സന്തോഷിപ്പിക്കുവാനുമായി എൻെറ പിതാവു വളരെ കരുക്കങ്ങളെല്ലാം ചെയ്യുതുടങ്ങി. ഞങ്ങളുടെ മാളികയിൽവെച്ചു ഒരു സദിർ നടത്തുവാൻ തിച്ചയാക്കി. എനിക്കു അതിലൊന്നും അത്രമാത്രം രസമുണ്ടായിരുന്നില്ലെങ്കിലും ക്ഷണിക്കപ്പെട്ട മഹാജനങ്ങളിൽ മാകർഫ് പ്രഭുവും ഉൾപ്പെട്ടിട്ടുണ്ടെന്നറിഞ്ഞപ്പോൾ പിതാവിൻെറ അഭീഷ്ടങ്ങൾക്കെതിരായി ഞാൻ ഒന്നും പറഞ്ഞില്ല. സദിരിന്നു വേണ്ടുന്ന എല്ലാ ഒരുക്കങ്ങളും കേമമായിച്ചെയ്യു. എൻെറ ശ്രമങ്ങളെല്ലാം കണ്ടു ശുദ്ധഹൃദയയായ അദ്ധ്യാപിക എന്നെ തെററിദ്ധരിച്ചു. ഞാൻ എൻെറ പ്രാണനാഥനെ മറക്കുവാൻ തുടങ്ങിയിട്ടുണ്ടെന്നും, അധികകാലം കഴിയുന്നതിന്നു മുമ്പായ് തീരെ മറന്നുകളയുമെന്നും അവർ വിചാരിച്ചു.

ഞാൻ എൻെറ പിതാവിൻെറ ഏകസന്താനവും കണ്ണിലുണ്ണിയുമായിരുന്നതുകൊണ്ടു എൻെറ പഠിപ്പുവിഷയത്തിലാകട്ടെ അദ്ദേഹം യാതൊരു വിഘ്നവും വരുത്തിയിട്ടില്ലായിരുന്നു. മററചില വിഷയങ്ങളിലെന്നപോലെ സംഗീതത്തിലും എനിക്കു നല്ല ജ്ഞാനമുണ്ട്. ആയുധാഭ്യാസത്തിൽ അധികമൊന്നും പരിചയമെനിക്കില്ല. എങ്കിലും പിതാവിൻെറ കൈത്തോക്കിനെ ലാക്കുതെററാതെ പ്രയോഗിക്കുവാൻ എന്നെ പിതാവുതന്നെ പഠിപ്പിച്ചിരുന്നു.

സദിർദിവസം സന്ധ്യക്കു കുറച്ചു മുമ്പായി ഞാൻ പിതാവിൻെറ അൽമാറി തുറന്നു ഉണ്ട നിറച്ചുവെച്ചിട്ടുണ്ടായിരുന്ന കൈത്തോക്കു കൈസ്സലാക്കി ആരുമറിയാതെ ഉദ്യാനത്തിലേക്ക് ഇറങ്ങി. എൻെറയും ആൽഫിൻെറയും സരസസല്ലാപങ്ങൾക്കും, പ്രണയപാരവശ്യങ്ങൾക്കും, ആനന്ദാശ്ലേഷങ്ങൾക്കും എല്ലാം സാക്ഷിയായിരുന്ന ആ ബെഞ്ചിന്മേൽ ഞാൻ ചെന്ന് ഇരുന്നു. മമ്മം പിളക്കുന്ന വ്യസനചിന്തകൾ എ

ന്നെ വ്യാകുലപ്പെടുത്തി. എന്റെ നയനങ്ങളിൽനിന്നു ചുടുകണ്ണീർ ചാടിത്തുടങ്ങി. കൈത്തോക്കിനെ ബെഞ്ചിന്റെ അടിയിൽ ഒളിച്ചുവെച്ചു ഞാൻ അവിടെ നിന്നെഴുന്നേററു തുങ്ങിക്കിടക്കുന്ന മിഴികളോടെ നാലുപാടും നോക്കി രമണീയമായ ഉദ്യാനത്തോടു നിശ്ശബ്ദമായി യാത്രചൊല്ലി മടങ്ങി മാളികയിൽ എത്തിയപ്പോഴെക്കും വിരുന്നുകാരിൽ ഓരോരുത്തർ വന്നുതുടങ്ങിയിരിക്കുന്നു. എന്റെ ഉടുപ്പുകളിൽവെച്ചു ഏററവും നല്ല ഉടുപ്പു ധരിച്ചു ഞാൻ അതിഥിസൽക്കാരമാരംഭിച്ചു.

മാകർഫ് പ്രഭുവും വന്നുചേർന്നു. സേനാധിപന്മാരുടെ വിശേഷപ്പെട്ട ഒരുതരം ഉടുപ്പായിരുന്നു അദ്ദേഹം ധരിച്ചിരുന്നതു്. സാർ ചക്രവർത്തിയാൽ സമ്മാനിക്കപ്പെട്ട പുതിയ അനുഗ്രഹചിഹ്നങ്ങളും അദ്ദേഹത്തിന്റെ ഉടുപ്പിൽ തിളങ്ങുന്നുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മുഖഭാവം ഗർവിഷ്ഠവും പെരുമാററം എന്തെന്നില്ലാത്ത നേതൃത്വത്തെ സൂചിപ്പിക്കുന്നതുമായിരുന്നു. എനിക്കു അദ്ദേഹത്തെ കണ്ടതിൽ വളരെ തൃപ്തിയും ആനന്ദവുമുണ്ടായി. ഘോരമായ ആ മൃഗത്തെ എന്റെ വലയിൽ കുടുക്കുവാൻ സാധിക്കുന്നതായാൽ മാത്രമേ എനിക്കു ജന്മസാഫല്യം ഉണ്ടാകയുള്ളുവെന്നും ഞാൻ മനസ്സിലാക്കി. ചതുരനായ ആ രാജസേവകനെ മയക്കുവാൻ എന്റെ യൌവനയുക്തമായ ശരീരത്തിലെ സർവലാവണ്യവും, എന്റെ തരുണഹൃദയത്തിലെ സകല ചാതുര്യവും, എന്റെ സംഗീതത്തിലെ സകല മാധുര്യവും ആവശ്യമാണെന്നു ഞാൻ കരുതി മുൻകൂട്ടിഒരുങ്ങി. അല്പസമയത്തിന്നുള്ളിൽ എന്റെ ചതുരാലാപനമും പാരവശ്യചേഷ്ടകൾക്കും വശീഭൂതനായി മാകർഫ് പ്രഭു വല്ലാതെ ഭ്രമിച്ചുവശായി. ഞാനും മാകർഫ് പ്രഭുവും തമ്മിൽ നടത്തുന്ന ഗോഷ്ഠികളെല്ലാം കണ്ടു സന്തോഷിച്ചു് അദ്ധ്യാപിക സദസ്സിന്റെ ഒരു തലയ്ക്കൽനിന്നു പുഞ്ചിരിയിടുന്നതായും ഞാൻകണ്ടു. ഒരുപക്ഷെഅവർ വിചാരിച്ചിരിക്കാം—"തരുണഹൃദയം എത്ര സരളം! മാറി മാറി പുതിയ സാധനങ്ങൾ കണ്ടുകൊണ്ടിരുന്നാൽ യുവതികൾ കഴിഞ്ഞ കാര്യങ്ങളെ എത്രവേഗം മറക്കുന്നു!" അദ്ധ്യാപികയുടെ മുഖത്തു് നോക്കി ഞാനും പുഞ്ചിരിതൂകി.

എന്റെ സംഗീത വ്യുല്പത്തിയും ആ സദസ്സിൽ പ്രദർശിപ്പിച്ചാൽ കൊള്ളാമെന്നു അതിഥികളിൽ അധികംപേരും അപേക്ഷിച്ചു.

പാടുവാനായ് ഞാൻ പിയാനൊവിന്റെ അടുക്കൽ ചേർന്നിരുന്ന സമയം നോക്കി മാകർഫ് പ്രഭുവും എന്റെ അരികിലായി വന്നു നിന്നു. ഞാൻ പാടുവാൻ തുടങ്ങി. ഹാ! എന്റെ അന്നത്തെ സംഗീതം എത്രമാത്രം കർണ്ണപീയൂഷമായിരുന്നു. സംഗീത മാധുരിയിൽ എന്റെ പ്രാണൻതന്നെ ലയിച്ചൊഴുകിയിരുന്നു. താളത്തിന്നും മേളത്തിന്നും ഒത്തു

ഞാൻ എന്റെ സ്വരത്തെ ആരോഹാവരോഹം ചെയ്യുതുടങ്ങി. ഗാനലഹരിയിൽ എന്റെ തലചുററി. ഹൃദയത്തിലെ ഓരോ രക്തബിന്ദുവും തുടിക്കുവാൻ തുടങ്ങി. എന്റെ അക്ഷികളിൽനിന്നു തീപ്പൊരി ചിതറി. അസാധാരണമായ വിദ്യുച്ഛക്തിയുടെ പ്രാഭവത്താലെന്നപോലെ എന്റെ വിരലുകൾ സംഗീതയന്ത്രത്തിന്മീതെ അങ്ങോട്ടുമിങ്ങോട്ടും ഓടി. എന്റെ പാട്ടിന്റെ സാരമേതാണ്ടിങ്ങിനെയായിരുന്നു. "ഹാ! പ്രാണനാഥ! ഭവാന്റെ ദർശനവും കാംക്ഷിച്ച എത്ര കാലമായി ഞാൻ ഇവിടെ സ്ഥിതിചെയ്യുന്നു! അങ്ങയുടെ ദാസിയിതാ അക്ഷമയായ്ത്തീന്നിരിക്കുന്നു. എന്റെ അവസാനത്തെ ഈ സംഗീതത്തിൽ മയങ്ങി ഇഹലോകം വെടിഞ്ഞു ഞാൻ അങ്ങയോടു ചേരുകതന്നെ. അല്ലെങ്കിൽ, അങ്ങുന്നു ഇവളുടെ അന്തരംഗ പ്രാൎത്ഥനകളെ കേൾക്കുന്നില്ലയൊ! എന്റെ സ്വരം തളരുന്നുവല്ലൊ! കൺപോളകളിതാ അടഞ്ഞുതുടങ്ങുന്നു! പ്രകാശിച്ചുകൊണ്ടിരുന്ന ദീപജ്വാലമിതാ മങ്ങിമങ്ങി അണയുമാറായിരിക്കുന്നു! ദൂരത്തിൽനിന്നും പൊങ്ങിവരുന്ന ആഹ്വാനമിതാ ആദരവോടെ എന്നെ അങ്ങോട്ടേക്കു് വിളിക്കുന്നു! ആകാശത്തിൽ മിന്നിത്തിളങ്ങുന്ന താരങ്ങളിതാ എനിക്കു് വഴികാട്ടുന്നു! ഹാ പ്രാണപ്രിയാ! ഇതാ ഞാൻ യാത്രതുടങ്ങി. ഭവാന്റെ പ്രണയബാഹുക്കളാൽ എന്നെ ഒരിക്കൽക്കൂടെ ആലിംഗനം ചെയ്യേണമെ! ഞാൻ എന്നെന്നേക്കുമായി അങ്ങയിൽതന്നെ ലയിക്കട്ടെ! ഹാ ആത്മസൎവ്വസ്വമേ!!"

സംഗീതക്കൊട്ടപ്പിൽ സദസ്സ് മുഴങ്ങി. എന്റെ കണ്ഠം വിറച്ച് വിറച്ച് പെട്ടെന്ന് നിന്നു. സദസ്യരെല്ലാം. സ്തബ്ധരായിത്തീൎന്നു. ചിലരുടെ കണ്ണുകളിൽ വെള്ളം നിറഞ്ഞു. എന്റെ ഗാനചാതുൎയ്യത്തെ എല്ലാവരും പുകഴ്ത്തി. മാകർഫ്പ്രഭു പല പ്രശംസോക്തികളാൽ എന്നെ പ്രീതിപ്പെടുത്തി. ഞാൻ ഒരു ചാരുകസേരയിൽ ചാഞ്ഞു കിടന്നു. മാകർഫ് പ്രഭുവും അരികലുണ്ടായിരുന്ന വേറൊരു കസാരയിൽ ആസനസ്ഥനായി വിനയസ്വരത്തിൽ പറഞ്ഞു— "ഭദ്രെ! ഭവതി വളരെ ക്ഷീണിച്ചിരിക്കുന്നു. ഉദ്യാനത്തിലെ സുഗന്ധവായു ഏല്ക്കുന്നതായാൽ ക്ഷീണത്തിന്ന് ആശ്വാസമുണ്ടാവുമെന്നാണ് എന്റെ വിശ്വാസം" പ്രഭുവിന്റെ അഭിപ്രായത്തെ ഞാൻ അഭിനന്ദിച്ചു. അദ്ദേഹത്തെത്തന്നെ കൂടെ ക്ഷണിച്ച് വേറെ ആരും അറിയാതെ ഞങ്ങൾ രണ്ടുപേരും ഉദ്യാനത്തിലേക്ക് ഇറങ്ങി. ജനശൂന്യമായ ഉദ്യാനത്തിൽ യുവതിയായ ഞാൻ ഒററക്കായ് അദ്ദേഹത്തിന്റെ കൂടെ ഉലാത്തുവാൻ തുനിഞ്ഞതിൽ അദ്ദേഹത്തിന്നു ഒരു പക്ഷെ അമിതമായ ആനന്ദം ഉണ്ടായിരുന്നിരിക്കാം. എന്നാൽ വിയോഗസന്തപ്തമായ എന്റെ ഹൃദയത്തിൽ ശത്രുസംഹാരവ

ഷ്നി നീറിക്കൊണ്ടിരുന്നു. ആ രാത്രിയെ എൻെറ ജീവിതനാടകത്തിലെ അവസാനരാത്രിയായി ഞാൻ ഗണിച്ചു.

൩

ഉദ്യാനത്തിൽ സരസസല്ലാപത്തോടെ കുറേനേരം ഉലാത്തിയ ശേഷം ഞാൻ ഉദ്ദേശിച്ചു വെച്ചിരുന്ന ബെഞ്ചിന്മേൽ ഞങ്ങൾ ചെന്നിരുന്നു. മാരുതൻെറ ശീതളമായ ഉപചാരത്താൽ എൻെറ ശിരസ്സ് കുറച്ചൊന്നു തണുത്തിരുന്നു.എൻെറ കാൎയ്യസിദ്ധിക്കായി ഞാൻ കാരോ കൌശലങ്ങൾ എടുത്തു. മാകർഫ് പ്രഭുവിൻെറ ഉടുപ്പിൽ പച്ചപ്പട്ടുനാടയിൽ തൂക്കിയിരുന്ന സ്വൎണ്ണപ്പതക്കത്തെ വളരെ ബഹുമാനവും ആദരവും സൂചിപ്പിക്കുന്ന നാട്യത്തോടെ ഞാൻ കൈയിലെടുത്തു ചോദിച്ചു—"പ്രഭോ! ഈ വിലയേറിയ പതക്കം ഭവാനെപ്പോലെയുള്ള മാന്യജനങ്ങൾക്ക് എത്രയും ചേൎച്ചയുള്ളതുതന്നെ. ഭവാന്നു് ഇതു് എങ്ങിനെയാണു് ലബ്ധമായതു് എന്നറിവാൻ എനിക്ക് അതിയായ ആഗ്രഹമുണ്ടു്. റഷ്യാധിപൻെറ അനുഗ്രഹത്തിന്നും പ്രീതിക്കും പാത്രമായവൎക്ക് മാത്രമേ അദ്ദേഹം ഈ വക അനുഗ്രഹചിഹ്നങ്ങൾ സമ്മാനിക്കയുള്ളു എന്നു് ഞാൻ കേട്ടിട്ടുണ്ടു്. ഭവാൻെറ പ്രശംസാൎഹമായ ഏതൊരു കൃത്യമാണു് സാമ്രാജ്യാധിപനെ തുഷ്ടിപ്പെടുത്തിയതു്—?"

മാകർഫ് ഗൌരവസ്വരത്തിൽ ആത്മപ്രശംസ ആരംഭിച്ചു—"റഷ്യാധിപൻെറ സിംഹാസനത്തെപ്പോലും കുലുക്കിമറിക്കുവാൻ ഒരുങ്ങി, ശാന്തശീലരായ റഷ്യാവാസികളുടെ മനസ്സിൽ അന്യായമായി അസ്വാസ്ഥ്യബീജം വിതച്ചു്, രാജ്യത്തിലെങ്ങും രാജദ്രോഹവിഷം പരത്തി, ഇതേവരെ ഉചിതശിക്ഷയിൽനിന്നു് ഓടി ഒളിച്ചു നടന്നിരുന്ന ഒരു രാജദ്രോഹിയെ ഈയിടെ ഞാൻ പിടിച്ചടക്കി എൻെറ കൌശലത്താലും വാക്സാമൎത്ഥ്യത്താലും അവൻ ഘാതകനാണെന്നു് തെളിയിച്ചു് രാജ്യത്തിൻെറ പൊതുഗുണത്തിന്നായി അവനെ മരണശിക്ഷക്കു അധീനനാക്കി. എൻെറ കാൎയ്യപ്രാപ്തിയിൽ സന്തുഷ്ടനായി സാർചക്രവൎത്തി തിരുമനസ്സുകൊണ്ടു് സദയം എനിക്കു സമ്മാനിച്ചതാണിതു്—"

"ആൽഫ് ബാഗ്ഗിസ്സിനെപ്പററിയാണോ ഭവാൻ പറയുന്നതു്?"

"അതെ, അവൻെറ അദമ്യമായ ശൌൎയ്യവും ധൈൎയ്യവും ആരെയും വിസ്മയിപ്പിക്കുന്നതാണു്. റഷ്യയിലെ വിദ്യാൎത്ഥികളും കൎഷകന്മാരും അവനെ അനന്യതമനായ സ്വദേശാഭിമാനിയാണെന്നു് കരുതി ഭയഭക്തിബഹുമാനത്തോടെ അനുസരിച്ചുവന്നിരുന്നു. സാറിൻെറ രാജ്യഭരണത്തിന്നായി അവനെ നാമാവശേഷമാക്കേണ്ടതു് അവശ്യം ആവശ്യമായിരുന്നു."

"എന്നാൽ, ഭവാൻ അദ്ദേഹത്തെ ഘാതകനാണെന്നു് കോടതിയിൽ സങ്കല്പിച്ചപ്രകാരം അദ്ദേഹം വാസ്തവത്തിൽ ഘാതകനായിരുന്നുവോ?"

"രാജാവിൻെറ പ്രീതിക്കും, രാജ്യത്തിൻെറ ഗുണത്തിന്നുംവേണ്ടി പലേ അസത്യത്തേയും സത്യമാണെന്നു് ഞങ്ങൾ വാദിക്കുക പതിവാണ്. എൻെറ സാമത്ഥ്യംകൊണ്ടുമാത്രമാണ് അവനെ ഘാതകനെന്നു് തെളിയിച്ചു ചരമശിക്ഷക്കു് പാത്രമാക്കിയതു്."

അല്പം വിരസഭാവത്തോടേ ഞാൻ ചോദിച്ചു. "ഭവാൻ ഇതിൽ അനല്പമായ ആത്മസംതുഷ്ടിയും അനുഭവിച്ചു! ഇല്ലേ?"

അവകാശമില്ലാത്ത ഈ ചോദ്യത്തിൽ മാകർഫിന്നു് സ്വല്പം ക്ഷോഭമുണ്ടായി. അദ്ദേഹം മറുപടി പറഞ്ഞു—"മാന്യെ, ചക്രവത്തി തിരുമനസ്സിലെ പ്രധാന പക്ഷക്കാരിൽ ഉൾപ്പെട്ട ഭവതിയിൽനിന്നു് ഞാൻ ഒരിക്കലും ഇപ്രകാരമുള്ളൊരു ചോദ്യം പ്രതീക്ഷിച്ചിരുന്നില്ല. ആൽഫിന്നു് ന്യായമായ ശിക്ഷയല്ലേ വിധിക്കപ്പെട്ടതു്?"

എൻെറ ഹൃദയം തുടിക്കുവാൻതുടങ്ങി. ഞാൻ ദൃഢസ്വരത്തിൽ അദ്ദേഹത്തോടു ചോദിച്ചു—" ആൽഫിൻെറ അകാലമരണത്തിന്നു് കാരണഭൂതനായ ഭവാനും, ആൽഫിൻെറ കൂട്ടുകാരിൽനിന്നു് വല്ല അപായവും നേരിട്ടേക്കാമെന്ന ശങ്കയില്ലേ?"

മാകർഫ് പുച്ഛമായി പൊട്ടിച്ചിരിച്ചു.—"അപായശങ്കയോ! അവൻെറ കൂട്ടുകാരിൽനിന്നു് വല്ല അപായവും എനിക്കു ഭവിച്ചേക്കുമെന്നു ഞാൻ ഒരിക്കലും ശങ്കിക്കുന്നില്ല. എന്നാൽ ഈ സ്ഥലത്തിന്നടുത്തെവിടെയൊ ആൽഫിൻെറ പ്രണയിനി താമസിക്കുന്നുണ്ടെന്നു ഞാൻ കേട്ടിട്ടുണ്ട്. അവളുടെ കൈയിൽനിന്നും വല്ല ദോഷവും എനിക്കു് ഭവിച്ചേക്കാനും മതി. പക്ഷേ റഷ്യയിലെ രഹസ്യപ്പോലീസ്സിൻെറ നേതാവു കേവലം ഒരു അബലയെ ഭയന്നു നടക്കുകയോ? ഇങ്ങിനെ അസംഭാവ്യമായ കാൎയ്യങ്ങളെപ്പററി വിചാരിക്കുമ്പോൾതന്നെ ഭവതിക്കു് ചിരി വരുന്നില്ലേ?" എന്നു് അദ്ദേഹം ഗവ്വാന്വിതനായി പറഞ്ഞു.

ബെഞ്ചിൻെറ കീഴിൽ ഒളിച്ചു വെച്ചിരുന്ന കൈത്തോക്കിനെ ഞാൻ ക്ഷണനേരംകൊണ്ടു കൈയ്യിലെടുത്ത് ചാടി എഴുന്നീററു. എൻെറ ഹൃദയത്തിൽ കുടികൊണ്ടിരുന്ന ദ്വേഷ്യം വാഗ്രൂപമായ് പുറത്തു ചാടുവാൻ തുടങ്ങി. വളരെക്കാലമായി കൊതിച്ചിരുന്ന ഇരയുടെ മുമ്പിൽ രോഷാകുലിതയായി അലറുന്ന സിംഹിയെപ്പോലെ ഞാനും അലറി—'മാകർഫ്! ഭവാൻ ദൈവത്തെ സ്മരിച്ചോളും എൻെറ പ്രാണപ്രിയൻെറ ഘാതകനായ രാക്ഷസനെ ഇതാ ഞാൻ വധിക്കുവാൻ ഒരുങ്ങിയിരിക്കു

ന്നു. അദ്ദേഹത്തിന്റെ പ്രേതം തന്റെ ഘാതകന്റെ ചോരയിൽ നീന്തുവാൻ വളരെക്കാലമായി ആശിച്ചിരിക്കുന്നു. ഭവാന്റെ ഇഹലോകവാസം അവസാനിക്കാറായി. ഒരുങ്ങിക്കൊള്ളുകതന്നെ—" കൈത്തോക്കിനെ ഞാൻ മാകർഫിന്റെ നേർക്കു നീട്ടി.

മാകർഫും ഝടിതിയിൽ എഴുന്നീററുനിന്നു. എന്റെ വാക്കിൽ അദ്ദേഹത്തിന്നു വിശ്വാസമുണ്ടായില്ല. എന്നെ കബളിപ്പാനായി സരസമായ പല വഞ്ചനോക്തികളും അദ്ദേഹം പ്രയോഗിച്ചു. "മേരിയൻ! ഭവതി ആൽഫിന്റെ പ്രേയസിയാണെന്നോ, എനിക്ക് വിശ്വാസമാകുന്നില്ല. ഭവതിയെന്തിനാണ് ഇങ്ങിനെയെല്ലാം അഭിനയിക്കുന്നത്? എന്നെ രസിപ്പിപ്പാനോ? ഭവതിയോടുള്ള എന്റെ സ്നേഹത്തെ പരിക്ഷിപ്പാനൊ? ഭവതിക്ക് ഇഷ്ടമുള്ള ഏതു കാര്യവും ചെയ്വാൻ ഞാൻ എപ്പോഴും സന്നദ്ധനാണ്. ഭവതിക്ക് ഞാൻ മരിക്കേണമെന്നു ആഗ്രഹമുള്ള പക്ഷം ഞാൻ ആത്മഹത്യചെയ്തു ഭവതിയുടെ അഭീഷ്ടം സാദ്ധ്യമാക്കിവെക്കാം. ലതാതുല്യങ്ങളായ ആ കരങ്ങളെ എന്തിന്നാണു ഭവതി കൊലകുററത്താൽ കലുഷിതങ്ങളാക്കുന്നത്?" എന്ന് നയം പറഞ്ഞു അദ്ദേഹം ഇരയുടെനേർക്ക് ചാടുന്ന കേസരിയെപ്പോലെ എന്റെ നേർക്ക് ചാടി എന്റെ കൈയ്യിലുണ്ടായിരുന്ന തോക്കു തട്ടിപ്പറിക്കുവാൻ ശ്രമിച്ചു. എന്നാൽ അദ്ദേഹം ചാടി എന്നെ പിടിക്കുന്നതിന്നു മുമ്പായ്തന്നെ വെടിപൊട്ടി അദ്ദേഹം അവിടെത്തന്നെ വീണു രക്തത്തിൽ ആണ്ടു. കാണിനേരംപോലും വൃഥാകളയാതെ ഞാൻ കൈത്തോക്കിനെ വക്ഷസ്സിന്നെതിരായി പിടിച്ചു. പക്ഷെ നിർഭാഗ്യവശാൽ ആ നിമിഷത്തിൽ തന്നെ എന്നെ ആരോ പിന്നിൽനിന്ന് പിടിച്ചു കൈത്തോക്കു പിടുങ്ങി ദൂരെ വലിച്ചെറിഞ്ഞു. ഞാൻ മൂർച്ഛിച്ചു അയാളുടെ വിരിയുള്ള മാറിൽ മറിഞ്ഞു.

മൂർഛയിൽനിന്ന് ഉണൎന്ന് നോക്കിയപ്പോൾ ഞാൻ അന്ധകാരവൃതമായ കാരാഗൃഹത്തിൽ ഒററക്കായിക്കിടക്കുന്നതായിട്ടാണു കണ്ടത്. ഉറക്കത്തിൽ ദുർസ്വപ്നംകണ്ടു് ഭയപ്പെട്ടു വിറക്കുന്ന ഒരുവന്റെ ശരീരംപോലെ എന്റെ ദേഹവും വിറക്കുന്നുണ്ടായിരുന്നു. ഞാൻ പണിപ്പെട്ടു എഴുന്നീററു അടുക്കലുണ്ടായിരുന്ന പാത്രത്തിൽനിന്നു കുറെ ജലമെടുത്തു പാനംചെയ്തു. എന്റെ ഹൃദയത്തിലെ ഭാരം ഒഴിഞ്ഞു. പണ്ടൊരിക്കലും അനുഭൂതമല്ലാത്ത ആശ്വാസവും എനിക്കു തോന്നി.

എനിക്ക് മരണശിക്ഷയാണ് വിധിച്ചതു്. വളരെക്കാലമായി കൊതിച്ചു കാത്തിരിക്കുന്ന എന്റെ പ്രേയാനോട് ചേരുവാനുള്ള സമയമായി എന്നറിഞ്ഞു എനിക്ക് അതിരററ സന്തോഷമുണ്ടായി. ആർക്കു

വേണ്ടി ഞാൻ സകല ഐഹികസുഖഭോഗേച്ഛകളെയും തൃണവൽക്കരിച്ചുവൊ, ആക്കായി ഞാൻ എൻെറ നാരീസഹജമായ സകല വിശിഷ്ടഗുണങ്ങളെയും മറന്ന് ഘോരമായ നരഹത്യപോലും ചെയ്തുവൊ—അദ്ദേഹത്തിൻെറ പാവനമായ ആത്മാവിനോട് ഞാൻ ഒന്നായ് ചേൎന്ന് ലയിക്കുവാൻ പോകുന്നുവെന്ന ചിന്തയാൽ ആനന്ദാഭിഷിക്തയായി. എന്നാൽകരാഗ്ഘകഴിഞ്ഞപ്പോൾഎന്നെയുംബാക്കിയുള്ള കുററക്കാരോടൊപ്പം സൈബീരിയാരാജ്യത്തിലേക്ക് നാടുകടത്തപ്പെട്ടു യാത്രയാക്കി. ഇതിന്നു കാരണമെന്താണെന്ന് ഞാൻ ചില ഉദ്യോഗസ്ഥന്മാരോടു തിരക്കിച്ചോദിച്ചതിൽ എൻെറ പിതാവിൻെറയും ബന്ധുക്കളുടെയും അപേക്ഷയിൽ മനസ്സലിഞ്ഞു 'സാർ' ചക്രവൎത്തി സദയം എന്നെ ഈ ശിക്ഷക്ക് കല്പിച്ചതാണെന്നു എനക്കറിയുവാൻ ഇടയായി.

സോദരാ! കേവലം ഒരു അബലയായ ഞാൻ നരഹത്യപോലും ചെയ്തുവെന്നു യാതൊരു സങ്കോചവും കൂടാതെ പറയുന്നതിൽ നിങ്ങൾ എന്നെ തെററിദ്ധരിക്കരുതു്. നാരിയുടെ കോമളഹൃദയത്തിൽ വേരൂന്നി വളൎന്നു തഴച്ചു തുടങ്ങിയ പ്രേമമാണ് എന്നെ എല്ലാ കൃത്യങ്ങളിലും പ്രേരിപ്പിച്ചതു്. ബീഭത്സമായ ഗന്ധകക്കുഴികളിൽ ഇറക്കി എന്നെ കൊല്ലാതെ കൊല്ലുവാനാണു സൈബീരിയായിലേക്കു കൊണ്ടുപോകുന്നതു്. അവിടെനിന്നും ഞാൻ ഒരു കാലത്തും മടങ്ങുന്നതല്ലെന്നും എനിക്കറിയാം. മടങ്ങുവാനുള്ള ആഗ്രഹവും എനിക്കില്ല. എൻെറ ഈ ഹതജീവിതത്തിലെ സൎവ്വ ആകാംക്ഷകളും അന്തരിച്ചിരിക്കുന്നു. എൻെറ പ്രാണനാഥൻെറ സമാഗമം ലഭിക്കുവാൻ കാലം വൈകിപ്പോകുന്നുവെന്ന ഒരു മനസ്താപമേ എനിക്കിപ്പോൾ ഉള്ളു. എന്തുതന്നെയായാലും അദ്ദേഹം എൻെറ വരവും പ്രതീക്ഷിച്ചു മറുകരയിൽ കാത്തിരിക്കും, നിശ്ചയം തന്നെ. പിന്നെ, ഈ ലോകത്തിലൊ?—ഈ ലോകത്തിലുള്ളവർ എന്നെ ഭ്രാന്തത്തിയെന്നും രാക്ഷസിയെന്നും ആവുന്നേടത്തോളം വിളിച്ചുകൊള്ളട്ടെ. അതിൽ എനിക്ക് ഒട്ടും ദുഃഖമില്ല. സൎവ്വനിയന്താവായ ഈശ്വരൻെറ സന്നിധിയിൽ എന്നെ വിസ്തരിക്കുന്ന അവസരത്തിൽ, ആൽഫിനോടുള്ള എൻെറ ഏകനിഷ്ഠപ്രേമത്തെയോൎത്തെങ്കിലും അദ്ദേഹം എനിക്കു മാപ്പുതരുന്നതാണ്.

"ഹാ! സൎവ്വേശ്വരാ!!"

യുവതിയുടെ ദീൎഘനയനങ്ങളിൽനിന്നു മുക്താമണിസദൃശങ്ങളായ അശ്രുബിന്ദുക്കൾ പൊഴിഞ്ഞു പനിനീർമലർപോലെ അരുണവൎണ്ണമായ കവിൾത്തടത്തിലൂടെ ഒഴുകിത്തുടങ്ങി. പ്രഭാതത്തിൽ മങ്ങിമായുവാൻപോകുന്ന ശശാങ്കനെപ്പോലെ വാടിവിളൎത്തു വിവൎണ്ണമായ അവളു

ടെ വദനത്തെ ഒട്ട് ഉയൎത്തി അവൾ അണഞ്ഞു തുടങ്ങിയ അഗ്നികുണ്ഡത്തിലേക്കു നോക്കി. വൃദ്ധനായ ബോറിസ്സിന്നു യുവതിയെ സമാശ്വസിപ്പിക്കുവാൻ സാധിച്ചില്ല. അദ്ദേഹത്തിൻെറ അക്ഷികളും അശ്രുപൂൎണ്ണങ്ങളായിരുന്നു.

പിന്നേയും പ്രഭാതമായി. അപരാധികൾ അവരുടെ നിൎദ്ദിഷ്ടപന്ഥാവിലൂടെ വീണ്ടും യാത്രയാരംഭിച്ചു. ലോഹശൃംഖലകളാൽ ബന്ധിക്കപ്പെട്ട അവരുടെ പാദങ്ങളിൽനിന്നു ശബ്ദവും പുറപ്പെട്ടുതുടങ്ങി:—

ഝം—ഝം—ഝം.

(ശുഭം)

ഉണിക്കാട്ട് പി. രാമചന്ദ്രമേനോൻ എം. എ.

# എൻെറ പൈങ്കിളിയോട്.

തെല്ലുപറന്നു നീ തേന്മാവിൻകൊമ്പിന്മേൽ
ചെല്ലുക പൈങ്കിളിപ്പെൺകിടാവെ
പേലവപാണികൾ നീട്ടിക്കൊണ്ടാമരം
ലോലമായ് സ്വാഗതമോതിടുന്നു
അന്നു—ഞാൻ കേവലമജ്ഞനായ്മേവിയോ-
രന്നു—നിൻ ദൎശനകൌതുകത്താൽ
ചെയ്യുനിൻബന്ധനം ചൊവ്വൊപാരക്കുകെൻ
പൈതലെ, പാപത്തിൻപാരമ്യം ഞാൻ
ആനന്ദമോഹനമാകിനമാനസ-
സൂനത്തിൽ സൌന്ദൎയ്യം കണ്ടിടാതെ,
ഹാ! വിഹംഗോത്തമെ, ശോഭനമാകും നിൻ
ഭാവിയെപ്പററിയും ചിന്തിക്കാതെ
കാമമെ, നിന്നെ ഞാൻ കൈക്കലാക്കീടിനേൻ
മാമകസംതൃപ്തിപൂരണാൎത്ഥം
ലോകത്തിന്നോമനയാകും നീയെന്നുടെ
കൈകളിലല്ലാ വസിക്കവേണ്ടു
ആദൎശപൂൎണ്ണം നിൻ ജീവിതമെന്നുടെ
മോദത്തിന്നല്ലാ കളഞ്ഞിടേണ്ടൂ.
ഭൂവാകെയാനന്ദദായകമാകാ നിൻ
ക്കൂവലെന്നല്ലായിത്തീരുകയോ ?

ദീനചിത്താശ്വാസദായകപക്ഷത്താൽ
ഹീനനാമെന്നയോ വീശീടുന്നു?
മാലിന്യമാണ്ടമൽകൈക്കൊണ്ടതടവിയ
നീലിമകോലുംനിൻ മേനിയെല്ലാം.
മാനനീയ്യായ് മാന്തളിർച്ചുണ്ടുകൾചുംബന
ദാനത്താൽ പാവനമാക്കിടട്ടെ.
തെല്ലു പറന്നു നീ തേന്മാവിൻകൊമ്പിന്മേൽ
ചെല്ലുക പൈങ്കിളിപ്പെൺകിടാവേ !!

എം. എസ്സ്. കൃഷ്ണൻ നമ്പൂതിരി.

# സത്യം.

[മഹാത്മാഗാന്ധി യറവാദാ ജേലിൽ വെച്ചെഴുതിയ ഉപന്യാസത്തിൻെറ പരിഭാഷ.]

സത്യം എന്ന പദം "സത്" എന്ന ധാതുവിൽനിന്നുത്ഭൂതമാകുന്നു. "സത്താ"യുള്ളതെന്നത്രേ അതിൻെറ താല്പര്യം. മിത്ഥ്യയല്ലാത്തതേതോ അതാണു "സത്ത്." സത്യം ഒന്നൊഴികെയുള്ളതെല്ലാം മിത്ഥ്യയാണെന്നുകൂടി അതിൽ അന്തർഭവിച്ചിട്ടുണ്ടു. "സത്" എന്നതു് ഈശ്വരൻെറ മുഖ്യ സംജ്ഞയാകുവാനുള്ള കാരണം ഇതിൽനിന്നു വെളിവാകുന്നു. സത്യമാണ് ഈശ്വരൻ; ഈശ്വരനാണു സത്യം. എന്നാൽ ഈശ്വരൻ സത്യമാണെന്നു പറയുന്നതിനേക്കാൾ സത്യംതന്നെയാണ് ഈശ്വരനെന്നു പറയുന്നതായിരിക്കും അധികം ശരിയായിരിക്കുക. ഒരു ഭരണാധികാരിയോ നേതാവോ ഇല്ലാതെ സാധാരണന്മാരുടെ ജീവിതനിർവ്വഹണം ദുഷ്കരമാണ്. അതുകൊണ്ടത്രേ രാജാധിരാജൻ, സർവ്വശക്തൻ എന്നീ നാമങ്ങളാൽ ഈശ്വരൻ അധികം പ്രസിദ്ധനായിത്തീർന്നിരിക്കുന്നതു്. ലോകസ്വഭാവമനുസരിച്ച് ഇനിയും അതു് അങ്ങിനെതന്നെയായിരിക്കുകയും ചെയ്യും. കുറേക്കൂടി ഗാഢമായിച്ചിന്തിക്കുമ്പോൾ ഈശ്വരൻ "സത്" അഥവാ സത്യം മാത്രമാണെന്നു ബോദ്ധ്യമാകും. വാസ്തവത്തിൽ അതുതന്നെയാണ് ഈശ്വരന്നു് ഏററവും യുക്തമായ നാമം.

സത്യം ജ്ഞാനമാകുന്നു. സത്യം എങ്ങുണ്ടോ അവിടെ ശുദ്ധമായ ജ്ഞാനവും ഉണ്ടായിരിക്കും. സത്യം ശൂന്യമായുള്ളിടത്തു ജ്ഞാനമില്ല. അതുകൊണ്ടാണു "ചിത്" എന്ന സംജ്ഞ ഈശ്വരനാമമായിത്തീർന്നിരിക്കുന്നതു്. യഥാർത്ഥജ്ഞാനം എങ്ങുണ്ടോ അവിടെ ആനന്ദവും ഉണ്ടു്. ദുഃഖത്തിന്നവിടെ ഒരിക്കലും സ്ഥാനമില്ല. സത്യംപോലെതന്നെ, അതി

ൽനിന്നുണ്ടാവുന്ന ആനന്ദവും ശശ്വത്താകുന്നു. ഇങ്ങിനെ സത്യം ജ്ഞാനം ആനന്ദം എന്നിവയെ ഉൾക്കൊണ്ടിരിക്കുന്ന സച്ചിദാനന്ദസ്വരൂപനായി നാം ഈശ്വരനെ അറിയുന്നു.

സത്യത്തിനോടുള്ള ഭക്തിയാണു നമ്മുടെ ജീവിതത്തിൻെറ അസ്ഥിവാരം. നമ്മുടെ പ്രവൃത്തികൾക്കെല്ലാം കേന്ദ്രം സത്യമായിരിക്കണം അതു നമ്മുടെ വിശ്വാസംതന്നെയായിരിക്കണം. അത്രയുമാകുമ്പോൾ മററുള്ള ആചാരങ്ങളും നടപടികളും നിയമങ്ങളുമെല്ലാം നമ്മിൽനിന്നു താനേ സംജാതമാകും. ആവകയെല്ലാം അനുസരിച്ചുംകൊണ്ടു ജീവിക്കയെന്നതു ജന്മസിദ്ധമായ ശീലമായിത്തീന്നുകൊള്ളും. എന്നാൽ സത്യത്തെയല്ലാതെ മററു യാതൊരു തത്വത്തേയും നിയമത്തേയും ആചരിക്കുവാൻ സാധിക്കയില്ല.

“സത്യാനുഷ്ഠാനം” എന്നു കേൾക്കുമ്പോൾ “നേരുപറയുക” എന്നു മാത്രമേ സാധാരണന്മാർ അർത്ഥം കല്പിക്കാറുള്ളു. പക്ഷേ സത്യാഗ്രഹാശ്രമനിവാസികൾ അതിലും തുലോം വിപുലവും വിസ്തൃതവുമായ അർത്ഥമാണു് അതിനു കല്പിക്കാറുള്ളതു്. നമ്മുടെ വിചാരത്തിലും വാക്കിലും പ്രവൃത്തിയിലും ഒരുപോലെ സത്യമുണ്ടായിരിക്കണം. അപ്പോൾ മാത്രമേ സത്യാനുഷ്ഠാനം പൂർണ്ണമാവുകയുള്ളു. സത്യത്തെ ആവിധം പൂർണ്ണരൂപത്തിൽ അറിഞ്ഞിട്ടുള്ളവനു വേറെയൊന്നും അറിയേണ്ടതില്ല. സകല ജ്ഞാനവും അതിൽ അടങ്ങിയിരിക്കുന്നു. സത്യാതീതമായ ജ്ഞാനമില്ല. തദ്വപരിയായൊന്നുണ്ടെങ്കിൽ അതു സത്യമല്ല. തന്നിമിത്തം അതു ജ്ഞാനവുമല്ല. ഇങ്ങിനെ സനാതനവും അനശ്വരവുമായ സത്യത്തെ എങ്ങിനെ പ്രായോഗികമാക്കേണമെന്നറിഞ്ഞാൽപ്പിന്നെ എന്തൊന്നാണു ചെയ്യുവാനുള്ളതു് എന്താണു കാണേണ്ടതു് ഏതാണു വായിക്കേണ്ടതു് എന്നു് ഉടൻ കണ്ടുപിടിക്കുവാൻ നമുക്കു സാധിക്കും.

എന്നാൽ സർവ്വകാമധുക്കായി കാമധേനുപോലെ ശോഭിക്കുന്ന ഈ സത്യത്തെ എങ്ങിനെയാണു സാക്ഷാൽക്കരിക്കേണ്ടതു്? അഭ്യാസം. വൈരാഗ്യം എന്നിവയാൽ സത്യം സാക്ഷാൽകൃതമാവേണമെന്നു ‘ഭഗവൽഗീത’ ഉപദേശിക്കുന്നു. എന്തെല്ലാം അഭ്യാസം കൊണ്ടായാലും ഒരുവനു സത്യമായിത്തോന്നുന്നതു മറെറാരുവന്നു അസത്യമായിത്തോന്നിയേക്കാം. എന്നാൽ ആ തോന്നൽ സത്യാന്വേഷിയെ വിഷമിപ്പിക്കേണമെന്നില്ല. നിഷ്കളങ്കവും, പ്രണയപൂർണ്ണവുമായ സത്യാന്വേഷണത്തിൻെറ ഫലങ്ങൾ ഒരേവൃക്ഷത്തിന്മേൽ വ്യത്യസ്തരൂപത്തിലുള്ള പത്രങ്ങൾ

പോലെ സർവ്വഥാ സംജാതീയങ്ങളായേ വർത്തിക്കയുള്ളു. ഈശ്വരൻ തന്നെ പലക്കും പലരൂപത്തിലുമാണല്ലോ പ്രത്യക്ഷനായിട്ടുള്ളതു്. എന്നാലും ഈശ്വരൻ ഏകനാണെന്നു നമുക്കറിയാം. സത്യം എന്നുള്ളതു ഈശ്വരന്റെ നാമമാകുന്നു. തന്നിമിത്തം അവനവന്റെ ബുദ്ധിപോലെ സത്യത്തെ ആരായുന്നതിൽ അബദ്ധമൊന്നുമില്ല. എന്നുമാത്രമല്ലാ അങ്ങിനെ ചെയ്യേണ്ടതു ഓരോരുത്തന്റേയും കർത്തവ്യവുമാകുന്നു. ഈ സ്ഥിതിക്കു ഏതാണ്ടൊരുവന്റെ സത്യാന്വേഷണത്തിൽ വല്ല തെററും പററുന്നതായാൽപ്പോലും അതുതാനേ ശരിപ്പെട്ടുകൊള്ളും. എന്തുകൊണ്ടെന്നാൽ സത്യാന്വേഷണത്തിന്നു തപസ്സ്, അഥവാ ആത്മക്ലേശം,—പ്രാണാപായകരമായ ആത്മക്ലേശംപോലും — ആവശ്യമായിരിക്കുന്നു. അതിനാൽ സ്വാർത്ഥബുദ്ധിയുടെ ഛായപോലും അതിൽ ഉണ്ടായിരിക്കുവാൻ പാടില്ല. അബദ്ധത്തിൽ കാൽ വെക്കുന്നവൻ വഴുതി വീണുപോകുന്നു. അങ്ങനെ ആയാലും നേർവഴിയിലേക്കു നയിക്കപ്പെടുകയത്രേ ചെയ്യുന്നതു്. തന്നിമിത്തം സത്യാന്വേഷണം യഥാർത്ഥ ഭക്തിയാകുന്നു; ഈശ്വരാരാധനയാകുന്നു. അതു നമ്മെ ഈശ്വരനിലേക്കു നയിക്കുന്നതാകുന്നു. അതിനാൽ അതിൽ ഭീരുത്വത്തിന്നോ പരാജത്തിന്നോ സ്ഥാനമേതുമില്ല. അതു ശാശ്വത്തായ ജീവിതത്തിലേക്കു മരണത്തെത്തന്നെ പ്രവേശദ്വാരമാക്കുന്ന ദിവ്യശക്തിയാകുന്നു.

ഈ ഘട്ടത്തിൽ നാം ഹരിശ്ചന്ദ്രൻ, ഹസ്സൻ, ഹുസേയിൻ., ക്രിസ്ത്യയസന്യാസിമാർ എന്നിവരുടെയെല്ലാം ജീവിതത്തെ ഗാഢമായി ധ്യാനിക്കേണ്ടതുണ്ടു്. ബാലരും വൃദ്ധരും ആണും പെണ്ണും എല്ലാം—ഉണന്നിരിക്കുമ്പോഴും—ജോലിചെയ്യുമ്പോഴും ഭക്ഷിക്കുമ്പോഴും കുളിക്കുമ്പോഴും എന്നു വേണ്ട സ്വപ്നരഹിതമായി നിദ്രാദേവി സമാശ്ലേഷിക്കുംവരേയും — സത്യത്തിന്നുമാത്രം കടപ്പെട്ടവരായി ജീവിക്കുന്ന പക്ഷം ആ ജിവിതം എത്രമനോഹരമായിരിക്കും. സത്യം എന്ന നിലയിൽ എനിക്കു ഈശ്വരൻ വിലതീരാത്ത നിധിയാണു്. അദ്ദേഹം നമുക്കെല്ലാവക്കും അങ്ങിനെ തന്നെയായിത്തിരട്ടെ.

(യങ്ങ് ഇന്ത്യ)